IVERSITY LIB
15 JUN 1929
MADRAS

ഓം

# അരുണോദയം

പുസ്തകം 2. } 1104 മേടം. { ലക്കം 12

## ഇന്നത്തെ പ്രേമഗീതികൾ.

അമാവാസ്യയുടെ അന്ധകാരശ്ശൂന്യതയിൽനിന്ന് ക്രമേണ വിനിർമുക്തനാകുന്ന ചന്ദ്രന്റെ കാന്തിത്തഴപ്പിനെ അന്നന്ന് ഉയർത്തുന്ന കലകളെ കാലത്തെ കാത്തുകണ്ടു ജനങ്ങൾ ആഹ്ലാദഭരിതരാകുന്നു. എന്നാൽ ലുബ്ധന്റെ ആഴ്ന്ന പണസഞ്ചിയുടെ അടിത്തട്ടിൽ ആണ്ടുപോയ സുവർണ്ണനാണ്യംപോലെ ദുർല്ലഭപ്രാപ്തമായ പൂർണ്ണേന്ദുവിന്റെ ആഗമനസുമുഹൂർത്തത്തെ ഉന്മുഖരായ് പ്രതീക്ഷിക്കുന്നവരുടെ ഉൽക്കണ്ഠാഭരിതമായ ആനന്ദം അവാച്യമാകുന്നു. നമ്മുടെ സാഹിത്യം ഇന്ന് അതിന്റെ ശാരദാപൌർണ്ണമിയുടെ പൂമുഖവാതിലോളം എത്തിച്ചേർന്നിരിക്കുന്നു. മുല്ലപ്പൂപോലെ പൊഴിയുന്ന പൂനിലാവിൽ നീന്തിക്കളിക്കുമ്പോൾ യുവഹൃദയങ്ങൾ മകരന്ദസുന്ദരമായ പ്രേമഗീതികളെ മുരളാലാപനം ചെയ്യാതിരിക്കുന്നതെങ്ങിനെ? അനശ്വരമായ യൌവ്വനദശയിലേക്ക് കാലൂന്നുന്ന നമ്മുടെ സാഹിതീദേവിയുടെ പ്രഥമനർമ്മസല്ലാപങ്ങളുടെ മാറ്റൊലിമാത്രമാണ് ഇന്നത്തെ പ്രേമഗീതികൾ.

ഇന്നത്തെ മലയാളസാഹിത്യം പലതുകൊണ്ടും ഒരു സുശോഭനമായ ഭാവിയിലേക്കുള്ള പരിവർത്തനദശയിലാണ് ഈ ദശയുടെ ഗണ്യമായ ഒരു ലക്ഷണം മാത്രമാണ് പ്രേമഗീതിപ്രസ്ഥാനം. എന്നാൽ ഈ പ്രസ്ഥാനം നമ്മുടെ പൂർവ്വികർക്കു പുത്തരിയെന്നോ അജ്ഞാതമെന്നോ ഞാൻ വിവക്ഷിക്കുന്നില്ല.

പ്രേമഗീതികളെന്ന് തരംതിരിക്കപ്പെടാവുന്ന അനവധി പദ്യശകലങ്ങൾ തഴച്ചുയരുന്ന പച്ചിലകളുടെ ഇടയിൽ ഒളിഞ്ഞുകിടക്കുന്ന മൊട്ടുകൾപോലെ കിടപ്പുണ്ടായിരിക്കാം. കൃഷ്ണഗാഥയിലെ ഗോപികാഗീതികൾ ഇവിടെ പ്രത്യേകം സ്മരണീയങ്ങളാണ്, ചെറുശ്ശേരിയുടെ

അനന്തരകാലീനന്മാരായ കവികൾ ആ കവിതാപ്രസ്ഥാനത്തെ പോഷിപ്പിക്കുന്നതിൽ ഉത്സുകരായിരുന്നതായ് കാണുന്നില്ല. ആയതിനാൽ ആ മധുരങ്ങളായ പ്രേമഗീതികളെ തുടൻ പരിഷ്കൃതമായ ഒരു പദ്യശാഖയുണ്ടാകുവാനിടയായില്ല. ഈ അടുത്ത കാലത്തിൽ ഒരു നവീനവൈദ്യുതശക്തി മലയാളസാഹിത്യസിരകളിൽ സംക്രമിച്ചതോടുകൂടി ഈ ശാഖയ്ക്കും പുനരുദ്ധാരണമുണ്ടായിട്ടുണ്ട്. പരിഷ്കൃതങ്ങളായ ഇംഗ്ലീഷ്, ബംഗാളി മുതലായ സാഹിത്യങ്ങളോടുള്ള സമ്പർക്കമാണ് ഈ നവീനശക്തിക്ക് ആധാരം.

കുമാരനാശാൻെറ പ്രേമാഞ്ജലിയായ് 'വീണ പൂവും' പ്രണയാർദ്രയായ "നളിനി"യുടെ അവതാരവും ഈ പ്രസ്ഥാനത്തിൻെറ ഒരു സുശോഭനമായ പുലർവേളയാണ്. അല്പകാലത്തിന്നിടയിൽ അനല്പമായ വേഷപ്പകർച്ചയും, വിശിഷ്ടമായ ആകാരസൌഷ്ഠവവും സുന്ദരമായ സ്വരമാധുര്യവും ഈ പ്രസ്ഥാനത്തിന്ന് സിദ്ധിച്ചിരിക്കുന്നു. ഈ ഉയർച്ചക്കും വളർച്ചക്കും രവീന്ദ്രകവികിരണങ്ങളാൽ പ്രഫുല്ലമായ് ഉല്ക്കർഷോന്മുഖമായ് വിളങ്ങുന്ന വംഗസാഹിത്യത്തിന്ന് വിശിഷ്യ ഒരു സ്ഥാനമുണ്ട്. സഹ്യാചലത്തെക്കടന്ന് മലയാളത്തിലേ മനോഹരമൈതാനങ്ങളിൽ വീശുന്ന ഈ കുളുർമാരുതൻ യാഥാസ്ഥിതികന്മാരിലും പുളകാങ്കുരമുളവാക്കി തുടങ്ങിയ സ്ഥിതിയ്ക്ക് ഈ പരിഷ്കൃതപ്രസ്ഥാനത്തെപ്പററി കുറച്ചൊന്ന് ചിന്തിക്കുന്നതിൽ അസാംഗത്യമുണ്ടാകുവാനിടയില്ല.

"സ്നേഹമാണഖിലസാരമൂഴിയി"ലെന്ന് ലോകമർമ്മജ്ഞരായ കവികൾ കീർത്തിക്കുന്നു. മഹൽപുരുഷൻെറ മഹാവതാരങ്ങളിലോരോന്നും ജനനംമുതൽ ഉൽക്കർഷോന്മുഖമായ് പുരോഗമിക്കുന്ന ജീവിയുടെ വിവിധഘട്ടങ്ങളിലന്തർഭവിച്ചിരിക്കുന്ന നിഗ്രൂഢതത്വങ്ങൾക്ക് ക്രമപ്രവൃദ്ധങ്ങളായ പരിപൂർണ്ണാദർശങ്ങളായ് പരിലസിക്കുന്നതുപോലെ, സ്നേഹം വാത്സല്യമായ ആദ്യാവതാരത്തിൽനിന്ന് ക്രമേണ പ്രൌഢങ്ങളായ ഓരോ ദശകളേ തരണംചെയ്തു നവനീതകോമളവും മധുമധുരവുമായ പ്രണയമായും, വ്യാപ്തമായ്, വിശ്വപ്രേമത്തിലെക്കും എത്തിച്ചേരുന്നു.

സ്നേഹത്തിൻെറ ഈ സരസമായ പരിണാമമായ പ്രണയത്തിൽ നിന്നുതന്നേയാണ് വീണ്ടും സ്നേഹാങ്കുരങ്ങൾ തട്ടിത്തഴയ്ക്കുന്നതും. ഈ സംസാരത്തിൽ ഏററവും സാരമായതു് സ്നേഹമാകയാൽ നിരവധി കാലങ്ങളായ് മനുഷ്യലോകം ഇതിൻെറ വിവിധവിചേഷ്ടിതങ്ങളെ കീർത്തിച്ചുവരുന്നു. പ്രണയം സൌന്ദര്യകുസുമത്തിലുൾത്തിങ്ങുന്ന തൂമധുവല്ലേ? അതുകൊണ്ടുതന്നെയാണ് പ്രേമാന്വേഷിയായ ഹൃദയം സൌന്ദര്യകുസുമങ്ങളെ സമാവലയം ചെയ്തു മധുരഗാനങ്ങളെ ആലാപനം ചെയ്യുന്നതു്. മനോഹാരികളായ ഈ പ്രേമഗീതികളിലെ നിർമ്മലവചസ്സരസ്സുകളിൽ വിശിഷ്യ, അനുരാഗത്തിൻെറ വിചിത്രവിഭാവനകൾ നിഴലിച്ചു കാണു

പ്പെടുന്നു. ഈദൃശഗാനങ്ങളിൽ സ്ഥായീരസം ശൃംഗാരം ഈ ഭാവം നാനാമുഖമാണ്. സ്ഥലകാലഭേദങ്ങൾ, ഇഷ്ടസിദ്ധിപ്രാപ്ത്യാപ്രാപ്തി എന്നിവകളെ അവലംബിച്ചു നാനാഭാവങ്ങളെ കയ്ക്കൊള്ളുന്നു. അനുരാഗം കാമോന്മാദതരളിതമായ്ക്കത്തിക്കാളുമ്പോൾ സംഭോഗശൃംഗാരമാകുന്നു. ശൃംഗാരത്തിന്റെ ഈ കരിതേച്ച തീവ്രതയുടെ നഗ്നതയെ പച്ചയായ് പാടുന്നവരോടു വൈരസ്യം പ്രകടിപ്പിച്ചാൽ പരിശുദ്ധശൃംഗാരത്തോടുള്ള പ്രതിപത്തിയല്ലെ പ്രത്യക്ഷമാകുന്നതു്. നഗ്നത്വം പ്രകൃതിദത്തമാണെന്നുള്ള വാദമുഖത്തോടു വരുന്നവരോടു—അതു പരമാൎത്ഥമെങ്കിലും—മനുഷ്യർ നാലുപേർ കാണ്കെ നഗ്നതയെ ഭൂഷണമാക്കി നടിച്ചു നടക്കാതിരിക്കുന്നേടത്തോളംകാലം കവിതകളിലെന്നല്ല പൂരപ്പാട്ടുകളിൽപ്പോലും ഈ ബീഭത്സതയെ മറച്ചുവയ്ക്കുന്നതു് അവരുടെ രസികത്വത്തിനോ സത്യബോധത്തിനോ ഒട്ടും പോരായ്മയില്ലെന്നു അറിയിച്ചുകൊള്ളട്ടെ.

അനുരക്തരായ സ്ത്രീപുരുഷന്മാൎക്കുള്ള പരസ്പരമായ പ്രണയമസൃണങ്ങളായ മൃദുമധുരവികാരപരമ്പരകൾ ലോകഹൃദന്തരതത്വജ്ഞനായ കവിയുടെ സ്ഫടികതുല്യമായ ഭാവനാശക്തിയിൽ തട്ടി വിവിധവൎണ്ണോജ്ജ്വലമാകുന്നു. സന്ദൎഭാനുഗുണങ്ങളും കിസലയകോമളങ്ങളുമായ പദങ്ങളുടെ സംയോഗത്തിൽ ഈ വൎണ്ണസംകലനമുണ്ടാകുന്നു. രാത്രിയിൽ ലബ്ധമാകാവുന്ന ശ്രീകൃഷ്ണസമാഗമത്തെച്ചിന്തിച്ചു് ചിന്തിച്ചു് പ്രേമലുളിതയായ്, അക്ഷമയായ്ത്തീൎന്ന രാധയുടെ ഈ വാക്കുകൾ ദേവിയുടെ തൽക്കാലമനോവൃത്തിയുടെ എന്നുമാത്രമല്ല, വൎണ്ണ്യവസ്തു(കൊച്ചുന്തിത്തെന്നൽ)വിന്റെ മനോഹരതയേയും എത്ര ഭംഗിയായ് ചിത്രീകരിക്കുന്നു.

പച്ചക്കാടിന്നുപുളകംമുളപ്പിക്കും
കൊച്ചുന്തിത്തെന്നലിന്നെന്തമാന്തം?

* * *

പോകപകലേ, കടലിൻകരയ്ക്കോടി-
പ്പോകനിൻസന്ധ്യയെക്കാണേണ്ടയോ?
പൊൻകുളിർപ്പൂങ്കവിൾ ചുംബിച്ചുചുംബിച്ചു
കുങ്കുമംപോലാക്കിത്തീൎക്കേണ്ടയോ?

(സാഹിത്യകൌതുകം)

ശ്രീകൃഷ്ണസാമീപ്യത്തിൽ ഉന്മാദിതയായ രാധപോലും സ്ത്രീസഹജമായ ലജ്ജായവനികയിൽ മറഞ്ഞതുകണ്ടു് ശൃംഗാരസ്ഫുരണദ്യോതകങ്ങളായ വാക്കുകളാൽ രാധാകാന്തൻ ആ മൂടലിനെ മാററുന്നതു് ഹൃദയാവൎജ്ജകമെങ്കിൽ, സന്ദൎഭാനുഗുണങ്ങളായ പദഘടനാപടുത്വത്തിനുത്തമോദാഹരണവുമാണ്.

"ആകമ്രനക്ഷത്രഹാരം ഞെരിയുമാ-
റാകാശമാനന്ദോദ്രേകമത്തം
ലോലവനനദീമാലതടവുന്ന
ശൈലസ്തനങ്ങളെഗ്ഗാഢഗാഢം
പുൽകവേമേവുന്നിതുദ്യദപത്രപാ-
മൂകയാമൂഴിമുദിതയായി
ഭീരുവാംവന്യമലരിന്റെമമ്മര-
ചാരുദലാധരംവേപമാനം
മെല്ലെന്നകന്നകന്നു ബാലാനില-
നുല്ലസിക്കുന്നുസീൽക്കാരത്തോടെ"

* * *

തിങ്ങിവളർന്നവനത്തോടനവാദ-
മെങ്ങിനെയെങ്കിലുംനേടുവാനായ്
സായന്തനാർക്കകരങ്ങൾതിരക്കുവ-
തായവചുംബിപ്പാനായിരിക്കാം! (സാഹിത്യകൌതുകം)

എന്നീ വരികളിൽ വിളങ്ങുന്ന ചിത്രസ്ഫുരണം ഉചിതപദങ്ങളിൽ നിന്നൂറന്നൊഴുകുന്ന വർണ്ണങ്ങളുടെ സങ്കലനംകൊണ്ടു മനോഹരമല്ലേ? എന്നാൽ വർണ്ണങ്ങൾ കഠിനങ്ങളാകുമ്പോൾ കണ്ണു് മഞ്ഞളിക്കുന്നതിനാൽ കവികൾ ഈ ചായപ്പണിയിൽ തെല്ലൊന്നു ശ്രദ്ധവെയ്ക്കേണ്ടതാണ്.

മൃദുലവികാരതരംഗിണികളായിരുന്നാലെ പ്രേമഗീതികളേ വേണ്ടുവോളം ആസ്വദിക്കുവാൻ സാധിക്കൂ. ആസ്വദിക്കുന്തോറും ഹൃദ്യതയെ വളർത്തുന്ന ഗീതികൾ പ്രണയത്തിന്റെ ശാശ്വത നിശ്വാസങ്ങളായ് വിളങ്ങുന്നു.

മന്ദമാരുതാലോലചൂർണ്ണകുന്തളമാമീ-
സ്സുന്ദരാനനമേവംകുനിച്ചുനിൽക്കായ്കനീ
വഞ്ചിയാതെൻജീവിതംവിണ്ണിലേതാക്കാനുള്ള
പുഞ്ചിരിയമൃതിതുപുല്ലിന്മേൽപ്പൊഴിഞ്ഞാലോ!

സാഹിത്യമഞ്ജരി (ക്ഷമാപണം)

കുളത്തിൽ വീണകല്ല് അനവധി ജലതരംഗങ്ങളേ ഉണ്ടാക്കി അതിന്റെ തീരങ്ങളോളം വ്യാപിക്കുന്നതുപോലെ ഈ ഗീതം വായിക്കുമ്പോൾ ഹൃദയം എത്ര എത്ര മൃദുമധുരശൃംഗാരവികാരങ്ങളാൽ ലോലമാകുന്നു! സ്ഥായിയായ ശൃംഗാരത്തോട്ട് നഷ്ടമായ പ്രണയത്തിനെപ്പററിയുള്ള കരുണമസൃണമായ ചില വികാരങ്ങൾ അനുസ്യൂതമാകുമ്പോൾ ഹൃദയദ്രവീകരണഗുണംകൊണ്ട്, ഏതോ ദിവ്യരസായനപാനംമൂലമുണ്ടായ മന്ദമായ ദീർഘസുഖസ്വപ്നത്തിൽ എന്നപോലെ ഹൃദയം ല

യിക്കുന്നു. കരുണമധുരമായ ഗാനം ഹൃദയത്തിൽ, ഏതോ വിദൂരസ്ഥമായ സുവർണ്ണമണികളുടെ മാറെറാലിപോലെ മൃദുമൃദുനാദവീചികളെ ഉളവാക്കുന്നു.

പ്രേമഗീതികൾ ഹൃദയാവർജ്ജകമാകേണമെങ്കിൽ പ്രതിപാദനരീതിയിൽ പ്രത്യേകം ശ്രദ്ധവയ്ക്കണം. ഈ ഗാനങ്ങളിൽ ചിലതു് സ്മരണങ്ങളും അതായതു് കഴിഞ്ഞുപോയ രാഗലുളിതമായ സുവർണ്ണകാലത്തെ ചിന്തിച്ചു ചിന്തിച്ചു സന്തപ്തമോ, ഉല്ലസിതമോ ആയ ഹൃദയത്തിന്റെ വികാരങ്ങളെ ചിത്രീകരിക്കുന്നവയും, മററു ചിലവ അഭിമുഖവാചികളും:—അതായതു് നായികാനായകന്മാർ പരസ്പരവികാരങ്ങളെ അന്യോന്യം പറഞ്ഞറിയിക്കുന്നവയും, ചിലതു ഈ രണ്ടു മാർഗ്ഗങ്ങളും ഇടകലർന്നവയും, ആയിട്ടു കാണപ്പെടുന്നു. ഈ മൂന്നുമാർഗ്ഗങ്ങളിലേതിനെ അവലംബിച്ചാലും ഹൃദയസ്പന്ദികളാകണമെങ്കിൽ കഥനാത്മകരീതിയിൽ പ്രകാശിതമാകണം. ഈ രീതിയ്ക്കു ഒരു പ്രത്യേകശക്തിയും ചൈതന്യവുമുണ്ടു്.

പ്രേയസീപ്രിയന്മാരുടെ പ്രേമതുന്ദിലങ്ങളായ വികാരങ്ങൾ ഉള്ളിൽതട്ടിപ്പുറപ്പെടുന്ന അവരുടെ വാക്കുകളാൽതന്നെ അറിയുമ്പോൾ അതിനൊരു ആസ്വാദ്യത വേറെതന്നെയാണു്. മൂന്നാമനായ ഒരു സ്വനഗ്രാഹിയിൽ കൂടി പുറപ്പെടുമ്പോൾ കാര്യമാകപ്പാടെ ശരിയാകുമെങ്കിലും അല്പം സ്വരവ്യത്യാസമുണ്ടാകുവാനിടയുണ്ടു്. കഥനാത്മകമായാൽ അവരുടെ ശബ്ദമാധുര്യത്തെ അനുഭവിക്കുവാനും, പ്രത്യക്ഷതയെ വീക്ഷിക്കുവാനും സാധിക്കുന്നു.

വാസന്തിപ്പൂമണമെങ്ങും പരക്കുമീ—
വാസന്തരാവു കഴിയുംമുമ്പേ
ഓമനേ, മന്ദാക്ഷമേഘനിർമുക്തനായ്
പ്രേമപ്പൂന്തിങ്കൾ തെളിഞ്ഞിടട്ടേ!
ബാലേ! നീ ഹേമാംബുജത്തെ മറയ്ക്കുന്നാ—
നീലശൈവലത്തെയൊന്നു മാററൂ.
പ്രേമരസം തുളുമ്പീടും കുവലയ
ത്തൂമലർമാലകളെന്നിൽച്ചേർക്കൂ." (മുക്താവലി)

"നിഖിലസൌഭാഗ്യനിധാനമാം പ്രിയാ—
മുഖചന്ദ്രനുള്ളിൽ പ്രതിഫലിക്കുമ്പോൾ
ജവേന കോൾമയിരണിമെയ്യാകാത്ത
യുവാവൊരാളുണ്ടോ ധരയിലെങ്ങാനും" (അപക്വഫലം)

ഈ മാതിരി ഘട്ടങ്ങളെ കവി എത്രതന്നെ തന്മയത്വത്തോടു വിവരിച്ചാലും ഇത്ര രസസ്ഫുരണവും പാരമാർത്ഥികബോധവും വായനക്കാർക്കു

ഉളവാകുന്നതല്ല. ഈ രീതിയിൽ വിജയം നേടുവാൻ ഔചിത്യബുദ്ധി അത്യന്താപേക്ഷിതമാണ്. സ്വനഗ്രാഹിയിൽനിന്നു പുറപ്പെടുന്ന സംഗീതത്തെ കേൾക്കുന്നവർ സ്വരമാധുര്യത്തെ മാത്രമേ ഗണിക്കുന്നുള്ളു. ഗായകൻ അഭിമുഖനാകുമ്പോൾ കേവലം സംഗീതധ്വനി മാത്രമല്ല നമ്മുടെ ഗണനയ്ക്കു വിഷയമാകുന്നത്. ആയാളുടെ രൂപം, വേഷാലങ്കാരങ്ങൾ പാടുമ്പോൾ പ്രത്യക്ഷമാകുന്ന ഭാവരസങ്ങൾ ഇത്യാദികൾ നമ്മുടെ ദൃഷ്ടിയ്ക്കും ധാരണയ്ക്കും ഗോചരമാവുകയും അവയിലുള്ള സരളതയോ വികലതയോ ആയാളെപ്പററിയുള്ള നമ്മുടെ അഭിപ്രായത്തെ കൂട്ടുവാനോ കുറയ്ക്കുവാനോ ഇടയാക്കുകയും ചെയ്യുന്നു. ഇതുപോലെ നായികാനായകന്മാർ കവിസങ്കല്പിതമായ മറയിൽനിന്നു മാറി മുന്നിലെത്തുമ്പോൾ ഇതരന്മാരുടെ സൂക്ഷ്മമായ ചർച്ചയ്ക്കു പാത്രമാകാവുന്നതുകൊണ്ടാണു ഈ മാർഗ്ഗം കുറച്ചു ദുസ്സാധ്യമായത്.

മേൽപറയപ്പെട്ടവ, പ്രേമഗീതികൾക്ക് പൊതുവേയുള്ള ചില ലക്ഷണങ്ങൾ മാത്രമാണ്. ഈ ഗീതികളെ പ്രതിപാദിതമായ വിഷയഗൌരവമനുസരിച്ച്, അഥവാ പ്രേമത്തിന്റെ വിവിധദശകളനുസരിച്ചു നാലു പ്രധാനവർഗ്ഗങ്ങളായി വേർതിരിക്കാം.

## ബാലഗീതി

1. മാതാപിതാക്കന്മാർക്കു കുട്ടികളോടും കുട്ടികൾക്കു അച്ഛനമ്മമാരോടുമുള്ള നിഷ്കളങ്കമായ വാത്സല്യത്തെയോ അവരുടെ കേവലമധുരമായ മനോവൃത്തിയേയോ വെളിവാക്കുന്ന കവിതകൾ, ഈ കവനങ്ങൾ പൈതങ്ങളുടെ അഞ്ചിതകോമളമായ പാൽക്കൊഞ്ചൽപോലെ, വായിക്കുന്നവർക്കും കേൾക്കുന്നവർക്കും കാതിനും കരളിനുമൊരുപോലെ, കുളുർമയേ നൽകുന്നു. ഈ പദ്യശാഖ മിക്ക പരിഷ്കൃതസാഹിത്യങ്ങളിൽപോലും ശൈശവാവസ്ഥയിലേ എത്തിയിട്ടുള്ളു. ബാലമനോവൃത്തിയെ നല്ലവണ്ണമറിഞ്ഞു വേണ്ടപോലെ പ്രകാശിപ്പിക്കുവാനുള്ള വൈഷമ്യമായിരിക്കാം ഇതിനു ഹേതു.

ടാഗ്ഗൂറിന്റെ 'ക്രെസന്റ്മൂൺ' ഈ ശാഖയ്ക്കു സർവ്വോപരി ഉത്തമോദാഹരണമാണ്. നമ്മുടെ സാഹിത്യത്തിൽ ഇരയിമ്മൻതമ്പിയുടെ "ഓമനത്തിങ്കൾക്കിടാവോ" എന്ന താരാട്ട് ഈ രീതിയിലുള്ള സർവ്വാംശസുന്ദരമായ ഒരു ഗാനമാണ്. നവീനകാലത്തിൽ വള്ളത്തോളിന്റെ "ഒരുറക്കുപാട്ട്" "കളിക്കൊഞ്ചൽ" എന്നിവയും, നാലപ്പാടന്റെ "ഇന്നത്തെ അമ്മ" കുറിപ്പുറത്തിന്റെ "തങ്കത്തിന്റെ അമ്മ" കുമാരനാശാന്റെ "പരുക്കേററ കുട്ടി" എന്നിവകൾ പ്രസ്താവയോഗ്യങ്ങളാണ്. ഇവയിൽ ആദ്യത്തെ മൂന്നും "ചുരുളിപ്പൊഴുതവിടത്തവാഴച്ചെറുകൂമ്പിൽപടികോമളവും" വാത്സല്യസുരഭിലവുമാണ്. അഗാധമായ മാതൃവാത്സല്യത്തിന്റെ അടിത്തട്ടോളം നിരീക്ഷണപടുക്കളായ ഈ

കവികളുടെ വീക്ഷണങ്ങൾ എത്തിച്ചേൎന്നിട്ടുണ്ടു്. മൃദുലസുന്ദരമായ ബാലമനോവൃത്തിയോ ഈ കവികൾക്കു് കരതലാമലകം.

## രാഗഗീതി.

2. യൌവ്വനദശയിലെത്തിച്ചേരുമ്പോൾ സ്ത്രീപുരുഷന്മാൎക്കുണ്ടാകുന്ന പരസ്പരാനുരാഗം, അതിൽനിന്നുണ്ടാകുന്ന അവസ്ഥാഭേദങ്ങൾ എന്നിവയെ ചിത്രീകരിക്കുന്ന ഗീതികൾ മുതലായവയാണു് എല്ലാവരും പ്രേമഗീതികളെന്നു പറയുമ്പോൾ ചിന്തിക്കുന്നതു്. ഈ കവനങ്ങളാണു് പ്രേമഗീതീശാഖയിലേതുസാഹിത്യത്തിലും ധാരാളമായി കണ്ടുവരുന്നതു്. ഇവയ്ക്കുന്നതവും ഗരിഷ്ഠസുഭഗോജ്ജ്വലവുമായ ഒരു സ്ഥാനം കല്പിക്കപ്പെട്ടിരിക്കുന്നു. നശ്വരമായ ജീവിതത്തിൽ ശിഥിലങ്ങളായ സ്ത്രീപുരുഷഭാവങ്ങളെ കുസുമമൃദുലമായബന്ധനത്താൽ ഏകീകരിച്ചു് പ്രേമത്തിന്റെ അനശ്വരതയിലേയ്ക്കു നയിക്കുന്ന അനുരാഗത്തിന്റെ കീൎത്തനങ്ങളാകുന്നു ഈ ഗാനങ്ങൾ. ഈ ഗാനങ്ങളുടെ സ്ഥായിരസമായ ശൃംഗാരത്തെപ്പററി അല്പം മുൻപ്രസ്താവിച്ചിട്ടുള്ളതിനാലും ഇവയുടെ പ്രാധാന്യവും പ്രാഥമ്യവും സാമാന്യജനസമ്മതമായതിനാലും ഇവിടെ വിസ്തരിക്കുന്നില്ല. ഈ കവനശാഖയിൽ ടാഗ്ഗൂറിന്റെ 'ഗാർഡനർ' മുന്നണിയിൽ നില്ക്കുന്നു. ഇതിനോടു കിടപിടിക്കത്തക്ക ഒരു കാവ്യഗ്രന്ഥം നമ്മുടെ ഭാഷയിൽ ഉണ്ടായിട്ടില്ലെങ്കിലും അങ്ങുമിങ്ങും ചിന്നിക്കിടക്കുന്ന ചില പദ്യശകലങ്ങൾ നമുക്കു് അത്യന്തമഭിമാനജനകങ്ങളാണു്.

"ക്ഷമാപണം" "രാധയുടെ കൃതാൎത്ഥത" "രാഗലഹരി" 'നളിനി' എന്നിവകൾ ഗണനീയങ്ങളെങ്കിൽ മി. ഉണ്ണികൃഷ്ണൻനായരുടെ വനകുസുമത്തിലും, മി. പണിക്കരുടെ കവിതകളിലും ഈവക നല്ല ഗാനങ്ങൾ ധാരാളമായിക്കാണാം. ഈ പ്രസ്ഥാനത്തിലെഴുതുമ്പോൾ, ക്ഷിപ്രരസസ്ഫുരണത്തിനോ, തന്മയത്വവൎദ്ധനയ്ക്കോ, ഭാവനോത്തേജനത്തിനോ ആയിരിക്കാം, കവികൾ സമ്പൂൎണ്ണസ്ത്രീപുരുഷമാതൃകകളായ രാധാകൃഷ്ണന്മാരെ നായികാനായകന്മാരാക്കുന്നതു്. അതുകൊണ്ടുതന്നെയാണു് വിപുലമായ ഹിന്ദുസാഹിത്യത്തിലെ അസംഖ്യങ്ങളായ പ്രേമഗീതികളിൽ ഭൂരിപക്ഷപ്രതിപാദനവിഷയം, ഈ ശാശ്വതദമ്പതിമാരുടെ അനശ്വരപ്രേമവിലാസങ്ങളായതു്.

## പ്രകൃതിഗീതി.

3. കുമാരനാശാന്റെ 'വീണപൂവു്' കുറുപ്പിന്റെ 'പുഷ്പഗീത' 'നദീഗീതി' ഉണ്ണികൃഷ്ണൻനായരുടെ 'വനകുസുമം' എന്നിവകൾ പ്രതിപാദനരീതിയിൽ സൎവ്വഥാ ദീക്ഷിച്ചുകാണുന്ന വൈചിത്ര്യംകൊണ്ടു് മൂന്നാമതായ ഒരു വിഭാഗമായി കരുതാം. ദൈവത്തിന്റെ വിചിത്രസൃഷ്ടിവിരുതായി വിളങ്ങുന്ന പ്രകൃതിയിലെ സമ്പൂൎണ്ണമാതൃകകളായ പുഷ്പ

ങ്ങൾ, നക്ഷത്രങ്ങൾ എന്നിവയിൽ ഉത്തമമാനുഷികവും പരിശുദ്ധദൈവികവുമായ ഭാവങ്ങളെ കവിയുടെ നൈസൎഗ്ഗികമായ സങ്കല്പശക്തി കണ്ടെത്തി സചേതനങ്ങളാക്കുന്നു. ഇതിൽനിന്നുണ്ടാകുന്ന ആദൎശപരിപൂൎണ്ണതയും സൌന്ദൎയ്യസമുൽകൃഷ്ടതയും, ഇവയിൽ പ്രായേണ അന്തൎല്ലീനമായിരിക്കുന്ന വ്യംഗ്യധ്വനികൊണ്ടു് രസാത്മകത്വത്തെ അത്യന്തം ഉത്തേജിപ്പിക്കുന്നു.

## പ്രേമഗീതി.

4. സ്നേഹം അതിന്റെ പരിണാമദശയിൽ അത്യുൽകൃഷ്ടമായ്, വിശ്വവ്യാപ്തമാകുന്നു. വിദൂരസ്ഥലങ്ങളായ മലഞ്ചെരിവുകളിൽനിന്നു് തടവുകൂടാതെ പായുന്ന ജലപ്രവാഹങ്ങൾ വെവ്വേറെയായിട്ടോ, ഒന്നിച്ചുചേൎന്ന നദികളായോ ത്വരിതഗമനംചെയ്യുന്നതു് സാഗരത്തിലെ വിസ്തീൎണ്ണതയിൽ ലയിക്കുവാനാകുന്നു. അതുപോലെ വിവിധനാമരൂപങ്ങളോടുകൂടിയെങ്കിലും, വസ്തുഭേദമില്ലാതെ സ്നേഹം അതിന്റെ പരിപൂൎണ്ണാവസ്ഥയായ വിശ്വപ്രേമത്തിലേയ്ക്കു പ്രയാണംചെയ്യുന്നു. നാലാമത്തെ ഈ പദ്യസരണിയിൽ വിശ്വപ്രേമം നിഴലിച്ചു് നീളെ ചെങ്കുങ്കുമം ചിതറുന്നു. വിശ്വപ്രേമത്തെ ഒരു മഹാശക്തിയായും, അഥവാ മാനുഷികമോ, ദൈവികമോ ആയ ഗുണങ്ങളോടുകൂടിയ (ഈശ്വരൻ) നാഥനായും, അദ്ദേഹത്തിന്റെ പ്രേമശാന്തിയിൽ ലയിക്കുവാൻ അനവരതപരിശ്രമങ്ങൾ ചെയ്തുവരുന്ന ആത്മാവിനെ ഭൎത്തൃസംയോഗദൃഢവ്രതയായ നായികയായും സങ്കല്പിച്ചു്—ഇവരുടെ സംയോഗമാകുന്ന നിത്യകല്യാണദാമ്പത്യത്തെ കാംക്ഷിക്കുന്ന ഹൃദയത്തിൽനിന്നൂറി പുറപ്പെടുന്ന ശാന്തിപ്രവാഹതരംഗിണികളാണു് ഈ ഗാനതല്ലജങ്ങൾ. ഈ പ്രസ്ഥാനത്തിൽ കവിതകളെഴുതി ഫലിപ്പിക്കുവാൻ അത്യുൽകൃഷ്ടമായ സൌന്ദൎയ്യഗ്രഹണവും, പരമമായ സത്യബോധവും അത്യന്താപേക്ഷിതങ്ങളാണു്. ഈ ഗുണഗ്രഹണമില്ലാത്ത സാധാരണ കവികളുടെ ഈ രീതിയിലുള്ള അനുകരണം കേവലം വികൃതമായ വെച്ചുകെട്ടുകളാവാനേ തരമുള്ളൂ. ഈ പ്രസ്ഥാനത്തിൽ പ്രശസ്തങ്ങളായ ഗാനങ്ങളെഴുതി വിജയികളായവരിൽ കബീറും, ടാഗ്രറും പ്രഥമഗണനീയരാണു്. മഹാകവികളിൽ ഉത്തമകവിതാഗുണങ്ങൾ തേനിൽ മാധുൎയ്യമെന്നപോലെ സ്വയംപ്രതിഷ്ഠാപിതമാകുന്നു. അതുകൊണ്ടാണു് ഇവിടെ അനുകരണത്തിന്റെ ഫലം വൈകൃത്യമാകുന്നതു്. ടാഗ്രർ അനുകരണം നമ്മുടെ സാഹിത്യത്തിലൊരു പകൎച്ചവ്യാധിപോലെ പരന്നിട്ടുണ്ടെങ്കിലും 'ഗീതാഞ്ജലി'യിലെ മാതൃകകളെ അനുകരിച്ചു വിജയികളായവരാരുമില്ല. നാലപ്പാടന്റെ 'പ്രേമമേ വെൽവൂതാക' 'പ്രാണന്നും പ്രാണൻ' മി. ഉണ്ണികൃഷ്ണൻനായരുടെ 'എന്റെ ദേവിയോടു്' എന്നീ ഗാനങ്ങൾ ദുൎഗ്ഗമമായ ഈ മാൎഗ്ഗത്തിലെ രണ്ടുമൂന്നു മയിൽക്കുറ്റികൾ മാത്രമാണു്.

അങ്ങുമിങ്ങുമെതാണ്ട് ചെറുകുണ്ടുകളിൽ കെട്ടിനിന്ന കവിതാസരിത്തിനെ നീണ്ട ചാലുകൾവഴി നയിച്ച് നിസർഗ്ഗവുമനർഗ്ഗളവുമാക്കിയതിലാണ് ദേശാഭിമാനിയായ വള്ളത്തോൾ ചെയ്ത ഭാഷാപോഷണ പരിശ്രമങ്ങളുടെ ഒരു വിജയരഹസ്യം ഒളിഞ്ഞുകിടക്കുന്നത്. ഇപ്പോൾ ദ്രാവിഡവൃത്തങ്ങൾക്ക് ഒരു പുതിയ ഓജസ്സും ആദരവും കണ്ടുവരുന്നു. പ്രേമഗീതികൾ പ്രായേണ ദ്രാവിഡവൃത്തങ്ങളിൽത്തന്നെയാണ് ഈയ്യിടെ കണ്ടുവരാറുള്ളത്. ഈ വൃത്തരീതിതന്നെ ഗീതികൾക്ക് ഒരു സംഗീതമാധുര്യത്തെ പ്രദാനംചെയ്യുന്നു. തജ്ജന്യമായ രസം ആസ്വാദ്യതയെ വളരെ ഹൃദ്യമാക്കുന്നു.

ഈ ഉപന്യാസം ഒരു വിഹഗവീക്ഷണം മാത്രമാണെങ്കിലും പ്രേമഗീതികൾ നമ്മുടെ ഭാഷയിൽ വേണ്ടുവോളം ഉണ്ടായിട്ടില്ലെന്നു പറയാതെ നിവൃത്തിയില്ല. എന്നുവരികിലും ഒരു പതിനഞ്ചു കൊല്ലങ്ങൾക്കിടയിൽ ആധുനികമലയാളകവികൾ പരിഷ്കൃതകവനകലയിലും, പ്രേമഗീതിപ്രസ്ഥാനത്തിലും ആശാസ്യമായ വിജയംനേടിയിരിക്കുന്നു എന്നു സമ്മതിക്കാം. യുവകവികൾ ഈ രീതിയിൽ പ്രത്യേകം ശ്രദ്ധവെച്ച് നമ്മുടെ സാഹിത്യത്തെ പ്രേമപുഷ്കലമാക്കിത്തീർക്കട്ടെ!

കെ. ബി. അയ്യർ. (റങ്കൂൺ)

# ഒരു ഉദ്ബോധനം.

(കേക)

ആലസ്യവിനിദ്രവിട്ടെഴുന്നേല്ക്കുക നമ്മൾ
കാലചക്രത്തിൻഗതി മാറുവാൻ തുടങ്ങുന്നു.
ലോകമാകവേ സ്വാസ്വജീവിതമാത്സര്യത്തിൻ
ഭീകരനിനാദത്താൽ മാറെറാലി മുഴങ്ങവേ
കണ്മണിക്കുടിക്കകം നിദ്രക്കു കേളിക്കായ് നാം
പാഴ്മെത്ത വിരിക്കുവാൻ പൂക്കളെത്തിരയുന്നോ?
പോയല്ലോ പൂർവികമാമൈശ്വര്യപ്രതാപങ്ങൾ—
ആ യക്ഷി ഹാഹാ, നമ്മെപ്പുൽകിയതിനിമതി!
രക്തമജ്ജാദിവിട്ട ശുഷ്കാസ്ഥിസമൂഹങ്ങൾ—
ശക്തിശൌര്യാദിയററ ജീവന്മൃത്യുഗർ നമ്മൾ!!
കാണ്മവിനിതാ, ചുററും കൂട്ടമിട്ടാർത്തുകൊണ്ടു
കാകവൃന്ദവുംനമ്മെ ഹസിച്ചിട്ടുയരുന്നു.

താരങ്ങ—ളത്യുച്ചങ്ങൾ—ക്കൊളിമങ്ങവേ കാട്ടു-
താരുകൾ തലപൊക്കി പുളച്ചു ചാഞ്ചാടുന്നു.
നമ്മളിന്നുറങ്ങുന്ന മച്ചിനുള്ളിലുമന്യർ
നൈജസൌധാസ്ഥിവാരക്കല്ലുകൾ പടുക്കുന്നു.
എന്തൊരാലസ്യം? എന്തുവിസ്മൃതി? ഹാഹാ, നമ്മൾ
കാന്ദിശീകരായ് കാലം കഴിക്കാമെന്നോമേലിൽ?
സ്വീയരാജ്യത്തിൽവന്ന ക്രൂരിരുട്ടിനെ നിശി-
തായുധഗണംചേരുമായിരം കരങ്ങളാൽ
ലോകബന്ധുവുംകൂടിയെതിർത്തുപൊരുന്നീലേ?
ഹാ, കഷ്ടമിതു കണ്ടുമുണരില്ലയോ നമ്മൾ!

സോദരന്മാരേ, പൂർവ്വികാർജ്ജിതവസ്തുക്കളി-
ലേതാനുമുണ്ടോബാക്കി? നമുക്കു പരീക്ഷിക്കാം.
പണ്ടത്തെ കളരി നാം തുറക്ക—കതിൽക്കാണ്മ-
തുണ്ടൊരുമൂലക്കല്ലുമിരുമ്പിൻപൊടിമാത്രം!!
ആരുമേതൊടായ്കയാലമ്മതൻപള്ളിവാളും
നൈരാശ്യത്തുരുമ്പേററു പൊടിഞ്ഞോ? ശിവ! ശിവ!
നോക്കിടുകൊന്നീ മൃത്യുവശഗധനുർവ്വേദ-
ശുഷ്കാസ്ഥിശകലത്തെ:—യാതരോമാഞ്ചംനമ്മൾ
ദൈന്യത്തിൽപുകതട്ടിയിരുണ്ടു ചുളിഞ്ഞൊരു
ജീർണ്ണമാം പരിചയുമങ്ങതാ കിടക്കുന്നു.
ആയതിൽച്ചിതൽപ്പാടു കാണുന്നിതങ്ങിങ്ങുമായ്
പോയകാലത്തിൽ ദംഷ്ട്രാപാതമേററതുപോലെ.
പാടവമിവ പ്രയോഗിക്കുവാൻവേണ്ട, പോട്ടേ;
മോടിക്കുമെടുക്കുവാനപടുക്കളീനമ്മൾ;
(ശൂദ്രനാമത്തെ വെട്ടിക്കളവാൻകലഹിപ്പോർ
ക്ഷത്രിയായുധംസ്പർശിച്ചീടാനുമശക്തരോ?)
പാതിയുംദ്രവിച്ചു ഹാ, ചരടുമററു മുക്കി-
ലേതാനുംപനയോലക്കെട്ടങ്ങളിതാ കാണ്മൂ!
ഭീവിട്ടു ചേട്ട പിച്ചിച്ചീന്തിയിട്ടൊരാ വാണീ-
ദേവിതൻപൊൽപ്പൂവാടത്തുണ്ടുകൾ കണക്കിനെ.
അതിലങ്ങിങ്ങുമങ്ങിക്കാണുംരേഖകൾ ഭാഗ്യ-
ഹതയാം ഗൈർവ്വാണിതൻ തലയിലെഴുത്താവാം!
പൂർവ്വികദോർവ്വിക്രമസൽക്കീർത്തിത്തുവെൺപട്ടിൽ
തങ്കപ്പുള്ളികൾ തുന്നിച്ചാർത്തിയൊരെഴുത്താണി
വൻതുരുമ്പേററു തുമ്പുമൊടിഞ്ഞു കിടക്കുന്നു
വൃദ്ധവേശ്യതൻ വിലാസതരാപാംഗംപോലെ.

ആകട്ടേ, ബാക്കിചിലനുറുക്കുപൊടിയുള്ള-
താകവേ ശേഖരിപ്പാൻ ശ്രമിക്കുകിനി നമ്മൾ.
ഈയവശിഷ്ടശകലങ്ങളെക്കൂട്ടിച്ചേർത്തു
ഭൂയോപി നമുക്കൊരു കൈവാളും പണിചെയ്യാം.
കാലാനുസൃതം നമ്മൾ വാർത്തെടുക്കുന്നീക്കൊള്ളു-
വാളിനാൽ വഴിക്കുള്ള മുൾച്ചെടിപ്പടപ്പുകൾ
ഒക്കവേ വെട്ടിനീക്കി നേർവഴി തെളിയിക്കാം
ദുഷ്കരമല്ല, പ്രാപ്യസ്ഥാനവുമണഞ്ഞീടാം.
ഭാവികാലത്തിൻ നവ്യജാതകം കുറിക്കുമ്പോൾ
കേവലം വീഴക്ഷരം വല്ലതും കാണുന്നാകിൽ
ആയതു വെട്ടിമാററിയെഴുതാനീവാൾത്തൂവ-
ലാത്മരക്തത്തിൽത്തന്നെ മുക്കിടാം നമുക്കപ്പോൾ.
ഇമ്മഞ്ജുകൃപാണം താനന്ത്യകാലത്തിലെന്നും
നമ്മളെത്താങ്ങുമൂന്നുവടിയായ്ത്തീർന്നീടട്ടേ!

* * * *

കടക്കാം സമുദായത്തോട്ടത്തിൽ നമുക്കിനി
കളകൾ കണ്ടെന്നാകിൽ പറിച്ചുനീക്കാമല്ലോ.
അല്ലല്ല, മുമ്പിൽക്കാണ്മതെന്തുവാൻ? പുരാതന-
പ്രോല്ലസൽപ്പൂങ്കാവനം പാഴ്മരുഭൂവായ്ത്തീർന്നോ?
ഇമ്മലർത്തോപ്പിലന്യാക്രമണം തടയുവാൻ
വന്മതിൽ വേണ്ട, പോട്ടേ; വേലിയും കാണ്മാനില്ല;
നാഥനില്ലാതെ ചമഞ്ഞുള്ളൊരിപ്പൂന്തോട്ടത്തിൽ
നായ്ക്കളും ക്രോഷ്ടാക്കളുമോരിയിട്ടാർത്തീടുന്നു.
കിളയും മുറിയുമററുള്ളൊരിക്കെട്ടുമണ്ണിൽ
വളമൊട്ടിറക്കാനുമാരെയും കാണുന്നീല;
വല്ലസസ്യഫലങ്ങൾക്കും കുരുപ്പെട്ടതാകിലപ്പോൾ
കൊള്ളചെയ്യുന്നിതെങ്ങും കന്നുകാലികൾ കേറി.
കൊണ്ടലാം തലപ്പാവിൽ താരരത്നങ്ങൾ ചാർത്തി-
യുണ്ടൊരുദിക്കിൽ ചില വൃക്ഷങ്ങൾ ഞെളിയുന്നു.
തുംഗവാതത്തെക്കൂട്ടി ശാഖാഹസ്തങ്ങൾ നീട്ടി
തങ്ങളിൽത്തന്നെയവ പോരിനു വിളിക്കുന്നു.
താഴത്തു ചുട്ടവെയിൽ വരട്ടും ചെടികൾക്കു
തെല്ലുമേ തണൽപോലും നൽകുവാൻ നിനപ്പീല!
വന്മദദുർമ്മാത്സര്യകാകോളവിഷവായു
തമ്മിലന്യോന്യം വമിച്ചാമൂലമുണങ്ങാറായ്!
അസ്തപുഷ്പങ്ങൾ, ഫലാപേതങ്ങൾ, നിരാലംബ-
വൃദ്ധവൃക്ഷങ്ങൾ ദളരൂപമായ്ക്കണ്ണീർത്തൂകും

തങ്ങടെ മരതകപ്പൂപ്പന്തൽ വലുതാക്കാ-
നെങ്ങുമേ പേരാലുകൾ തൂണുകളിറക്കുന്നു.
സൌഹാർദ്ദത്തണ്ണീർ മുകിൽ ധാരയായ്പ്പൊഴിക്കുമ്പോ-
ളാഹന്ത! തരുവൃന്ദം വിറച്ചുമാറീടുന്നു.

തോളോടു തോളുരുമ്മി നിൽപ്പവാൻ ദ്രുമങ്ങളെ
ഛാലമാരുതൻ കഴിയുന്നതും യത്നംചെയ്യേ
എങ്ങുന്നോ കൊടുങ്കാറെറാന്നിടയിൽ വീശിട്ടൈക്യ-
ഭംഗംചെയ്തുടനവ പിഴുതുമറിക്കുന്നു.

കായത്തിനല്പം പുഷ്ടിയേല്ക്കുകിൽദ്രുമരാജി
സ്വീയശാഖയെക്കൂടിയകററാൻ ശ്രമിക്കുന്നു.
ഏകയോഗക്ഷേമത്തെപ്പുലർത്തി,യവനിയ-
സ്തോകവാത്സല്യം നിജമാവിടംവാഴാൻനൽകേ
ആയതുതടംവെട്ടിപ്പങ്കിടാൻ മുതിരുന്നി-
തായതഗർവ്വം ചില പൂച്ചെടികളുംകൂടി!

*  *  *  *

ഇന്നാളെവരെ താഴത്തമർന്ന ലതാവൃന്ദ-
മിന്നുടൻതലപൊക്കി വാനത്തേക്കുയരുന്നോട്ടേ;
പാർശ്വവൃക്ഷങ്ങൾ ശാഖാകൈനീട്ടിവിളിച്ചാലും
വിശ്വാസം വരാഞ്ഞവ വേറെപ്പോയ് വളരുന്നോട്ടേ;
സ്വൈരസുസ്വാതന്ത്ര്യത്തിൻ ഭംഗത്തെ ഭയന്നവ
സ്വന്തമായ് പന്തലൊന്നു തീർത്തതിൽപടരുന്നോട്ടേ;
ജീവിതച്ചുമടിനുള്ളോഹരിഭാഗംവാങ്ങാൻ
ഭാവിക്കുന്നെങ്കിൽ ശരി, തന്നാത്താൻ ചുമന്നോട്ടേ;
സൽഫലസുമങ്ങളാലായവ ലസിച്ചോട്ടേ;
സ്വപ്രയത്നത്താൽ പരിതൃപ്തിയുമടഞ്ഞോട്ടേ;
ആർക്കിതിൽപരിഭവം? ആർക്കിതിൽപരിഹാസം?
ആർക്കിതിൽപരാജയം? തുല്യജാതങ്ങളല്ലീ?
പാദപകുലം വാനിൽപൂമേടപണിയുമ്പോൾ
പാഴ്നിലംപററിത്തന്നെ വല്ലികൾ കിടക്കേണോ?
ഇമ്മഹീരുഹംമുല്ലവേറിട്ടുപോകേ, പത്ര-
മർമ്മരങ്ങളാലോരോന്നിതിനുപുലമ്പുന്നു?
ഉന്നതിവരാനിച്ഛയേതിനുംജന്മായത്തം;
പിന്നെയൊന്നപരത്തെയെന്തിനുപഴിക്കുന്നു?
(ഇപ്പൂർവ്വികാരാമത്തിൽ വാഴവാനവകാശം
കല്പശാഖിക്കും കൊച്ചുപുല്ലിനും സമമല്ലോ.)

അക്ഷയഫലത്തോടുമിത്തോപ്പിൽ യഥേഷ്ടമായ്
വൃക്ഷവും വളരട്ടേ, വല്ലിയും വളരട്ടേ!
വീണ്ടുമേവളം ചേർത്തുപണിതീർക്കട്ടെ ഭൂമി
ഖിലലോദ്യാനമാക്കാനുദ്യമിക്കുക നമ്മൾ.

നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

# അവളെങ്ങോപോയി!

(ഒരു കഥ)

പ്ലാപ്പുറമ്പിലേ ഉള്ളുകള്ളിയൊന്നും പൂപ്പുറമ്പിലെ നാണിയമ്മയ്ക്കു് അറിഞ്ഞുകൂടാ. പണ്ടുപണ്ടേ തുടങ്ങി വിശ്രുതമായ തറവാടാണു് പ്ലാപ്പുറമ്പെന്നതു് ശരിതന്നെ. ധനത്തിന്റേയും മാനത്തിന്റേയും നിധിയായിട്ടാണു് ആ തറവാട്ടു് അടുത്തകാലംവരേ ശോഭിച്ചിരുന്നതു്. എന്നാൽ, ഇപ്പോൾ അവിടേ മാനവുമില്ലാ, ധനവുമില്ലാ എന്നല്ലാ ഞാൻ പറയുന്നതു്. അതു രണ്ടിനും ഇപ്പോൾ കുറച്ചൊക്കെ ലോപം പററീട്ടുണ്ടെന്ന വാസ്തവം, പക്ഷേ, രഹസ്യമായി വെക്കേണ്ട കാൎയ്യമായിരിക്കാം. കൃഷികവൃത്തിയിൽ സ്വവശരായി നാൾ കഴിക്കുന്ന കാലത്തു് പ്ലാപ്പുറമ്പിലേ പുരുഷന്മാർ യശസ്സും ശ്രേയസ്സും ഒരുപോലെ നേടിവന്നിരുന്നു. ഇപ്പോൾ സൎക്കാരുദ്യോഗത്തിൽ പരവശരായിട്ടാണു് അവരുടെ ജീവിതം. അതോടുകൂടി അവരേവരും സ്വാൎത്ഥപരന്മാരായിത്തീൎന്നുപോയി. നാട്ടിന്റേയും വീട്ടിന്റേയും കാൎയ്യം ഇപ്പോൾ അവൎക്കില്ല, ഭാൎയ്യയും മക്കളുമായി അവർ അങ്ങിങ്ങു ചിതറിപ്പോയി. അതോടുകൂടി വീട്ടുകാൎയ്യം അവതാളത്തിലുമായി. സ്ത്രീഭരണംകൊണ്ടു് തറവാട്ടുമുതൽ ഒട്ടല്ലാതെ നശിച്ചു. ഒരു കൊല്ലത്തേ സാപ്പാടിനു വേണ്ടുന്ന വകകൂടിയും ഇപ്പോൾ ആ തറവാട്ടിന്നില്ല. വലിയ വലിയ ഉദ്യോഗസ്ഥന്മാരുടെ വീടാണെന്ന ആ ഒരു പേർ മാത്രമേ ഇപ്പോൾ ആ വീട്ടിന്നുള്ളു. അതു മതിയല്ലോ സാധാരണന്മാരേ ഭ്രമിപ്പിക്കുവാൻ. സ്വവശന്മാരായ ആ പഴയ കൃഷികന്മാരല്ലാ, പരവശന്മാരായ ഈ പുതിയ ഉദ്യോഗസ്ഥന്മാരല്ലേ ഇന്നത്തേ ആരാധ്യന്മാർ! ഈ ഭ്രമംതന്നെയാണു് നമ്മുടെ പൂപ്പുറമ്പിലെ നാണിക്കുട്ടി അമ്മയ്ക്കും ഉണ്ടായതു്. ഇത്ര വളരെ ഉദ്യോഗസ്ഥന്മാരുള്ള വീട്ടിൽനിന്നു് തന്റേ മകൾക്കു് ഭൎത്താവിനേ കിട്ടുന്നതു് വലിയൊരു നേട്ടമാണെന്നു് ആ സ്ത്രീ വിചാരിച്ചു. പ്ലാപ്പുറമ്പുവീട്ടുകാർ പല താവഴിയായി പിരിഞ്ഞിരിക്കയാണെന്നും ഉദ്യോഗസ്ഥവൃക്ഷങ്ങളുടെ തണൽ അകന്ന താവഴികളൊന്നും ഏൽക്കാറില്ലെന്നും നാണിയമ്മ ഓൎത്തില്ല. അതിനെക്കുറിച്ചു് ആരോ എന്തോ പറ

ക്കെയൊന്ന് പറഞ്ഞപ്പോൾ അവരുടെ നേരെ ആ സ്ത്രീ കയൎത്തുചാടുകയാണ് ചെയ്തതു്. പിറന്നുവളൎന്നതു് തറവാട്ടുമുതൽകൊണ്ടു്; പഠിച്ചു പാസ്സായതു് തറവാട്ടുമുതൽകൊണ്ടു്; ഉദ്യോഗം കിട്ടിയതും തറവാട്ടുമുതലാൽ. പണം നേടാറായപ്പോൾ താൻ വേറെ. ഇത്ര കൃതഘ്നന്മാരാണല്ലോ നമ്മുടെ ഉദ്യോഗസ്ഥന്മാരിൽ അധികം പേരും, പക്ഷേ, അക്കാൎയ്യമെല്ലാം ഇന്നും രഹസ്യമാണ്.

പൂപ്പറമ്പിലെ സ്ഥിതി പ്ലാപ്പറമ്പിൽ നിന്നു ഭിന്നമാണ്. അവിടെ സ്ത്രീനായകത്വം തുടങ്ങീട്ടു കാലം കുറേയായി. ക്ഷയോന്മുഖമായിട്ടാണ് തറവാട്ടിന്റെ ഗതിയെങ്കിലും അന്തസ്സും ആഡംബരവും കുറയ്ക്കാതെ ഊണും ഉടുപ്പും സുഖമായി നടത്താനുള്ള വക ഇന്നും അവിടെയുണ്ടു്. പുരുഷന്മാരെക്കാൾ സ്ത്രീകൾക്കാണ് അവിടെ പ്രഭാവം. എന്തുകൊണ്ടോ, ആവോ, കൊള്ളാവുന്ന പുരുഷന്മാർ അവിടെ ജനിക്കാറില്ല. ഭൎത്താക്കന്മാരായി ചെന്നു കൂടുന്നവരാണ് ആ വീട്ടിലെ സാക്ഷാൽ പുരുഷന്മാർ. സംബന്ധം കഴിഞ്ഞാൽ ആ വരൻ, പിന്നെ അവിടെ സ്ഥിരം. ഈ അവസ്ഥ ഗുണമോ ദോഷമോ എന്നൊന്നും പ്ലാപ്പറമ്പിലെ മീനാക്ഷി അമ്മ ചിന്തിക്കയുണ്ടായില്ല. സ്ഥാനമാനങ്ങളോടെ അന്തസ്സിൽ കഴിയുന്ന പൂപ്പറമ്പിൽ തന്റെ മകൻ വഴിക്ക് ബന്ധുത്വം ഉറപ്പിക്കുവാൻ കഴിയുന്നതു് എല്ലാംകൊണ്ടും ഭാഗ്യമാണെന്നേ ആ സ്ത്രീ വിചാരിച്ചുള്ളു. എന്നുതന്നെയല്ല, നാണിയമ്മയും മീനാക്ഷിയമ്മയും തമ്മിൽ പണ്ടേ പരിചിതരാണ്. നാണിയമ്മയുടെ ലോഹ്യം മീനാക്ഷിയമ്മയേ ഒട്ടല്ലാതെ തൃപ്തിപ്പെടുത്തീട്ടുണ്ടു്. സ്ത്രീനായകത്വം മൂത്ത പൂപ്പറമ്പിൽ സംബന്ധം അത്ര നന്നല്ലെന്നു പ്ലാപ്പറമ്പിലെ കാരണവന്മാരിലാരോ അഭിപ്രായപ്പെടാതിരുന്നില്ല. അതിന്നു മീനാക്ഷി അമ്മയിൽനിന്ന് പുറപ്പെട്ട മറുപടി, ചത്താൽക്കൂടിയും വിടാത്ത ഹൃദയശല്യമായി ആ കാരണവരിൽ തറയ്ക്കുകയും ചെയ്തു.

അങ്ങിനെ, പ്ലാപ്പറമ്പിലെ നാരായണനും പൂപ്പറമ്പിലെ മാധവിയുംതമ്മിൽ സംബന്ധം നടന്നു. നാരായണന്ന് കൃഷിയുമില്ലാ, സൎക്കാരുദ്യോഗവുമില്ല. മട്രിക്കുലേഷൻ പരീക്ഷയ്ക്കു് ഒരുകൊല്ലം ചെന്ന് തോററതോടുകൂടി വിദ്യാഭ്യാസം അവസാനിച്ചു. അപ്പോഴെക്കും മീനാക്ഷിയുടെ മടിശ്ശീല തീരെ ഒഴിഞ്ഞു. മകൻ ഇനി വല്ല ഉദ്യോഗത്തിലും പ്രവേശിച്ചാൽമതിയെന്നായി. ഗുമസ്ഥൻപണിക്കും റെയിൽവേപ്പണിക്കുമായി ഹർജികൾ എഴുതുക—അതാണ് ഇന്ന് നാരായണന്റെ ഉദ്യോഗം. പത്തുമാസത്തെ ഊണിന്നുവേണ്ടുന്ന നെല്ലു വിളയുന്ന പാടങ്ങൾ മീനാക്ഷി അമ്മയുടെ തായ്വഴിക്ക് തിരിച്ചുകിട്ടീട്ടുണ്ടെങ്കിലും അതിൽ കൃഷിനടപ്പുകാർ ഈഴവരാണ്. അവരുടെ തൊഴിൽ തന്നിലേക്ക് പകൎത്തുന്നതു് അഭിമാനക്ഷയമായിട്ടാണ് നാരായണനു മാത്രമല്ലാ,

മീനാക്ഷി അമ്മയ്ക്കും തോന്നിയതു്. സർക്കാർശമ്പളം; അഥവാ, റെയിൽ വേശമ്പളം—ആ പ്രസാദമാണ് പ്രാർത്ഥനീയമായതു്. വാസ്തവത്തിൽ ഉദ്യോഗമോഹം നാരായണന്നില്ല. അമ്മയുടെ നിർബന്ധംകൊണ്ടു് അതിലേക്ക് ഹർജി എഴുതുന്നുവെന്നേയുള്ളു. വിവേകാനന്ദഭക്തനാണ് നാരായണൻ. സ്വാമിയുടെ പ്രസംഗങ്ങൾ വായിക്കുന്നതുപോലെ അത്ര രസം നാരായണന്ന് വേറെയില്ല. ആ വഴിക്ക് പ്രേമത്തെക്കുറിച്ച് ചില വിചാരശകലങ്ങൾ അവന്റെ മനസ്സിൽ ഇളകാറുണ്ടു്. പണത്തെയല്ലാ പ്രേമത്തെയാണ് അവന്ന് ബഹുമാനം.

നാരായണന്റെ ഭാര്യ മാധവി വളരെ ഒതുങ്ങിയ മട്ടിലാണ്. വേഷവും ഭാഷയും പുതിയ മട്ടിൽത്തന്നെ. പരിഷ്കാരത്തികവിന്നായി ആരോഗ്യത്തേ ബലികൊടുക്കുന്നതിലും അവൾ ഒട്ടും പിന്നോക്കമല്ല. അടുക്കളപ്പുക അവളേ കണ്ടിട്ടേയില്ല. അങ്ങിനെയാണെങ്കിലും, സ്വഭാവം വിനീതമാണ്. അമ്മയെപ്പോലെ എടുത്തുചാട്ടമോ വാചാലതയോ മകൾക്കില്ല. അമ്മയേ ഒട്ടൊരു ഭയമാണ് മകൾക്കുള്ളതു്. "എന്റെ വയററിൽ ജനിച്ചിട്ടു് ഇത്ര കൊള്ളരുതാത്തവളായല്ലോ ഇവൾ" എന്ന് നാണിയമ്മ അടിക്കടി പറയും. നാരായണൻ വന്നാൽ, അവന്നു വേണ്ടതെല്ലാം ഒരുക്കിക്കൊടുക്കേണ്ട ഭാരം മുഴവൻ നാണിയമ്മയ്ക്കാണ്. മകൾ നാണംകുണുങ്ങി നില്ക്കുയേയുള്ളു. "ഇവൾക്കെന്താ, ഭർത്താവിനേ സ്നേഹവുമില്ലേ?" എന്നും നാണിയമ്മ ചോദിക്കാറുണ്ടു്. മകൾ അടങ്ങിയൊതുങ്ങി മാറിനിന്നാലും ആ കോട്ടമെല്ലാം നാണിയമ്മ തീർക്കും. നാരായണന്ന് രണ്ടുനേരവും സദ്യയാണ്. കാപ്പിക്ക് പലഹാരങ്ങളോ, നിത്യം പുതുപുതുതായി പലതുപലതു്, അവൻ വന്നാൽ, ചുരുങ്ങിയതു്, ഒരാഴ്ചയെങ്കിലും താമസിപ്പിക്കാതെ നാണിയമ്മ പറഞ്ഞയയ്ക്കയില്ല. ആ വീട്ടിൽ വരുന്ന മററെല്ലാ ഭർത്താക്കന്മാരെയുംകാൾ നാരായണന്നാണ് മെച്ചമെന്നുവരുത്തുവാൻ നാണിയമ്മ പാടുപെട്ടുകൊണ്ടുതന്നെ വന്നു.

എന്നാൽ, എന്തു മെച്ചമാണ് നാരായണന്നുള്ളതു്. അവന്റെ കയ്യിൽ പണമില്ല. അമ്മ കടംവാങ്ങി വല്ലതും കൊടുത്താൽ അതേ ഉള്ളു. നാണിയമ്മയുടെ ധൂർത്തെവിടേ? നാരായണന്റെ ദാരിദ്ര്യമെവിടേ? ആദ്യത്തേ ബഹളത്തിൽ ഇതത്ര ശോഭിച്ചില്ല. കൊല്ലമൊന്നു കഴിഞ്ഞപ്പോഴെക്കും നാണിയമ്മയ്ക്ക് ഒട്ടൊട്ടു് കയ്ക്കുതുടങ്ങി. എങ്കിലും, അപ്പോൾ അതു് മറച്ചതേയുള്ളു. വിശാലാക്ഷിയുടെ ഭർത്താവു് പട്ടുജാക്കററു്—കോമളത്തിന്റെ ഭർത്താവു് ഇരുമ്പുപെട്ടി—ദേവയാനിയുടെ ഭർത്താവു് മൈസൂർ ചന്ദനസോപ്പു്—അമ്മിണിയുടെ ഭർത്താവു് ഒരു ക്രട ആറഞ്ചു്—ഇങ്ങിനെയോരോന്ന് കൊണ്ടുവരുമ്പോൾ തന്റേ മകളുടെ ഭർത്താവു് വെറും കൈയോടെയാണ് വരവു്. നാണിയമ്മ എങ്ങിനെ

മുഷിയാതിരിക്കും? ആയമ്മ സ്വന്തം പണംകൊണ്ടു് അങ്ങിനെ വല്ലതുമൊക്കെ അതു് നാരായണൻ കൊണ്ടുവന്നതാണെന്നുപറഞ്ഞു് മാനം നേടും. ഇങ്ങിനെ എത്രതന്നെ ചെയ്യാൻ കഴിയും. നാരായണന്നു് ഭാൎയ്യച്ചെലവുവകയ്ക്കു് അമ്മയുടെ ശകാരപ്പുരപ്പോടുകൂടി കൊല്ലത്തിൽ ഒരു ഇരുപത്തഞ്ചുറുപ്പിക കിട്ടിയാൽ ഭാഗ്യമായി. എന്നാൽ നാണിയമ്മയുടെ ധൂൎത്തിന്നു് ഇരുന്നൂററിയമ്പതുറുപ്പികയുണ്ടായാൽ മതിയാകയില്ല. അവനെന്തുചെയ്യും.

മാധവീനാരായണന്മാർ ക്രമത്തിൽ പ്രേമബദ്ധരായി. പണത്തെക്കുറിച്ചു് അവൎക്കു് ചിന്തയുണ്ടായില്ല. വിജനത്തിലാണു് അവരുടെ പ്രേമവിലാസമെല്ലാം. നാരായണൻ മാധവിയേ നിഷ്കളങ്കമായ സമ്പൂൎണ്ണരാഗത്തോടെ കൊണ്ടാടി. ആ രാഗം മാധവിയിൽ അവാച്യമായ ആനന്ദം വളൎത്തി. അകന്നാൽ ഇരുവരും വാടും. അടുത്താലെ ഇരുവരും തെളികയുള്ളു. എന്നാൽ, ഭാൎയ്യയേ കൂടെപ്പാൎപ്പിക്കുവാൻ നാരായണന്നു് കഴിവില്ല. ഭൎത്താവിനേ കൂടെപ്പാൎപ്പിക്കുവാൻ മാധവിക്കു് ധൈൎയ്യവുമില്ല. ഒരുനാളേക്കെങ്കിലും അകലുകയെന്നതു് അവൎക്കു് തീരേ ദുസ്സഹമാകയും ചെയ്തു. മാധവിയുടെ ഓരോ അംഗവും ഓരോ ചലനവും തന്റെ മനസ്സിൽ അമൃതവൎഷം ചെയ്യുന്നതായി നാരായണന്നു തോന്നി. നാരായണന്റെ ചേഷ്ടിതങ്ങൾ മാധവിക്കും അങ്ങിനെതന്നെ. നാരായണൻ എന്നെങ്കിലും എന്തെങ്കിലും ചില്ലറസ്സാമാനം കൊണ്ടുവന്നാൽ മതി, അതു് ഏററവും അനൎഘമായിട്ടാണു് മാധവിക്കു തോന്നുക, എന്തിനു് പണം! എന്തിന്നു് ആഡംബരം! ദിവ്യമായ ആ അനുരാഗത്തിന്മീതേ മറെറന്തുണ്ടു്! ഇങ്ങിനെയാണു് മാധവിയുടെ വിചാരം.

നാണിയമ്മയുടെ വിചാരഗതി അങ്ങിനെയല്ലല്ലോ. മകൾക്കു് ഭൎത്താവിലുള്ള അനുരാഗത്തെപ്പററി നാണിയമ്മയ്ക്കു് ഒന്നും അറിഞ്ഞുകൂടാ.. രാഗം—പ്രേമം—എന്തൊന്നാണതു്. പണം—പണം—അതല്ലാതെ പിന്നെ എന്തുണ്ടു്. അങ്ങിനെയാണു് നാണിയമ്മ. കഷ്ടം! ഇങ്ങിനെ പററിയല്ലോ അബദ്ധം എന്നു് നാരായണനെക്കുറിച്ചു് നാണിയമ്മ വിഷാദിച്ചുതുടങ്ങി. ക്രമേണ, അതു് ഉള്ളിലൊതുങ്ങാതായി. മററു സംബന്ധക്കാരെപ്പോലേ നാരായണനെക്കൊണ്ടും പ്രവൎത്തിക്കുവാൻ മകളേ നിൎബ്ബന്ധിച്ചുനോക്കി. ശാസിക്കുക, ശകാരിക്കുക, അങ്ങിനെയും ചെയ്തു. മകൾ ഒന്നും മിണ്ടുകയില്ല. അമ്മ കോപിച്ചാൽ കരയുവാൻമാത്രമേ അവൾക്കറിഞ്ഞുകൂടു. അവൾ ഭൎത്താവിനോടു് ഇക്കാൎയ്യമൊന്നും പറയുകയുമില്ല. എന്നാൽ, നാണിയമ്മയുടെ സ്വരം കുറച്ചുകുറച്ചു മൂത്തുതുടങ്ങി. അമ്മായിയമ്മയ്ക്കു് തന്നിൽ രസമില്ലാതായിരിക്കുന്നുവെന്നു് നാരായണന്നു് തോന്നുവാൻതക്കവണ്ണമായി ആ സ്ത്രീയുടെ വാക്കും നോക്കുമെല്ലാം. വേണ്ടതൊന്നും വേണ്ടപോലെ അവിടേ അ

വന്ന് കിട്ടുന്നില്ലെന്നായി. എന്നാൽ, മാധവിയേ ഓൎക്കുമ്പോഴോ, വെറും പട്ടിണികിടന്നാൽക്കൂടിയും അവളുടെ സാമീപ്യത്തിലാണ് അവൻെറ ജീവിതാനന്ദം. എങ്കിലും, നാണിയമ്മയുടേ ആദരക്കുറവും പിറുപിറുക്കലുംകൊണ്ട് അവൻെറ മുഖം ഒട്ടൊന്നു വാടിപ്പോയി. ആ വാട്ടം മാധവിയുടേ ഹൃദയത്തേ ദഹിപ്പിക്കുവാനും തുടങ്ങി. അവൾക്ക് അവിടേ സ്വാതന്ത്ര്യമില്ലല്ലോ. ആരോടും എതിൎത്തുപറയുവാൻ അവൾക്ക് ശീലവുമില്ല.

ഒടുക്കം, നാണിയമ്മയുടേ മനസ്സ് തുറന്നു. ആ അഭിമാനത്തിരശ്ശീല ആ സ്ത്രീ ഇഴഞ്ഞുവലിച്ചു ദൂരെയെറിഞ്ഞു. ഇങ്ങിനെയൊരു സംബന്ധക്കാരൻ തനിക്കു വേണ്ടാ എന്ന് അന്യർ കേൾക്കേ പറയുവാനും ആ സ്ത്രീക്ക് മടിയില്ലാതായി. അയ്യോ എന്ന് മാധവിയുടെ മനസ്സ് എരിഞ്ഞു പുകയുവാൻ തുടങ്ങി. "നമുക്ക് ഇവിടേനിന്ന് എങ്ങോട്ടെങ്കിലും പോയാലോ! പിച്ചയെടുത്താൽത്തന്നെ എന്താണ്?"—എന്നിങ്ങിനേ അൎത്ഥത്തിൽ അവൾ ഭൎത്താവിനോട് അങ്ങിനെയിങ്ങിനേ ഒരുനാൾ ചോദിച്ചു. ആ ചോദ്യത്തിന്ന് മറുപടിയൊന്നും നാരായണനിൽനിന്നു പുറപ്പെടുകയുണ്ടായില്ല. കുറെയേറെനേരം ചിന്താമഗ്നനായി കിടന്നതിൽപ്പിന്നേ അവൻ ദീൎഘമായൊന്ന് നിശ്വസിക്കമാത്രം ചെയ്തു. താൻ ഭൎത്താവിന്ന് ഇങ്ങിനെയൊരു വിപ്രിയം ചെയ്തുവല്ലോ എന്നോൎത്ത് അന്നരാത്രി മുഴുവൻ മാധവി ഉറങ്ങീട്ടില്ല. നേരം പുലൎന്നു നോക്കിയപ്പോൾ നാരായണൻ തല വെച്ചേടത്ത് തലയണ അല്പം നനഞ്ഞിരിക്കുന്നതു കണ്ടു. കണ്ണീരോ?

"അമ്മേ, എനിക്ക് പണംവേണ്ടാ, അദ്ദേഹം മതി. അദ്ദേഹം ഇവിടെ എന്നും പാൎക്കട്ടെ. ഉണ്ണാനും ഉടുക്കാനും വേണ്ടുന്നതിന്ന് നമുക്ക് മുതലുണ്ടല്ലോ. എനിക്ക് അദ്ദേഹം ഒന്നും തരേണ്ട. അമ്മ അദ്ദേഹത്തോടു ദേഷ്യപ്പെടരുതേ"—എന്നിങ്ങിനെ തൻെറ അമ്മയോടു പറഞ്ഞാലോ എന്ന് മാധവിക്ക് തോന്നി, എന്നാൽ അതിന്ന് അവൾക്കു ധൈൎയ്യമുണ്ടായില്ല. ചിന്താശതങ്ങളുടെ മൎദ്ദനംകൊണ്ട് അവൾ മെലിയുവാൻ തുടങ്ങി. നാരായണൻെറ സ്ഥിതിയും അങ്ങിനെതന്നെ. എന്നാൽ അവൻെറ ക്ഷീണം നാണിയമ്മ കണ്ടില്ല. മകൾ മെലിയുന്നതു കണ്ടപ്പോൾ നാരായണനിൽ ആ സ്ത്രീക്കുള്ള വെറുപ്പ് ഒന്നുകൂടി വൎദ്ധിച്ചു.

"ആ ശവത്തിനെക്കൊണ്ട് എൻെറ മകളെ സംബന്ധം ചെയ്യിച്ചതുകൊണ്ട്, വേണ്ടുന്നതൊന്നും കിട്ടാതെ ഇവൾക്ക് ഇങ്ങിനെ ദുഃഖിക്കേണ്ടിവന്നതു്. മകളേ നിനക്കു ആയാൾ വേണ്ടെങ്കിൽ വേണ്ടാ, ആയാൾ പോയിക്കൊള്ളട്ടെ".

ഇങ്ങിനെയാണ് അമ്മയുടെ സാന്ത്വനമുണ്ടായത്! മാധവി ഒന്നും മിണ്ടിയില്ല. അറയിൽ ചെന്ന് കട്ടിലിന്മേൽ വീണ് കുറേ കരഞ്ഞു. ആ ക്ഷീണത്തിൽ അങ്ങിനെ ഉറങ്ങിപ്പോകയും ചെയ്തു. മകളേ അന്വേഷിച്ചുകൊണ്ടു നാണിയമ്മ അകത്തു വന്നപ്പോൾ മകളുടെ ഈ കിടപ്പുകണ്ടു. മകളുടെ മുഖത്തുള്ള ആ കണ്ണീർപ്പാടു അമ്മയുടെ ഹൃദയത്തെ വേവിച്ചു.

"ഇനി ആയാൾ ഇവിടെ വരേണ്ടാ. വന്നാൽ, വന്നവഴിക്കുതന്നെ ഞാൻ അയക്കും. എൻെറ മകളെ ഇത്ര പൊറുതികെടുത്തത്തുമതി"

അമ്മയുടെ ഈ പ്രതിജ്ഞ മകൾ കേട്ടില്ല. മകൾ ഉണർന്നെഴുന്നേററു വരുംമുമ്പേ തൻെറ പ്രതിജ്ഞ നാണിയമ്മ ആ വീട്ടുമുഴുവൻ പരത്തി. പിറേറന്നാൾ നാരായണൻ വന്നു. സാദരം കുശലപ്രശ്നംചെയ്തുകൊണ്ട് നാണിഅമ്മ അരികേചെന്നു.

"നാരായണമേനേ, എനിക്ക് നിങ്ങളോടൊന്ന് പറയാനുണ്ടു. പറയാൻ മടിച്ചുമടിച്ചുകൊണ്ടിരുന്നാൽ ഇരുകൂട്ടർക്കും ദോഷമാണ്. ഒരു ജോലിയുമില്ലാതെ നിങ്ങൾ എങ്ങിനെയാണ് കഴിക! നിങ്ങൾ ചെന്ന് വല്ല ജോലിയും അന്വേഷിക്കു. അവനവൻെറ ചെലവിന്നു വേണ്ടുന്ന സമ്പാദ്യം പുരുഷന്മാർ ഉണ്ടാക്കണ്ടേ! എന്നിട്ടു മതിയായിരുന്നു നാരായണമേനേന് സംബന്ധം. അതു പറഞ്ഞിട്ടു ഇനി ഫലമില്ലല്ലോ. ഇനിയെങ്കിലും, വല്ല ജോലിയും കിട്ടുമോ, നോക്കു. എന്നിട്ടു ഇങ്ങോട്ടു വന്നാൽമതിയെന്നുവെക്കയാണ് നല്ലത്. അതല്ലേ മാനം. എന്താ നാരായണമേനേ, ഞാൻ ഇങ്ങിനെ പറയുന്നതിൽ നിങ്ങൾക്ക് സുഖക്കേടില്ലല്ലോ?"

"എനിക്ക് സുഖക്കേടോ? ഒട്ടുമില്ല. ശരിയല്ല പറഞ്ഞത്. ഇത്രയും പറയിക്കുവാൻ ഞാൻ ഇടയുണ്ടാക്കിക്കൂടായിരുന്നുവെന്നേയുള്ളു."

അക്കാര്യത്തെക്കുറിച്ചു പിന്നെയൊന്നും അവർതമ്മിൽ സംഭാഷണമുണ്ടായില്ല. അന്ന് ആ വീട്ടുകാരേവരും ഒരുവക പ്രത്യേകദൃഷ്ടിയോടെയാണ് നാരായണനെ നോക്കിയത്. നാണിയമ്മയുടെ വിരുന്നിന്നും പ്രത്യേകതകൂടി. നാരായണൻ ആരോടുമൊന്നും പറഞ്ഞില്ല. അമ്മയുടെ അന്തിമശാസനം മകൾ അറിഞ്ഞു. അവളുടെ മനസ്സു അതോടുകൂടി വീണുപോയി. എന്താണ് പറയേണ്ടതെന്നോ എന്താണ് ചെയ്യേണ്ടതെന്നോ ഒന്നും അവൾക്കു അറിയാതായി. ഭർത്താവിൻെറ മുമ്പിലേക്ക് അവളുടെ ശരീരം നീങ്ങിയതേയില്ല. രാത്രി അവൾ അറയുടെ വാതില്ക്കലെത്തുംപോഴേക്കും അവിടെ വീണുപോയി.

"വേണ്ടാ, നീ ആ അകത്തു പോകേണ്ടാ" എന്നായി അമ്മ. എന്നാൽ, അമ്മയുടെ മനസ്സല്ലല്ലോ മകളുടേത്. ശരീരത്തെ അറയിലേക്കു കൊണ്ടുപോകുവാൻ അവൾക്കു വളരേനേരം പണിപ്പെടേണ്ടിവന്നു.

ഒടുക്കം അവൾ അകത്തുകടന്ന് ഭർത്താവിൻെറ കാല്ക്കൽ ചെന്നിരുന്ന് തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി. ഇരുവരും അന്ന രാത്രിമുഴുവൻ കരഞ്ഞുകൊണ്ടുതന്നെ കഴിച്ചു. ആരുമൊന്നും മിണ്ടുകയുണ്ടായില്ല. ആ ദമ്പതികൾക്ക പരസ്പരം കൈമാറുവാൻ വാക്കൊന്നും ഇല്ലാതായിരിക്കുന്നു. നേരം പുലൎന്നപ്പോൾ അവർ പരസ്പരം ദീനതയോടെ ഒന്നു നോക്കി. നാരായണൻ പോകുകയും ചെയ്തു.

ഏതാനും നാൾ കഴിഞ്ഞപ്പോൾ, പ്ലാപ്പറമ്പിൽനിന്ന് നാരായണനെ അന്വേഷിച്ചുകൊണ്ട് ആൾവന്നു. അവൻപോയതു് വീട്ടിലേക്കല്ലാ. എവിടേ പോയിയെന്നു ആരുമേതും അറിഞ്ഞില്ല. താൻ ഇനി സന്യാസിക്കയായി എന്ന് ചില സ്നേഹിതന്മാരോട് നാരായണൻ പറഞ്ഞിട്ടുണ്ടെന്നുമാത്രം കേട്ടു. ഏതായാലും, അവൻെറ കാരണത്താൽ പ്ലാപ്പറമ്പും പൂപ്പറമ്പും തമ്മിൽ ശത്രുതയിലായി. കണ്ണീരും കൈയുമായിട്ടായി മീനാക്ഷി അമ്മയുടെ നില.

ദിവസങ്ങളും മാസങ്ങളും കൊല്ലങ്ങളും കഴിഞ്ഞു. മാധവി കേവലം ഭ്രതാവിഷ്ടയെപ്പോലെയായി. വെറും അസ്ഥിമാത്രമേ അവളുടെ ദേഹത്തിൽ ശേഷിച്ചുള്ളു. കുളിയോ ഊണോ ഒന്നും വേണ്ടപോലെ ഉണ്ടായില്ല. വല്ല മൂലയിലും ചെന്ന് എപ്പോഴും തൂങ്ങിത്തൂങ്ങി ഇരിക്കും. ചിരിയോ കളിയോ തീരെയില്ല. അവളിൽനിന്ന് വല്ല ശബ്ദവും പുറപ്പെടുന്നുണ്ടെങ്കിൽ അതു് ദീൎഘനിശ്വാസം മാത്രമാണ്. മകളുടെ ഈ സ്ഥിതിഭേദത്തിന്ന് എന്താണ് ഹേതുവെന്ന് അമ്മ ജ്യോത്സ്യന്മാരെക്കൊണ്ടു നോക്കിച്ചു. മാന്ത്രികന്മാർവഴിക്ക് പണം കുറേ പോയി. പഴനിയിലേക്ക മുമ്പു ഒരു വഴിപാട്ട് ഏറ്റിട്ടുണ്ടെന്നും, അതു നടത്താത്തതിൽ സുബ്രഹ്മണ്യകോപമാണ് ഇതെന്നും. ഒററാരു ജ്യോത്സ്യൻ പറഞ്ഞു. അതിന്മണ്ണം മകളേയും കൂട്ടിക്കൊണ്ടു അമ്മ പഴനിയിലേക്കപോയി.

അവിടേ വഴിപാടെല്ലാം കഴിഞ്ഞു് ഒരുനാൾ രാത്രി പണ്ടാരങ്ങളേ ഊട്ടുകയായിരുന്നു. അവരുടെ ബഹളം കണ്ടുകൊണ്ടു അമ്മയും മകളും മററു കൂട്ടുകാരും പുറത്തെ കോലായയിൽ ഇരിക്കുകയായിരുന്നു. മുഷിഞ്ഞു കീറിയ മുണ്ടുടുത്തു് താടിയും തലയും നീട്ടിയ ഒരു വികൃതവേഷനിൽ മാധവിയുടെ ദൃഷ്ടി പതിഞ്ഞു. മുററത്തു് യാചകന്മാക്കിടയിൽ ഇരുന്നുകൊണ്ടു് ഊൺകഴിക്കുന്ന ആ പാവം ആരാണെന്ന വാസ്തവം മാധവി അറിഞ്ഞു.

"അമ്മേ, ഈ പണ്ടാരങ്ങൾക്ക് പായസം വിളമ്പുന്നതു് ഞാനാവാം" എന്നു മാധവി പറഞ്ഞപ്പോൾ, അമ്മയ്ക്കു് ഒരു നിധി കിട്ടിയതുപോലെ സന്തോഷമുണ്ടായി. "ആവൂ! സുബ്രഹ്മണ്യസ്വാമി പ്രസാദിച്ചു. എൻെറ മകളുടെ പീഡയൊക്കെ ഒഴിഞ്ഞു. ഇത്രയെങ്കിലും ഇപ്പോൾ മിണ്ടാറായല്ലോ."

അമ്മയുടെ അനുജ്ഞപോലെ പായസപാത്രം എടുത്തുകൊണ്ടു മാധവി ഉത്സാഹത്തോടേ മുററത്തിറങ്ങി. മകളുടെ ആ ഉത്സാഹവും പുഞ്ചിരിയും കണ്ടു നാണി അമ്മ സന്തോഷംകൊണ്ടു് തുള്ളിത്തുടങ്ങി. മാധവി ആ വികൃതവേഷൻെറ ഇലയിൽ പായസം കുറേ ധാരാളമായി വിളമ്പി. മതി മതിയെന്നു് പറഞ്ഞിട്ടും അവൾ നിൎത്തിയില്ല. അപ്പോൾ ആയാൾ മാധവിയുടെ മുഖത്തേക്കു ഒന്നുനോക്കി. പെട്ടെന്നു് ആയാൾ പരിഭ്രാന്തനായി. മാധവിയെ ഒന്നുകൂടിയും നോക്കീട്ടു് കോലായയിൽ ഇരിക്കുന്നവരിലേക്കു് ആയാൾ ദൃഷ്ടിയയച്ചു. ഉടനേ ഇല തട്ടിനീക്കി എഴുന്നേററു് പുറത്തേക്കു ഒരേഓട്ടം. പിന്നാലെ മാധവിയും. അങ്ങെല്ലാവൎക്കും സംഭ്രമമായി. ഇതെന്തൊരു കഥയെന്നു ചിന്തിച്ചുകൊണ്ടു് ഒട്ടുനിമിഷത്തേക്കു നാണിയമ്മയും കൂട്ടുകാരും സ്തബ്ധരായി സ്ഥിതിചെയ്തുപോയി. പിന്നെയാണു് "എൻെറ മകൾ, എൻെറ മകൾ" എന്നു ആ സ്ത്രീ നിലവിളിച്ചുംകൊണ്ടു് പടിക്കലേക്കു് ഓടിയതു്. മാധവി എവിടെ എന്നു് അന്വേഷണമായി. ഒരു ഭിക്ഷുവും ഒരു യുവതിയും കൂടി റോഡിൽക്കൂടി ഓടുന്നതും അങ്ങു് ഒരു ഇടവഴിയിലേക്കു് തിരിയുന്നതും പലരും കണ്ടിട്ടുണ്ടു്. അവർ എങ്ങു മറഞ്ഞുവെന്നു ആൎക്കും അറിഞ്ഞുകൂടാ. നാരായണൻ അവൻെറ അമ്മയ്ക്കെന്നപോലെ മാധവി അവളുടെ അമ്മയ്ക്കും നഷ്ടമായി. പലനാൾ അന്വേഷിച്ചിട്ടും ഫലമൊന്നുമുണ്ടായില്ല. പുത്രീവിയോഗദുഃഖത്തോടെ കണ്ണീരുംകൈയുമായി നാണി അമ്മയ്ക്കു് മടങ്ങേണ്ടിവന്നു.

രണ്ടുനാലുകൊല്ലം കഴിഞ്ഞപ്പോൾ, ആരോ ചിലർ കാശിയിൽ വെച്ചു് ഒരു ഭിക്ഷുവേയും ഭിക്ഷുണിയേയും കണ്ടുവെന്നു് പറഞ്ഞുകേൾക്കയുണ്ടായി. രാമേശ്വരത്തുവെച്ചു കണ്ടുവെന്നു് വേറേ ചിലരും പറഞ്ഞു. ഏതായാലും, മാധവീനാരായണന്മാരുടെ കഥ എന്താണെന്നു് ഇപ്പോഴും അന്വേഷണം നടന്നുകൊണ്ടുതന്നെയാണിരിക്കുന്നതു്.

കന്നത്തു ജനാർദ്ദനമേനോൻ.

# അൎത്ഥാലങ്കാരനിരൂപണം. (തുടൎച്ച)

ഉദാഹരണാലങ്കാരം (5)

"സാമാന്യമൎത്ഥമംഗാംഗിഭാവബോധകപൂൎവ്വകം
തദേകദേശനിൎദ്ദേശാൽ തെളിയിപ്പതുദാഹൃതി"

സാമാന്യമായി നിരൂപിച്ചിരിക്കുന്ന അൎത്ഥം അംഗാംഗിഭാവബോധകശബ്ദത്തോടുകൂടി തദ്വിശേഷമായ ഏകദേശത്തെ എടുത്തുകാണിച്ചു വിശദമാക്കുന്നതു ഉദാഹരണമെന്ന അലങ്കാരമാകുന്നു. അംഗാം

ഗിഭാവബോധകപദം, ഉദാഹരണം, നിദൎശനം, ദൃഷ്ടാന്തം, യഥാ, പോലെ, മാതിരി മുതലായവയാകുന്നു. യഥാ, പോലെ, മാതിരി മുതലായവയ്ക്കു, ഉൽപ്രേക്ഷാബോധകത്വംപോലെ ലക്ഷ്യാനുസാരേണ അവയവാവയവിഭാവബോധകത്വവും അംഗീകരിക്കാതെ നിവൃത്തിയില്ല. അംഗാംഗിഭാവബോധകശബ്ദമുണ്ടായിരിക്കണമെന്നു പറഞ്ഞിരിക്കയാൽ "വന്മക്കൾതെളിയാദോഷമമ്പിളിക്കഴകങ്കവും" ഇത്യാദി, സാമാന്യത്തെ വിശേഷംകൊണ്ടു സമൎത്ഥിച്ചിരിക്കുന്ന അൎത്ഥാന്തരന്യാസത്തിൽ അതിവ്യാപ്തി വരുന്നില്ല.

ഉദാഹരണം—

"കേവലമൊരുദോഷത്താൽ അതിഗുണമാംവസ്തുവെങ്കിലുംനിന്ദ്യം
സകലരസായനസാരം ദുൎഗ്ഗന്ധംലശുനമിങ്ങുദാഹരണം" (സ്വ.)

ലശുനം=വെള്ളുള്ളി. ഇവിടെ വളരെ ഗുണമുള്ള പദാൎത്ഥംപോലും ഒരൊററ ദോഷംകൊണ്ടു നിന്ദ്യമായ്ത്തീരുന്നുവെന്നിങ്ങനെ നിരൂപിച്ചിരിക്കുന്ന സാമാന്യത്തെ തദ്വിശേഷമായ വെള്ളുള്ളിയെ ഉദാഹരിച്ചു വിശദമാക്കിയിരിക്കുന്നു. ഉദാഹരണശബ്ദമുള്ളതിനാൽ ഇതു അൎത്ഥാന്തരന്യാസമാവുകയുമില്ല.

ഇതുപോലെ നാലാംപാദത്തെ, "ദുൎഗ്ഗന്ധമദയനിദൎശനംലശുനം" "ദുൎഗ്ഗന്ധംലശുനമത്രദൃഷ്ടാന്തം" "ദുൎഗ്ഗന്ധംലശുനമെന്നപോലെസഖേ" എന്നിങ്ങനെ മാററുന്നതായാൽ നിദൎശന, ദൃഷ്ടാന്തം മുതലായ ശബ്ദപ്രയോഗങ്ങൾക്കും ഉദാഹരണമാവുമെന്നു കണ്ടുകൊൾക.

എന്നാൽ 'ദുൎഗ്ഗന്ധം ലശുനമെന്നപോലെ' എന്നതിൽ വസ്തുവിന്നും ലശുനത്തിന്നും ഉപമയാണെന്നു എന്തുകൊണ്ടു പറഞ്ഞുകൂടാ എന്നു ശങ്കിക്കേണ്ട. ലശുനവും വസ്തുതന്നെയാകയാൽ രണ്ടും ഭിന്നമല്ലായ്കകൊണ്ടു സാമാന്യവിശേഷരൂപങ്ങളായ വസ്തു, ലശുനം എന്നിവയ്ക്കുതമ്മിൽ സാദൃശ്യം സ്ഫുരിക്കുന്നതല്ല.

ആകയാൽ "അതിമാത്രബലിഷ്ഠരോടുതട്ടി-
ക്കയറും ദുൎമ്മതിനഷ്ടനായ്ഭവിപ്പൂ
ത്രിപുരാന്തകനോടുചെന്നെതിൎത്താ-
രവലിപ്തൻകുസുമാസ്ത്രനെന്നപോലെ" (സ്വ.)

ഇത്യാദിയൊക്കയും പ്രകൃതാലങ്കാരംതന്നെയാണ്.

വേറെ— "ഉപകാരംതന്നെചെയ്വൂവിപദ്ദശയിലുംമഹാൻ,
അപചൈതന്യമഥവാവിപന്നംപാരദംയഥാ" (സ്വ.)

പാരദം=രസം. സൌകൎയ്യം പ്രമാണിച്ചുമാത്രം പ്രകൃതാലങ്കാരത്തിന്നു ഉദാഹരണങ്ങളായി ചില ശ്ലോകങ്ങളെ തൎജ്ജിമചെയ്തു ചേൎത്തിരിക്കുന്നതുകൊണ്ടു ഭാഷാസാഹിത്യഭണ്ഡാഗാരത്തിൽ പ്രസ്തുതാലങ്കാര

ത്തിന്നു ഉദാഹരണങ്ങളില്ലെന്നോ ദുൎല്ലഭങ്ങളാണെന്നോ വിചാരിച്ചുപോകരുത്.

നോക്കുക— പൂർണ്ണത്വമെപ്പോളനവദ്യവിദ്യാ
നാനാഭിജാത്യാദിഭിരംഗഭാജാം
പലക്കുമപ്പോളൊരുകുററമുണ്ടാം
ദൃഷ്ടാന്തമസ്മിൻ പരിപൂർണ്ണചന്ദ്രഃ" (ചന്ദ്രോത്സവം)

സതിതന്നനുരാഗമേതുവൻ-
പ്രതിബന്ധങ്ങളെയുംകടന്നുപോയ്
ക്ഷിതിവിട്ടൊട്ടുവിൽജ്ജയിക്കുമെ-
ന്നതിന്നീനിൻചരിതംനിദർശനം" (ഒരു കത്തു)

നിസർഗ്ഗരമ്യാകൃതികൾക്കലംകൃതി
പ്രസംഗമാവശ്യകമല്ലയെന്നതിൽ
അസംശയംനീററിലിറങ്ങിനിന്നൊര-
ബ്ബിസപ്രസൂനാക്ഷികൾതാൻനിദർശനം. (ഉമാകേരളം)

"നലമൊത്താടും പാലുകൊടുത്തുപാമ്പിനെ
പ്പുലർത്തിവക്ഷസ്സൊടണക്കിലപ്പണി
കൊലയ്ക്കുകോപ്പിട്ടുകടിക്കയില്ലയോ
ഖലർക്കെഴും നന്ദിയുമിക്കണക്കുതാൻ" (ഉമാകേരളം)

"പലതുണ്ടിതുപോലെ ഭാനുമൽ-
കുലചൂഡാമണിചെയ്ത സാഹസം
ചിലവീഴ്ച മഹാനു ശോഭയാം;
മലയിൽകന്ദരമെന്നമാതിരി" (ചിന്താവിഷ്ടയായ സീത)

ഇങ്ങനെ ധാരാളം കാണാവുന്നതാണ്—

"ഉന്നിദ്രകാന്തിയണിയും മണിയേറെയുള്ളീ
ക്കുന്നിന്നുമഞ്ഞഴകകററിയതില്ലതെല്ലും
ഒന്നിച്ചുനന്മകളിൽമുങ്ങുമൊരൊററദോഷം;
ചന്ദ്രന്നുരശ്മികളിലങ്കമതെന്നപോലെ" (കുമാരസംഭവം)

ഇതിലെ നാലാംപാദത്തിലുള്ള അലങ്കാരവും ഉദാഹരണംതന്നെയാണ്. അല്ലാതെ, ഉപമയോ കുവലയാനന്ദത്തിൽ പറയുന്നപ്രകാരം വികസ്വരമോ അല്ല.

പ്രാചീനന്മാരാകട്ടെ, ഇങ്ങനെയൊരലങ്കാരം സ്വീകരിച്ചിട്ടില്ല. ഈവക സ്ഥലങ്ങളിലൊക്കെയും ഉപമതന്നെയാകുന്നുവെന്നാണ് അവരുടെ അഭിപ്രായം. അതായതു—"നിർവിശേഷം ന സാമാന്യം"—എന്ന ന്യായപ്രകാരം ഏതാനുമൊരു വിശേഷംകൂടാതെ സാമാന്യത്തിന്നു പ്രകൃ

തത്വംതന്നെ എങ്ങിനെയാണ് സിദ്ധിക്കുക. അങ്ങിനെയിരിക്കെ ആ വിശേഷമാശ്രയിച്ച സാമാന്യത്തിന്നു വിശേഷാന്തരത്തോടു സാദൃശ്യസമുല്ലാസത്തിനിടയുള്ളതുകൊണ്ടു ഉപമ സംഭവിച്ചുകൂടെന്നില്ല. പോലെ മുതലായ ശബ്ദങ്ങളാൽ അവയവാവയിഭാവപ്രതീതിതന്നെയാണ് ആദ്യമുണ്ടാവുന്നതെങ്കിലും അവസാനം സാദൃശ്യത്തിൽതന്നെയാണ് പൎയ്യവസാനം. ആകയാൽ ഉദാഹരണമെന്നൊരു അലങ്കാരംതന്നെ സ്വീകരിച്ചിട്ടാവശ്യമില്ല എന്നിങ്ങനെയാണ്. പക്ഷെ, ഈ സ്ഥിതിക്കു ഉപമാകക്ഷ്യയിൽ നിക്ഷേപിക്കാൻകഴിയാത്ത അലങ്കാരങ്ങൾതന്നെ ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

(തുടരും) വ്യാകരണസാഹിത്യശിരോമണി, പി. കൃഷ്ണൻനായർ.

## "ഒരു ചണ്ഡാളൻ."

1. ഇതാജഗത്താംജനയിത്രിചൂട്ടും
പ്രശാന്തപച്ചക്കുടയെന്നപോലെ
പത്രങ്ങൾമുററിപ്പുരുശാഖമായി-
ട്ടുയൎന്നപേരാൽമരമൊന്നുകാണ്മൂ.

2. അൎക്കന്റെ സന്താപകരപ്രഹാരം
പേടിച്ചുപായുംപഥികവ്രജത്തെ
രക്ഷിക്കുവാനീവടവൃക്ഷവൎയ്യൻ
ശാഖാഭുജംവീശിവിളിച്ചിടുന്നു.

3. ചൂടിന്റെകാഠിന്യവശേനകൊററും
തേടാതെപത്രാളിനിറഞ്ഞകൊമ്പിൽ
കരഞ്ഞണഞ്ഞീടിനപക്ഷിയെല്ലാം
വാഴുന്നുസന്താപവിഹീനരായി.

4. തടിച്ചൊരദ്ദാരുവിലങ്ങുമിങ്ങും
കാണുന്നിതാകോടരമൊട്ടനേകം
ദ്വിജാളിതൻ പിഞ്ചുകിടാങ്ങൾമേവും
പ്രശാന്തമാംഗേഹമതായിരിക്കാം.

5. ഇടക്കിതിങ്കെന്നുപുറപ്പെടുന്നു
വിശിഷ്ടമേതോമധുരസ്വനങ്ങൾ
പുറത്തെഴുംമോഹനഭ്രൂവിലാസം
പതിഞ്ഞതഹ്ലത്തിൻവെളിപാടുപോലെ.

6. ശാന്തിത്തഴപ്പാൎന്നപ്രതീചിതന്റെ
കാന്തിപ്പകിട്ടിൽ കതിരോൻകളിക്കെ

തണ്ടാർമണാളന്റെയവസ്ഥയോർത്തും-
കൊണ്ടല്ലിനില്ലിദ്രുമമിങ്ങുമൌനം.

7. മാനത്തിലുച്ചസ്ഥിതനായിലോക-
ക്കതീവസന്താപമണച്ചുഭാസ്വാൻ
പ്രസന്നമാംപൊൻകതിർവീശിഭ്രമീ-
മുഖത്തിയററുന്നുമുറയ്ക്കുരാഗം.

8. തുറിച്ചുകണ്ണിൻമുനനാലുപാടും
പരത്തിനീണ്ടുള്ളൊരുചുണ്ടുമായി
വടദ്രുമംനോക്കിവരുന്നതാരോ-
ഹിമാചലാകാരനതീവദുഷ്ടൻ.

9 കറുത്തകീറത്തുകിൽചുററിടുന്ന
ഭയങ്കരൻമന്ദമടുത്തനേരം
പതത്രിജാലങ്ങൾപരംപരുങ്ങി-
ക്കരഞ്ഞുകൊണ്ടത്തരുവിട്ടുപാഞ്ഞാർ.

10. താഴത്തുനിൽക്കുന്നവനിങ്ങുകാള
ഫണിക്കുതുല്യംകരുതീടുകെന്നായ്
നീഢസ്ഥിതങ്ങൾക്കുപദേശമേകി-
സ്സമീരണൻതത്രചരിച്ചിടുന്നു.

11. ചെഞ്ചോരയാരുംകുളിർനീർക്കണക്കെ
കണ്ടാട്ടുശീലിച്ചൊരവന്റെദൃഷ്ടി
അതാപതിക്കുന്നൊരുപിഞ്ചുപക്ഷി-
ക്കിടാവുതൻ പൊന്നൊളിപൂണ്ടചുണ്ടിൽ.

12. ഉടൻമടിക്കാതെകൃതാന്തനെപ്പോ-
ലവൻ മരത്തിൽക്കരയേറിടുമ്പോൾ
പെററമ്മയെന്നോർത്തുവിലാന്തികത്തിൽ
കൂട്ടുന്നകുഞ്ഞുങ്ങൾകുഴങ്ങിപാരം,

13. ദയാലവംചെററുമെഴാത്തവൻ ഹാ!
കടിപ്പതെന്തിന്നു,—കഴുത്തമർത്തി
വിലത്തിൽനിന്നൂക്കൊടുതാഴെയിട്ടാ-
നിളംകിളിക്കുഞ്ഞുകളെക്കഠോരൻ.

14. ഹാ! ധാത്രിയുഷ്ണൽത്തിരുമാറിടത്തിൽ
പതിച്ചൊരുപിഞ്ചുകിടാങ്ങളേനീ
കനിഞ്ഞുനോക്കൊന്നിവയിപ്രപഞ്ചം
വെടിഞ്ഞിടാൻതാമസമേറെയില്ല.

15. ചാവാൻതുടങ്ങും സമയത്തിലും ഹാ!
നിന്മേനിമേൽപൊന്നൊളിപൂണ്ടുചുണ്ടാൽ
ഉരുമ്മിയെന്തോപറവാൻമുതിന്നി-
ട്ടുടങ്ങിടുന്നുനിജഖേദഭാരാൽ.

16. ഇടയ്ക്കുമേലോട്ടുറിച്ചദൃഷ്ടി
പതിച്ചുനോക്കുന്നവയെന്തിനാവാം
കടുത്തിടുന്നീരുജയായപാശം
അറുത്തിടാൻതാങ്ങനിനയ്ക്കയല്ലീ?

17. പത്രംകിളുക്കാത്തൊരിളംകിടാങ്ങ-
ളെന്താണുചെയ്യേണ്ടുപിളുത്തിടുന്നു
അന്ത്യസ്സമീരനൊടുയാത്രചൊല്ലാൻ
ഭാവിക്കയെന്നോബഹുകഷ്ടമോർത്താൽ.

18. പുണ്യർഷിമാരെക്കനിവോടുപെററ
ലോകാംബികേനിന്മടിതന്നിലിപ്പോൾ
ചാവാൻപിടയ്ക്കുന്നിവകൾക്കുമററും
സുമംഗലംഭാവിഭവിക്കയില്ലീ?

19. വളർന്നുവിശാലത്തിരുമാറുപച്ച-
പ്പുതക്കസൽക്കാന്തിയിയന്നുകാണ്മാൻ
സൃഷ്ടിച്ചൊരിപ്പിഞ്ചുകുരുന്നതെല്ലാം
കാലപ്പിഴപ്പാലപമൃത്യുതീണ്ടി.

20. കണ്ണുകൾക്കുംപടിയിങ്ങുരാഗം
വർണ്ണിച്ചുപാടേണ്ടുകിളിക്കിടാങ്ങൾ
തിണ്ണെന്നഹിംസാപരമാണെന്നോരേതോ
പുണ്യസ്ഥലംനോക്കിയുയർന്നിടുന്നു.

21. ചണ്ഡാല,പോരുംതവബാല്യവീഴ്ചം
പാപക്കയത്തിൽപ്പരമാർത്തിനിന്മെയ്
വിശപ്പുപോക്കുന്നതിനെങ്കിലെന്താം
കൃശങ്ങളായോരിവതന്റെമാംസം.

22. സാധുക്കൾതൻരക്ഷയതിന്നുവേണ്ടി
ദൈവംനിനക്കേകിനകയ്യിനാൽതാൻ
അവററതൻഹിംസയിൽനിന്നുദിച്ചേ,
ഫലപ്പെരുംകോട്ടപടുത്തിടുന്നു.

23. തമോഗുണത്താൽപരിപുഷ്ടമാംനിൻ
ഹൃത്തിന്റെസാധർമ്മ്യമിയന്നകായം

കരുത്തുകാണുന്നു,—പിതാമഹൻതൻ
ശില്പത്തിലോരാമവതൻഗ്ഗുണങ്ങൾ.

24. അന്യക്ഷരക്ഷയ്യുതകുന്നാപാണി
ധന്യാഹമെന്നാം,—ബുധവൃത്തി,ലെന്നാൽ
തോന്ന്യാസമാംനിന്നുടെവൃത്തിദൈന്യം
തോന്നാതെതാരീമട്ടുകഠോരമല്ലോ?

കുഞ്ഞുങ്ങളെകാലനുകാഴ്ചയായി—
ട്ടയച്ചനിൻനിഷ്ഠൂരകൃത്യമിപ്പോൾ
ഇവയ്ക്കുഴന്നോരുപിതാക്കൾകേഴും—
സ്വപ്നത്തിനാൽ മാററാലിച്ചേപ്പുവാനിൽ.

26. ഇപ്പക്ഷികൾക്കള്ളൊരുജീവ,നമ്പൊ
മാനത്തിലോമൽപ്പുത്തതാരമായി
നിനക്കുനേരാംവഴികാട്ടുവാനാ—
യുദിച്ചിടാംസന്ധ്യമയങ്ങിടുമ്പോൾ.

27. ചണ്ഡാളന്റെകഠോരകൃത്യമതിനാൽ
പാപംകലൻളള്ള ഭ്രൂ—
ഖണ്ഡംകാണുവതിന്നുകെല്പുകുറയും
ചണ്ഡാംശുമന്ദാദനായ്
മാനംവിട്ടുമഹോദധിത്തിരകളിൽ
ചായുന്നുഹാ!വൻതുമോ—
ദ്വാതം“തൽദ്വിജഹത്യ”യെന്നകളവും
കൈക്കൊണ്ടുക്രൂട്ടുന്നിതാ.

ശുഭം.

ഇടപ്പള്ളി ശ്രാമ്പിക്കൽ, പത്മനാഭമേനോൻ.

---

# ലീലാവിമശം.

(മറെറാരു നിരൂപണനിരൂപണം)

---

സാഹിത്യപോക്കളത്തിൽ കച്ചകെട്ടി പുറപ്പെടുന്ന പോരാളികൾ ചില ഒഴിച്ചുക്രൂടാത്ത മാമൂൽസമ്പ്രദായങ്ങൾ അനുഷ്ഠിക്കേണ്ടതായിട്ടുണ്ട്. അതിലൊന്നാണ് ലീലാവിമശനത്തിൽ മിസ്റ്റർ ഡി. പത്മനാഭനുണ്ണി തെററിനടന്നത്. മഹാകവി വള്ളത്തോളിന്റെ ലീലാവിഹാരത്തിന്നു മിസ്റ്റർ മൂക്കോത്തു കുമാരൻ ഒരു സമാധാനം മിതവാദിപ

ത്രത്തിൽ എഴുതി. അതു കണ്ടപ്പോൾ മി. ഉണ്ണി അതിനെ അതേപോലെ എടുപ്പിച്ചു * ഈ മാസികയുടെ കഴിഞ്ഞകൊല്ലത്തെ ആറാംലക്കത്തിൽ ചേൎക്കുകയും ആ നിരൂപണത്തിന്നു മതിയായ ഒരു നിരൂപണമെന്ന കൃതാൎത്ഥതയോടെ തന്റെ ഒരു ലേഖനം അതിന്നുമുമ്പിൽ സ്ഥാപിക്കുകയും ചെയ്തു. × ആ ലേഖനം മി. കുമാരൻ കാണരുതെന്ന ഏതോ ഉദ്ദേശംകൊണ്ടോ, അല്ല അരുണോദയം മാസികക്ക് തന്റെ വിലയേറിയ ഒരു ലേഖനം നഷ്ടമായിപ്പോകുമെന്നോ, എന്തൊക്കെയോ വിചാരിച്ചിട്ടായിരിക്കാം അപ്രകാരം ചെയ്തതു്. ഏതുവിധമായാലും ഇതൊരു ചെറിയ തെററാണെന്നാണ് എനിക്കു തോന്നുന്നതു്. തന്റെ ആ നിരൂപണത്തിന്നു തക്കതായ ഒരു മറുവടി ആരെങ്കിലും എഴുതിക്കാണേണമെന്നുള്ള മോഹം ഉണ്ടായിരുന്നെങ്കിൽ ഒരു കോപ്പി മിതവാദിക്കും അയക്കാമായിരുന്നു.

സാഹിത്യസംബന്ധമായുള്ള കാൎയ്യങ്ങളിൽ ഒരാളുടെ പ്രത്യേക ജാതി മറെറാരാളോടുള്ള പ്രത്യേകസ്നേഹം മുതലായവ നോക്കി ഓരോരുത്തരും എന്തെങ്കിലും വായിൽതോന്നിയപടി എഴുതിക്കൂട്ടിവിട്ടാൽ ആയതിനെ ഭാഷാപ്രണയികളായ പൊതുജനങ്ങൾ നല്ല ഒരു പ്രവൃത്തിയായി കരുതുമെന്നു തോന്നുന്നില്ല. ഈയിടെയായി ജാതിപിശാച് കേരളമൊട്ടുക്കും—അല്ല ഇന്ത്യ ഒട്ടുക്കും—കടന്നുകൂടി സാഹിത്യമൊഴികെയുള്ള മററു സകല ഏൎപ്പാടുകളിലും പല നാശങ്ങളും എടുത്തുകൂട്ടിക്കഴിഞ്ഞു. ഇപ്പോളിതാ ആ ശനി ഭാഷാപോഷണതല്പരന്മാരെന്നഭിമാനിക്കുന്ന കേരളഭാഷായോഷയുടെ ചെറുപൈതങ്ങളുടെ പിന്നാലെകൂടി അവളുടെ ഉത്തമസന്താനങ്ങളെ അവരെക്കൊണ്ടു പരിഹസിപ്പിച്ചുതുടങ്ങിയിരിക്കുന്നു. ഭാഷാപ്രണയികൾ അതിനെ അടിച്ചോടിക്കേണ്ടുന്ന കാലം ഇലോം വൈകിയിരിക്കുന്ന ഇക്കാൎയ്യത്തിൽ മി. പത്മനാഭനുണ്ണി മുതലായവർ യോജിക്കുമൊ എന്തൊ?.

മി. കുമാരൻ ചെയ്ത തെററ് എന്താണെന്നു ഒന്നാമതായി നമുക്കൊന്നു നോക്കുക. ലീലക്ക് വള്ളത്തോൾ ഒരു നിരൂപണമെഴുതി. അതിന്നു സമാധാനംപറവാൻ ബാദ്ധ്യസ്ഥനായ ലീലാകൎത്താവ് പരലോകപ്രാപ്തനായതിനാൽ മി. കുമാരൻ അതിൽ ഏൎപ്പെട്ടു. എന്നല്ലാതെ

* മിതവാദിയിലെ ലേഖനം ഞങ്ങളുടെ വായനക്കാരുടെ സൌകൎയ്യത്തിന്നുവേണ്ടി ഞങ്ങൾ ചേൎത്തതാണ്. മി. ഉണ്ണിയുടെ ലേഖനം അതിന്നാസ്പദമായ മി. മൂക്കോത്ത് കുമാരന്റെ ലേഖനം വായിക്കാത്തവൎക്ക് വിശദമാവുന്നതല്ലല്ലോ. (അ. പ്ര.)

× ഈ ഊഹം ശരിയല്ല. പത്രധൎമ്മമനുസരിച്ചു് മി. ഉണ്ണിയുടെ ലേഖനം ഞങ്ങൾ മി. മൂക്കോത്ത് കുമാരനു് അയച്ചുകൊടുക്കയും, അതിന്ന് അദ്ദേഹം മറുവടി എഴുതുന്നുണ്ടെങ്കിൽ അത് അരുണോദയത്തിൽ സസന്തോഷം ചേൎത്തുകൊള്ളാമെന്ന് അദ്ദേഹത്തെ ഞങ്ങൾ അറിയിക്കയുമുണ്ടായിട്ടുണ്ട്. (അ. പ്ര.)

മി. പത്മനാഭനുണ്ണി കൊട്ടിഘോഷിക്കുംപോലെ യാതൊരു വക്കാലത്തും അദ്ദേഹം ഏറ്റെടുത്തിട്ടില്ല. വക്കാലത്ത് നാമം കൊടുപ്പാൻ അന്യായക്കാരനും ഇല്ലല്ലൊ, ഒരു കൃതിയെപ്പററി വല്ലവരും വിമൎശിക്കുന്ന പക്ഷം ആയതിന്നു തക്കതായ സമാധാനം കൃതിയുടെ കൎത്താവുതന്നെ എഴുതേണമെന്നാണ് എൻെറപക്ഷം. കാരണം വിമൎശകൻ കവി വിവക്ഷിച്ചിരിക്കുന്ന ആശയം അൎത്ഥം മുതലായവ മനസ്സിലാക്കിയെന്നൊ മനസ്സിലാക്കിച്ചെന്നൊ വരില്ല, താഴെചേൎക്കുന്ന രണ്ടു പാദം ഇതിന്നു ഒരു ഒന്നാന്തരം ഉദാഹരണമാണ്.

"മരിക്കലുണ്ടേവനുമാത്മനാശം
ജരയ്ക്കുമുമ്പേമരണംമനോജ്ഞം."

ആത്മാവിന്നു നാശമില്ലെന്നു ലോകത്തിലുള്ള സൎവ്വജാതിമതസ്ഥന്മാരും ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു വാസ്തവമാണെന്നിരിക്കെ കുഞ്ചൻനമ്പ്യാർമാത്രം ഇങ്ങിനെ പറയുവാനെന്താണ് അവകാശം? ഈ കാൎയ്യത്തിൽ അയാളുടെ അദ്ധ്യാത്മവിഷയത്തിലുള്ള അജ്ഞതയെ ലോകസമക്ഷം ചൂണ്ടിക്കാണിക്കയല്ലാതെ മററന്താണ് പറയേണ്ടതു് എന്നും മററും വള്ളത്തോളും ജീവിച്ചിരിക്കുന്ന അയാൾക്കുവേണ്ടി വൃഥാ വക്കീൽനാമം കയ്യേററിരിക്കുന്ന മിസ്റ്റർ പത്മനാഭനുണ്ണിക്കും തോന്നിയെന്നു വന്നേക്കാം. ഈ മാതിരി തോന്നൽകൊണ്ടു കുഞ്ചൻനമ്പ്യാൎക്കുള്ള മാന്യപദവിക്ക് യാതൊരു ഹാനിയും വരില്ല. ആത്മനാശം എന്നതിന്നു ഇവിടേ കവിഹൃദയം ദേഹനാശം എന്നാണ്. 'നിരങ്കുശാഃ ഖലു കവയഃ' എന്നു പറഞ്ഞതുകൊണ്ടു് കവികൾ ഒരുതരം ലൈസ്സൻസ്സുകാരാണെന്നും വരുന്നു. എന്നിരിക്കെ ആരെങ്കിലും എന്തൊക്കെയൊ എഴുതുകയൊ പറയുകയൊചെയ്താൽ ഇരിക്കുന്നതാണൊ? എങ്കിലും ഈ തരം തെററിദ്ധരിച്ചുള്ള നിരൂപണമൎദ്ദനങ്ങളിൽനിന്നു അല്പം ആശ്വാസം കിട്ടണമെങ്കിൽ കവിതാകൎത്താക്കന്മാർ എല്ലാവരും അവരവരുടെ കവിതയുടെ അന്ത്യത്തിൽ ഒരു ടിപ്പണംകൂടി എഴുതിചേൎക്കുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നു.

ലീലയുടെ വിമൎശനകൎത്താവ് ആരായാലെന്താ? ആ വിമൎശം ശരിയൊ തെററൊ എന്നു മാത്രമെ മി. കുമാരൻ മുതലായവർ നോക്കേണ്ടതുള്ളു. തെററാണെങ്കിൽ അതു് മഹാകവി, കവി സാൎവ്വഭൌമൻ, കേരളടാഗോർ, മലയാളഷെയിക്ക്സ്പീയർ എന്നീ ബഹുമതികൾകൊണ്ടു പുകഴ്ത്തപ്പെട്ടുന്ന വള്ളത്തോൾ നാരായണമേനോനല്ല, പാണിനിമഹൎഷിതന്നെ ആയാൽ എന്താണൊരു മെച്ചം? "അനവധാനതാപംകൊണ്ടു പല തെറുകളും മുരുക്കം ചില വിമൎശനങ്ങളിൽ പററാതിരുന്നിട്ടില്ല" എന്നുള്ള മി. പത്മനാഭനുണ്ണിയുടെ വാചകംതന്നെ വള്ളത്തോളിൻെറ വിമൎശനപാടവത്തെ ധാരാളം തെളിയിക്കുന്നുണ്ടു്. ലീലാനിരൂപണകാ

ര്യത്തിലും വള്ളത്തോൾ അബദ്ധത്തിലാണ് കലാശിച്ചതെന്നുമാത്രമെ മി. കുമാരനും പറഞ്ഞിട്ടുള്ളു. അതിനാണൊ മി. പത്മനാഭനുണ്ണി ഇത്രയൊക്കെ പരിഭവിക്കുന്നതു്? അദ്ദേഹത്തിൻെറ മുഖസ്തുതിക്കുള്ള അതിരില്ലായ്മയെ നോക്കുക. "ഇന്നു കേരളത്തിലുള്ള സാഹിത്യവ്യാപാരികളിൽ വള്ളത്തോളിനോളം സ്വയശസ്സു സമ്പാദിച്ചവർ വേറെയില്ല" ഇതു് വള്ളത്തോൾകക്ഷിയിലെ മി. പത്മനാഭനുണ്ണി പറയുന്നതാണ്. ഇതുതന്നെ ഉള്ളൂർകക്ഷികൾ കേട്ടാൽ എന്തുപറയുമൊ ആവൊ. ഒരു പക്ഷെ അവരും പറയും ഉള്ളൂരിനോളം സ്വയശസ്സു സമ്പാദിച്ചവർ വേറെ ഇല്ല. തീർന്നില്ലെ കാര്യം.

"ലീലയെക്കുറിച്ചും വള്ളത്തോൾ യാതൊരു ദോഷപ്രസ്താവവും ചെയ്യാതിരുന്നാൽ കൊള്ളാമായിരുന്നു എന്നു മി. കുമാരനു മോഹമുണ്ടു്" എന്നു മി. പത്മനാഭനുണ്ണി പറയുന്നു. ഇങ്ങിനെയുള്ള ഒരു ദുർമ്മോഹം മി. കുമാരനെന്നല്ല മററാർക്കുംതന്നെയില്ല. ഉള്ള ദോഷത്തെ തീർച്ചയായും ചൂണ്ടിക്കാണിക്കേണമെന്ന കലശലായ മോഹമാണ് നേരെ മറിച്ചു ഞങ്ങളാൽചിലർക്കുള്ളതു്. പക്ഷെ അസൂയയിൽനിന്നു ഇല്ലാത്ത ദോഷപ്രസ്താവം ഉണ്ടായതിൽ അദ്ദേഹത്തിനും നിർമ്മത്സരബുദ്ധികളും വിശാലഹൃദയന്മാരുമായ മററു ചിലർക്കും ധാരാളം കുണ്ഠിതം ഉണ്ടു്.

കഥയുടെ അടിസ്ഥാനത്തെപ്പററിയുള്ള മി. കുമാരൻെറയും മി. പത്മനാഭനുണ്ണിയുടെയും വാദം കൃതിയെ ബാധിച്ചുകാണായ്കയാൽ ആ കാര്യത്തിൽ ഞാനൊന്നും എഴുതുവാൻ തുനിയുന്നില്ല.

"അച്ഛൻ നിശ്ചയിച്ച വിവാഹത്തിൽ നിന്നൊഴിയുവാൻ മകൾ ശ്രമിച്ചുനോക്കാത്തതു വിനയംകൊണ്ടൊ ഗുരുജനഭയംകൊണ്ടൊ ആണെന്നു കവി പറയുന്നതിന് വിശ്വാസയോഗ്യത പോരാ" എന്നുള്ള കേരളടാഗോറിൻെറ അഭിപ്രായത്തെ നമുക്കിനി വിചിന്തനം ചെയ്തു നോക്കുക. 'തരുമനുമതിതാതനിങ്ങു' എന്നാലീല പ്രതീക്ഷിക്കണമെങ്കിൽ അവളുടെ അനുരാഗവിവരം അച്ഛനെ ഏതെങ്കിലുമൊരാൾമുഖേന അറിയിച്ചിട്ടുണ്ടെന്നു വ്യക്തമല്ലേ? അച്ഛനാകട്ടെ അതിന്നു യാതൊരു സമാധാനവും ആ പറഞ്ഞ ആളോടു് ആ അവസരത്തിൽ പറകയും ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെയാണ് "തരുമനുമതി താതനിങ്ങു" എന്നു അവൾ പ്രതീക്ഷിക്കുവാനുള്ള കാരണം. അവൾ അവളുടെ അനുരാഗവിവരത്തെ അച്ഛനെ അറിയിക്കുവാൻ അരവാക്കുപോലും ചിലവിട്ടുന്നില്ലെന്നുള്ള മി. ഉണ്ണിയുടെ വാദം, കവിയുടെ ഔചിത്യയുക്തമായ പ്രയോഗത്തെ മനസ്സിലാക്കുവാൻ ശക്തിയില്ലാത്തതുകൊണ്ടുമാത്രമാണെന്നാണ് എൻെറ പക്ഷം.

തന്നെ അനഭീഷ്ടനായ ഒരാൾക്കു കൊടുപ്പാൻ അച്ഛൻ വാഗ്ദത്തം ചെയ്തുപോയി. ഇനി അദ്ദേഹത്തിൻെറ ഇഷ്ടത്തിന്നെതിരായി

മദനനെ വേണ്ട എന്നു ഖണ്ഡിച്ചുപറയുന്നതു് ശരിയല്ല എന്നുള്ള കുലീനയായ ലീലയുടെ ഉത്തമവിചാരമാണു് അവളുടെ കാമിതനെ ആളെ അയച്ചു പറയിച്ചതിൽപിന്നെ മറച്ചുവെക്കുവാൻ നിബ്ബന്ധിച്ചതു്. ഇതു തെററാണോ? അല്ല നേരെമറിച്ചു കേരളവാത്മീകിയുടെ ഉഷ പറയുംപോലെ

"ഞാനാളയച്ചിഹവരുത്തിയതാണെന്നാ-
ത്താനാര്യപുത്രനെഴുന്നെള്ളുകയല്ലചെയ്തു".

എന്നുള്ള ധിക്കാരസ്വരത്തിൽ * സ്വപിതാവോടു കേവലം കന്യകയായ ഒരുവൾ സങ്കോചമില്ലാതെ പറകയാണോ വേണ്ടതു്? കുലകന്യകക്കു് ചേർന്നതാണോ ഇതു്?

ലീല കാമുകനെ അന്വേഷിച്ചു കണ്ടകാട്ടിലെല്ലാം തെണ്ടിനടന്നതു എപ്പോഴാണു്; ഒരു അനാഥയായ തരുണിയുടെ നിലയിലായപ്പോഴല്ലെ! അപ്പോഴാകട്ടെ അവൾക്കു് യാതൊരാളുടെ സമ്മതവും വേണ്ട. ഉററവരായി അവൾക്ക ഇനി ആരുംതന്നെ ഇല്ല. ഇഷ്ടകാമുകൻ ഒരു കാട്ടിൽ അലഞ്ഞുനടക്കുന്നതായി കേട്ടു. ജീവിതത്തിൽ ഇനി സുഖം വേണമെങ്കിൽ അദ്ദേഹത്തെ അന്വേഷിച്ചു കണ്ടുപിടിക്കുകതന്നെ. മദനൻ സമീപവൎത്തിയായിരുന്നിട്ടുകൂടി അവനെ എപ്പോഴെങ്കിലും ആളെ അയച്ചുവരുത്തുകയൊ, മാടിവിളിക്കുകയൊ, ദേഹസ്പർശനം ഏതെങ്കിലുംവിധത്തിൽ ചെയ്യുകയൊ ഉണ്ടായിട്ടില്ല. യഥാൎത്ഥസ്നേഹം ഇന്നതാണെന്നു് മനസ്സിലാക്കി ആത്മാൎത്ഥമായി മദനനെ കാമിക്കയെ ആദ്യം (അപമാനം വരുത്തിക്കൂട്ടിയാൽ വ്യസനിപ്പാൻ ആളുള്ളപ്പോൾ) ചെയ്തിട്ടുള്ളു. കാമഭ്രാന്തു പിടിപെട്ട ലീലയായിരുന്നുവെങ്കിൽ കൃശഗാത്രനായ മദനനെ അന്വേഷിച്ചു പോകേണ്ടതില്ലായിരുന്നു. അവളുടെ കാമശമനത്തിന്നു ഉദയപുരിയിൽ ധാരാളം സ്ത്രീലമ്പടന്മാരെ കിട്ടുവാൻ സുന്ദരിയും ധനാഢ്യയും ആയ ലീലക്കു് യാതൊരു പ്രയാസവും ഉണ്ടാകയില്ല, കൂടാതെ.

"പ്രഥിതരഥ്യയുവാക്കളെത്തിപോൽ
സ്ഥിതിയറിയാതെമനം ഹരിക്കുവാൻ
വ്യഥിത,യുദ്ധഗണങ്ങൾചൂഴിലും
ഗതവിധുവാം നിശപോലെവാണിവൾ"

ലീലക്കു് കാമഭ്രാന്തു് ലവലേശം ഇല്ലെന്നു അവളും അവൾക്കനഭിമതനായ വരനും തമ്മിലുള്ള ചേഷ്ടയെപ്പററി കവി പറയുന്നതിൽനിന്നു് ധാരാളം മനസ്സിലാക്കാം. കവി എന്താണു് പറയുന്നതെന്നു നോക്കുക.

---

* കേരളവാത്മീകിയുടെ ഉഷ തന്റെ പിതാവിനോടു ഇങ്ങിനെ പറകയുണ്ടായിട്ടില്ല. പിതാവിന്റെ മന്ത്രിയോടാണു് പറയുന്നതു്. (അ. ലേ.)

"ഘടനപതിവിലാസിചെയ്കിലും
പിടമൃഗനേത്രകൃപാർദ്രയാകിലും
സ്ഫുടമകമലിയാതെമേവിനാൾ
തടശിലപോലെതരംഗലീലയിൽ".

മറെറാരു ആക്ഷേപം അല്ലയു എന്ന പദപ്രയോഗത്തെപ്പററിയാണ്. കുമാരനാശാൻെറ ശ്ലോകങ്ങളിൽ അപൂർണ്ണവിരാമം മുതലായ ചിഹ്നങ്ങൾ ഇല്ലെങ്കിൽ അർത്ഥവുമില്ലെന്നിരിക്കെ വല്ലവരും ആ വാസ്തവത്തെ കേവലം വിസ്മരിച്ചു എന്തെങ്കിലും എഴുതുകയൊ അച്ചടിക്കുകയൊ ചെയ്താൽ ആയതുകൾകുമാരനാശാൻെറ വിലയേറിയ ശ്ലോകങ്ങൾക്ക് ബാധകമാണൊ? അങ്ങിനെയുള്ള അപൂർണ്ണവിരാമാദികൾ ഭാഷയിൽ വെറുതെയാണൊ വച്ചിട്ടുള്ളതു? വല്ലവരും തെററിദ്ധരിച്ചാൽ അത് അങ്ങിനെയല്ലെന്ന് അറിവുള്ളവർ പറഞ്ഞുകൊടുക്കണം. തെററായി അച്ചടിച്ചുകഴിഞ്ഞാൽ അബദ്ധസംബദ്ധങ്ങളെ കുറിക്കുന്ന ശുദ്ധിപത്രം എഴുതിചേക്കണം, അല്ലാതെ ആശാൻ ഉപയോഗിച്ചപദം തെററാണെന്നും അതിനെ പാടെ വലിച്ചെറിഞ്ഞു അതുമല്ല എന്നു ചേർത്താലെ തെററിദ്ധാരണ തീരുമെന്നും മററും വള്ളത്തോളും അദ്ദേഹത്തിൻെറ ഭാഗംനിന്ന് താങ്ങി പറയുന്ന മിസ്റ്റർ പത്മനാഭനുണ്ണിയും പറഞ്ഞാൽ ഇരിക്കുന്നതാണൊ?

നിരൂപണമല്ല്യെ ചിലേടത്ത് മി. പത്മനാഭനുണ്ണി മി. കുമാരനോട് യോജിക്കുന്നുപോൽ. മറിച്ചുതോന്നാത്തിടത്ത് യോജിക്കുകയല്ലാതെ മറെറന്തു ശരണം.

ഇനി അവിടെ യോജിക്കുമൊ ഇല്ലയൊ എന്നൊന്നു നോക്കുക. അവിടേയുള്ള തർക്കം 'സുപരീക്ഷിതമിപ്പൊഴെന്മനസ്സ്' എന്നതിൻെറ അർത്ഥത്തെപ്പററിയാണ്. ഇതിൻെറ അർത്ഥം എൻെറ മനസ്സ് ഇപ്പോൾ നല്ലവണ്ണം പരീക്ഷിക്കപ്പെട്ടു. എന്നായില്ലെടെ? എങ്ങിനെയെന്നുവെച്ചാൽ അവൾക്ക് നേരിട്ട അത്യാഹിതത്താലും അന്നുവരെയുണ്ടായിട്ടുള്ള കൂടുതൽ ലോകപരിചയത്താലുംതന്നെ. ഇവ രണ്ടിൽനിന്നും മി. കുമാരൻ വിചാരിച്ച മനഃപരിപാകം വന്നുകൂടയൊ? അല്ല ആ മനഃപരിപാകം വരുവാൻ വല്ല സർവ്വകലാശാലാബിരുദം കൂടിയെ കഴികയുള്ളുവെന്നുണ്ടൊ? അങ്ങിനെയാണെങ്കിൽ ആബാലവൃദ്ധം ജനങ്ങൾ മനഃപരിപാകത്തിന്നായി സർവ്വകലാശാലബിരുദകൾതന്നെ നേടേണമെന്നു മി. പത്മനാഭനുണ്ണി യുക്തിപൂർവ്വം ഒരു വിജ്ഞാപനം പുറപ്പെടീക്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു.

അദ്ദേഹത്തിൻെറ ഉപസംഹാരത്തിൽ ഇപ്രകാരം പറയുന്നു. "നിരുത്തരവാദിയായ ഒരു പ്രസാധകൻ എന്തെങ്കിലും ചെയ്യട്ടെ. അവതാരികയിൽ അയാൾ എന്തെങ്കിലും പറയട്ടെ. അതിൽ കാണുന്നവര് പരിഹാസപാതകത്തിന്ന് അയാളുടെ എത്ര വലിയ പശ്ചാത്താപവും മോചനം നൽകുമെന്ന് എനിക്കു തോന്നുന്നില്ല." ഇതിൽനിന്ന്,

മി പത്മനാഭനുണ്ണിമാത്രം ഒരു ഉത്താരവാദിത്വമുള്ള പ്രസാധകനാണെന്നും പരപരിഹാസമഹാപാതകത്തിന് അദ്ദേഹം പശ്ചാത്തപിക്കേണ്ടതില്ലെന്നും തോന്നിപ്പോകും. പിന്നെ വള്ളത്തോളിനുള്ള ഗുണത്തെ നശിപ്പിക്കണമെന്നു ഞങ്ങളാൽ ചിലക്ക് വിചാരമെ ഇല്ല. എന്നല്ല അദ്ദേഹത്തിന്ന് അങ്ങിനെവല്ല ഗുണവും ഉണ്ടെങ്കിൽ അതിനെ നശിപ്പിക്കുവാൻ ഞങ്ങളാൽ സാധിക്കുന്നതും അല്ല എന്ന് മി ഉണ്ണി പ്രഭൃതികളെ വിനയപൂർവ്വം അറിയിച്ചുകൊള്ളുന്നു. എങ്കിലും വള്ളത്തോൾ നാരായണമേനോൻെറ ഗുണം പ്രകാശിച്ചുകാണ്മാൻവേണ്ടി ആശാൻെറ സ്വയംപ്രകാശിതമായ യഥാർത്ഥഗുണത്തിന്മേൽ കരിതേപ്പു കഴിക്കരുതെ എന്നുള്ള ഒരേ ഒരു പ്രാർത്ഥനയെ താങ്കളോടും മററും ഈയുള്ളവനുള്ളൂ.

വി കുഞ്ഞിക്കണ്ണൻ.

# ഹിന്ദുക്കളുടെ ഉപാസനാരഹസ്യം.

(൫൦-ാം ലക്കത്തിൽനിന്നും തുടച്ചു.)

അഗ്നിപോലെ പീതവർണ്ണമായ അംഗകാന്തിയുള്ളവളും തപസ്സുകൊണ്ട് ഉജ്വലിക്കുന്നവളും കർമ്മഫലലബ്ധിക്കായി ദാനവന്മാരാൽ ഉപാസിക്കപ്പെട്ടുന്നവളുമായ ആ ദുർഗ്ഗാദേവിയേ ഞാൻ ശരണം പ്രാപിക്കുന്നു. ബ്രഹ്മത്താൽ സ്തുതിക്കപ്പെട്ടുന്നവളും വൈഷ്ണവിയും സ്കന്ദമാതാവും സരസ്വതിയും അദിതിയും ദക്ഷപുത്രിയും സർവ്വപാവന പാവനയുമായ ശിവയേ ഞാൻ നമസ്കരിക്കുന്നു.

അഥർവ്വേനാം പരബ്രഹ്മരൂപിണീം ബ്രഹ്മരന്ധ്രേധ്യാത്വാ ബ്രഹ്മമയോഭവതി. അബ്രാഹ്മണോ ബ്രാഹ്മണോ ഭവതി, അശ്രോത്രിയഃ ശ്രോത്രിയോ ഭവതി. സസർവ്വസ്മാൽ പാപ്മനാ വിമുക്തോ ഭവതി, വിമുച്യതേ ഏതദ്വൈതൽ. (അഥർവ്വവേദസംഹിത)

യാതൊരുവൻ അനന്തജന്മാർജ്ജിതമായ സുകൃതവിശേഷത്താൽ ഈ ബ്രഹ്മസ്വരൂപിണിയെ ബ്രഹ്മരന്ധ്രത്തിൽ ധ്യാനിച്ച് അനുഭവപ്പെട്ടുത്തുന്നു. അവൻ എത്രതന്നെ അബ്രാഹ്മണനായാലും തൽക്ഷണം ബ്രാഹ്മണത്വം പ്രാപിയ്ക്കുന്നു. അശ്രോത്രിയനാണെങ്കിലും അവൻ സമസ്തവേദാർത്ഥപാരദർശിയായിട്ട് സകലപാപങ്ങളിൽനിന്നും വിമുക്തനാകുന്നു മാത്രമല്ല അവൻ ഭവബന്ധത്തിൽനിന്നു മുക്തനായി നിർവ്വാണപദത്തെ പ്രാപിയ്ക്കുന്നു.

ഉമാസഹായം പരമേശ്വരം പ്രഭും
ത്രിലോചനം നീലകണ്ഠം പ്രശാന്തം
ധ്യാത്വാമുനിർഗ്ഗച്ഛതിഭൂതയോനിം
സമസ്തസാക്ഷിംതമസഃപരസ്താൽ(കൈവല്യോപനിഷത്)

അനന്തബ്രഹ്മാണ്ഡത്തിന്നു നായകനും സമസ്തലോകത്തിനും സാക്ഷി സ്വരൂപനും ജഡാതീതമായ സർവ്വഭൂതങ്ങൾക്കും ആദികാരണനും നീല കണ്ഠനും ത്രിലോചനനുമായ ദേവനെ ഉമാസമേതനായി ധ്യാനിച്ചിട്ട് മുനികൾ ബ്രഹ്മതത്വത്തെ പ്രാപിയ്ക്കുന്നു.

ബ്രഹ്മാദേവാനാംപ്രഥമഃസംബഭൂവ
വിശ്വസ്യകർത്താഭുവനസ്യഗോപ്താ (മുണ്ഡകം 1. 1)

ബ്രഹ്മാവ് ദേവന്മാരിൽ ആദ്യനായി ആവിർഭവിച്ചു, അദ്ദേഹം വിശ്വ കർത്താവും ഭുവനത്തിൻെറ രക്ഷാകർത്താവുമാകുന്നു.

ഹിരണ്യഗർഭം ജനയാമാസപൂർവ്വം (ശ്വേതാശ്വ 3–8)

അദ്ദേഹം ഹിരണ്യഗർഭ(ബ്രഹ്മാ)രൂപത്തിൽ ആദ്യമായി പ്രകാശിച്ചു, ജ നയാമാസ എന്നതുകൊണ്ട് ആ ബ്രഹ്മവസ്തു ബ്രഹ്മാരൂപത്തിൽ പ്രത്യ ക്ഷപ്പെട്ടു എന്നർത്ഥമാകുന്നു. ഏതേത് ഉപനിഷത്തുകളിൽ നിരാകാ രോപാസനയെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു, അവയിലെല്ലാം അദ്ദേ ഹത്തിൻെറ സാകാരോപാസ്തിയേയും വർണ്ണിച്ചിട്ടുണ്ട്. ഇതിന് മുകളി ൽ ഉദ്ധരിച്ചിട്ടുള്ള മന്ത്രങ്ങൾതന്നെ പ്രമാണമാകുന്നു. വിസ്തരഭയത്താൽ അധികം ഉദ്ധരിക്കുന്നില്ല. പുരാണങ്ങൾ, തന്ത്രശാസ്ത്രങ്ങൾ ഇവയിൽ നിന്നും യാതൊരു പ്രമാണങ്ങളേയും ഉദ്ധരിക്കേണ്ടതായിട്ടില്ല. എന്തെ ന്നാൽ അവയിൽ സഗുണബ്രഹ്മത്തെക്കുറിച്ചു ധാരാളം വിവരിച്ചിട്ടുണ്ട്.

ഇനിയും, സാധകസമ്പ്രദായത്തിൻെറ അറിവിനായി ഞങ്ങൾ ക്കറിവുകിട്ടിയിട്ടുള്ളവയിൽ ചിലതു കാണിയ്ക്കുന്നു ഇവ അടുത്തകാല ത്തു നടന്ന കഥയല്ല. ഏതാണ്ട് 400 വത്സരങ്ങൾക്കുമുൻപ് ത്രിപുരാ ജില്ലയിൽ പെട്ട മേഹാറിൽ സർവ്വാനന്ദഠാക്കുർ എന്ന സാധകൻ ഒരു രാത്രിയിൽ ജഗദംബയുടെ ദശമഹാവിദ്യാരൂപത്തെ ദർശിച്ചു, അദ്ദേഹം കേവലം നിരക്ഷരനായിരുന്നു. ദേവീരൂപത്തെ ദർശിച്ചമാത്രയിൽതന്നെ അദ്ദേഹം അനവധി സംസ്കൃതസ്തോത്രങ്ങൾ ഉച്ചരിച്ചു. ആ സ്തോത്ര ങ്ങൾ ഇന്നും ഭക്തസംഘങ്ങളിൽ പ്രചാരത്തിലിരിക്കുന്നു. അദ്ദേഹത്തി ൻെറ ജീവചരിത്രത്തിലൊരുഭാഗത്ത് ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു.

"അനന്തരം ആ നിശീഥസമയത്തിൽ അദ്ദേഹത്തിൻെറ ഹൃദ യപദ്മത്തിൽനിന്ന് പെട്ടന്ന് സൂര്യചന്ദ്രന്മാരേപ്പോലെ തേജോമയവും നിർമ്മലവും അഗ്നിപിണ്ഡാകൃതിയിലുള്ളതുമായ ഏതോ ഒരു വസ്തു പുറ പ്പെട്ട് ആ വനമാസകലം വ്യാപിച്ചു. ആ തേജോമയപദാർത്ഥം ക്രമേ ണ സ്ഥിരമായപ്പോൾ, അതിൽ അദ്ദേഹം സുനിർമ്മലമായ തൻെറ ഇ ഷ്ടദേവിയുടെ ദിവ്യമോഹനരൂപത്തേ ദർശിച്ചു. അതിനേ വീണ്ടും വീ ണ്ടും അവലോകനം ചെയ്ത് തൻെറ ഇഷ്ടദേവിയുടെ സകല അംഗപ്ര ത്യംഗങ്ങളും അദ്ദേഹത്തിന് ദൃഷ്ടിഗോചരമായപ്പോൾ ഠാക്കുർ ആനന്ദ ചിത്തനായി ആ ദിവ്യമംഗളമൂർത്തിയെ ധ്യാനിക്കാൻ തുടങ്ങി. വർണ്ണ

നാതീതവും മനോഹരവുമായ വിശിഷ്ടരൂപത്തോടും, ഭക്തവത്സലയായി പത്മസങ്കാശവും സ്മിതസുന്ദരവുമായ വദനത്തിൽ നീലാംബുജങ്ങൾ പോലുള്ള നയനങ്ങളോടും, ദയാർദ്രഹൃദയായി സാധകന്മാക്ക് അഭീഷ്ടവരപ്രദയായി ഭക്തന്മാക്കു മംഗളത്തെ അനുഗ്രഹിക്കുന്നവളായി ശാന്തന്മാക്കു ശാന്തിപ്രദയായി, ജപാപുഷ്പംപോലെ അരുണവർണ്ണയായി കോടി കോടി ചന്ദ്രന്മാരുടെ സുശീതളജ്യോതിസ്സോടുകൂടി പത്മസദൃശമുഖിയായി പത്മഹസ്തയായ। സൂര്യ്യചന്ദ്രന്മാരേപ്പോലെ ഉജ്വലങ്ങളായ നയനങ്ങളോടും കൂടി ത്രിലോകജനനിയും നിത്യയും ധമ്മാത്ഥകാമമോക്ഷപ്രദയും സദാ ആനന്ദപ്രദയുമായ ആ ദേവി സവ്വാനന്ദനോട് ഇപ്രകാരം അരുളിച്ചെയ്തു. (സവ്വാനന്ദതരംഗിണി)

ഈ സവ്വാനന്ദഠാക്കൂർ സിദ്ധാവസ്ഥയിൽ സവ്വവിദ്യ എന്ന പേരിൽ സുപ്രസിദ്ധനായിരുന്നു. ഇന്നും തദ്വംശ്യന്മാർ ത്രിപുരാജില്ലയിൽപെട്ട മേഹാർ ഗ്രാമത്തിലും യശോഹരജില്ലയിൽ ബേന്ദാ, ഘാട്ഭോഗ് മുതലായ ദേശങ്ങളിലും നിവസിച്ചുവരുന്നു.

ഭക്താവതംസവും ഹാലിപട്ടണവാസിയുമായിരുന്ന രാമപ്രസാദസേനന്റെ നാമം ഇന്നും വംഗദേശത്തു പലക്കും സുപരിചിതമാണ്. അദ്ദേഹം കാളീമൂത്തിയുടെ ഉപാസകനായിരുന്ന്, അദ്ദേഹം ഇഷ്ടദേവിയുടെ ഏതേതുമൂത്തികളെ എപ്പോഴെല്ലാം പ്രത്യക്ഷമാക്കിയിട്ടുണ്ടോ അവയെല്ലാം അദ്ദേഹം രചിച്ചിട്ടുള്ള ഗാനങ്ങളിൽനിന്ന് വെളിവാകും. ദക്ഷിണേശ്വരത്തിലെ സിദ്ധപുരുഷനായ ശ്രീരാമകൃഷ്ണപരമഹംസദേവന്റെ ജീവചരിത്രം വായിച്ചാൽ അദ്ദേഹം പ്രത്യക്ഷമാക്കിയിട്ടുള്ള ഇഷ്ടദേവതയുടെ രൂപങ്ങളെ സ്പഷ്ടമായി അറിവാൻ കഴിയും. അദ്ദേഹം രൂപത്തെ പ്രത്യക്ഷമാക്കിയിട്ടുതന്നെ ഇപ്രകാരം ഉപദേശിച്ചിരിക്കുന്നു.

“യാതൊന്നു ബ്രഹ്മം, അതുതന്നെ കാളി (ആദ്യംശക്തി) നിഷ്ക്രിയാവസ്ഥയിൽ അതിനെ ബ്രഹ്മമെന്നു പറയുന്നു. എപ്പോൾ സൃഷ്ടിസ്ഥിതിപ്രളയങ്ങളായ എല്ലാക്കാർയ്യങ്ങളേയും ചെയ്യുന്നു, അപ്പോൾ അതിനേ ശക്തിയെന്നു പറയും.”

അതു എപ്പോൾ ‘അഹ’മാകുന്നു, എപ്പോൾ ഭേദബുദ്ധി ഉണ്ടാകുന്നു, അപ്പോൾ അതിനെ നിർഗ്ഗുണമെന്നു ആരും പറയുകയില്ല. അപ്പോൾ സഗ്ഗുണബ്രഹ്മമെന്നു വിചാരിക്കുന്നു. ഈ സഗ്ഗുണബ്രഹ്മത്തെ വേദപുരാണാദികളിൽ ആദ്യാശക്തി അഥവാ കാളിയെന്നു പറഞ്ഞിരിക്കുന്നു.

“ആ പരാശക്തി ശ്രീകൃഷ്ണനേപ്പോലെ മനുഷ്യോപാധിയെ ധരിക്കുന്നതും പല വിഭിന്നരൂപങ്ങൾ ധരിച്ച് ഭക്തന്മാരെ അനുഗ്രഹിക്കുന്നതും സത്യംതന്നെ, വേദത്തിൽ അതിനേ സാകാരമെന്നും നിരാകാരമെന്നും—സഗ്ഗുണമെന്നും നിർഗ്ഗുണമെന്നും പറയുന്നു.”

നിരാകാരത്തെ ആർ നിരാകരിക്കുന്നു, അവർ ഒന്നുംതന്നെ അറിയുന്നില്ല, അവരുടെ ഉള്ളിലും പുറമേയും ഒന്നും ഇല്ല.

മഹാത്മാവായ ത്രൈലിംഗസ്വാമികളുടെ ജീവചരിത്രത്തിൽ, അദ്ദേഹം ഉമാചരണശതോപാദ്ധ്യായനെന്ന ഒരു ഭക്തന് ഈശ്വരസ്വരൂപത്തെ പ്രത്യക്ഷത്തിൽ കാണിച്ചതായി പറഞ്ഞിരിക്കുന്നു. ഇതിലേക്ക്, അടുത്തകാലത്തു നിര്യാതനായ നിവാരണചന്ദ്രദാസ് എഴുതിയിട്ടുള്ള ത്രൈലിംഗചരിതത്തിൽനിന്നും ചില ഭാഗങ്ങളെ ഉദ്ധരിക്കാം—

സ്വാമിജിയുടെ ഉപദേശത്തിനുശേഷം ഉമാചരണൻ സത്യമായും ഈശ്വരനേ ദശിക്കാൻ കഴിയുമോ എന്നു ചോദിച്ചു. ആകട്ടെ, നീ അതു പ്രത്യക്ഷത്തിൽ കാണ്മാൻ ആഗ്രഹിക്കുന്നുവോ? എന്നുള്ള സ്വാമിജിയുടെ ചോദ്യത്താൽ ആനന്ദഭരിതനായിട്ട് ഉമാചരണൻ ഇപ്രകാരം പറഞ്ഞു. പ്രഭോ! എന്നാൽ ഞാൻ കൃതാത്ഥനായി, സ്വാമിജി പറഞ്ഞു, ഞാൻ ഇരിക്കുന്നതിനടുത്തുള്ള ഈ കാളീമൂത്തിയേ നീ കണ്ടിട്ടുവരിക! ഇതുകേട്ട് ഉമാചരണൻ പോയി കാളീരൂപത്തേ ദശിച്ചു. അവിടെ ശിലാമയിയായ ദേവി നിശ്ചലയായി സ്ഥിതിചെയ്യുന്നു എന്നു പറഞ്ഞതുകേട്ട് സ്വാമിജി ഇപ്രകാരം പറഞ്ഞു. നിനക്ക് ആ ദേവിയേ ഇവിടെ കാണണമോ? ഇതിനും ഉമാചരണൻെറ മറുപടി, പ്രഭോ! എന്നാൽ ഞാൻ കൃതാത്ഥൻ എന്നു മാത്രമായിരുന്നു. സ്വാമിജി ധ്യാനസ്ഥനായിട്ട് ആ ദേവിയേ ആഹ്വാനംചെയ്തു. ഉടൻ ഉമാചരണന് സ്പഷ്ടമായി കാണത്തക്കവിധത്തിൽ, ശിലാരൂപിണിയായ ആ ദേവി കേവലം ഒരു ബാലികയേപ്പോലെ ധീരമായ പദവിന്യാസത്തോടുകൂടി സ്വാമിജിയുടെ സന്നിധിയിൽ ഉപസ്ഥിതയായി. ആ മങ്ങിയ വെളിച്ചത്തിൽ തേജോമയിയായ ദേവിയുടെ ഗതി കണ്ടിട്ടും ഉമാചരണൻ അത്യന്തം ഭീതനും ആശ്ചയ്യഭരിതനും ആയി. അനന്തരം സ്വാമിജി ഉമാചരണനോടായിട്ട് ഇപ്രകാരം പറഞ്ഞു, ഇനിയും നീ പോയി ഈ ദേവിയുടെ മൂത്തി ഇപ്പോഠം അവിടെ ഉണ്ടോ ഇല്ലയോ എന്നു നോക്കുക! ഉമാചരണൻ ഭയവിഹ്വലനായി പോയി നോക്കിയെങ്കിലും ദേവീമൂത്തി അവിടെ കാണപ്പെട്ടില്ല. ഉമാചരണന് ഭയംവദ്ധിച്ച് അതിവേഗത്തിൽ സ്വാമിജിയുടെ സന്നിധിയിൽ വന്നു. സ്വാമിജി അല്പം പുഞ്ചിരിയോടുകൂടി ഉമാചരണനോട് ഇരിക്കാൻ പറഞ്ഞു. അനന്തരം ദേവിയോട് പൂവ്സ്ഥിതിയിൽ സ്വസ്ഥാനംപ്രാപിക്കുന്നതിന് അത്ഥിച്ചു. ചെറുബാലികയേപ്പോലെ ദേവി വീണ്ടും സ്വസ്ഥാനത്തിൽ ശിലാമയിയായി സ്ഥിതിചെയ്തു.

നവദ്വീപത്തിൽ ശ്രീഗൌരാങ്ഗദേവൻ അദ്ദേഹത്തിൻെറ സ്വന്തം ലീലയാൽ ഭ്രമത്തിൻെറ സാകാരവും സഗ്ഗുണവുമായ മൂത്തിയുടെ കഥകളേ പലവിധത്തിൽ കാണിച്ചിട്ടുണ്ട്. ഗൌരാങ്ഗസമ്പ്രദായത്തിൽ അവതാരങ്ങളെ സ്വീകരിച്ചിട്ടില്ല. എങ്കിലുംഅദ്ദേഹം ഭഗവൽഭക്താ

ഗ്രണിയായിരുന്നതുകൊണ്ട് ആ വിഷയത്തിൽ അഭിപ്രായഭേദം വരുത്തിയിട്ടില്ല. ഭക്തനും ഭഗവാനും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്തെന്നാൽ—ഭക്തന് എപ്പോൾ 'സോഹം' ഭാവം പൂൎണ്ണമാകുന്നു, ആ അവസ്ഥയിൽ അവനേ ഈശ്വരനെന്നു പറയാവുന്നതാണ്, അപ്പോൾ അവനും ഈശ്വരനും തമ്മിൽ യാതൊരു ഭേദവും ഉണ്ടായിരിക്കയില്ല. അവൻ ആ അനന്തസത്തയോടു ചേൎന്നുതന്നെ ഇരിക്കുന്നു. ഈ നിലയിൽ നോക്കുമ്പോൾ ശ്രീചൈതന്യദേവൻ ഈശ്വരനോ അഥവാ ഈശ്വരനു തുല്യനായ മഹാപുരുഷനോ ആയിരുന്നു എന്നുള്ളതിനെക്കുറിച്ച് സംശയിക്കാൻ യാതൊരു ന്യായവുമില്ല. അദ്ദേഹം പ്രേമഭക്തി പ്രകടനത്താൽ രാധാകൃഷ്ണന്മാരുടെ സാധനാരഹസ്യങ്ങളെ സ്വജീവിതത്തിൽ പ്രത്യക്ഷമാക്കി കാണിച്ചിരിക്കുന്നു.

ഈ ജീവന്മുക്തപുരുഷന്മാരുടെ സാക്ഷ്യത്തെ അവിശ്വസിക്കാൻ ഒരുവിധത്തിലും സാദ്ധ്യമല്ല. ഭാരതഭൂമിയിൽ ഈദൃശ സാധകശ്രേഷ്ഠന്മാരുടെ സംഖ്യ വളരെയധികമില്ലെങ്കിലും ഒരിക്കലും അവർ ഇല്ലാതിരിക്കയില്ല. യഥാൎത്ഥധൎമ്മപിപാസുക്കൾ എപ്പോഴും മഹാപുരുഷന്മാരേ സേവിക്കും. മഹാത്മാവായ വിജയകൃഷ്ണഗോസ്വാമി സ്വജീവിതത്തിന്റെ ആദ്യഘട്ടത്തിൽ അന്യമതാവലംബിയായിരുന്നെങ്കിലും പിന്നീടു ആ മതത്തെ ഉപേക്ഷിച്ച് ജഗന്നാഥത്തുള്ള ശ്രീകൃഷ്ണമൂൎത്തിയുടെ സാധനഭജനകളിൽ നിരതനായിട്ടു ജീവിതത്തെ നിൎവ്വഹിച്ചു. ശാസ്ത്രവാക്യങ്ങളും സാധകന്മാരുടെ സാക്ഷ്യവുംതന്നെ ഇതിനു ഉത്തമദൃഷ്ടാന്തമാണ്. സാധനാമാൎഗ്ഗത്തിലൂടെ ശാസ്ത്രനിൎദ്ദിഷ്ടങ്ങളായ ഉപായങ്ങളാൽ അക്ഷീണപരിശ്രമം ചെയ്യുന്നതായാൽ സ്വജീവിതത്തിൽ തന്നെ സാകാരമൂൎത്തിയുടെ സത്യതയെക്കുറിച്ച് അറിവാൻ കഴിയും. ഇത് ശാസ്ത്രങ്ങളിലെ ഉപദേശമാണ്. ഇതിലേക്ക് ഇതിലും ഉൽകൃഷ്ടങ്ങളായ പ്രമാണങ്ങൾ വേണമെന്നില്ല.

ഈശ്വരന്റെ രൂപസ്വീകരണത്തെക്കുറിച്ചു പലരും പറഞ്ഞു കേൾക്കുന്നതു്, സൎവ്വശക്തനായ പരമേശ്വരൻ ഇഛാമാത്രത്താൽ സകലകാൎയ്യങ്ങളും ചെയ്യാൻ ശക്തനായിരിക്കെ ഏതെങ്കിലും അസുരനേയോ രാക്ഷസനേയൊ വധിക്കുന്നതിനുവേണ്ടി അത്രമാത്രം ദുഃഖം സഹിച്ച് രാമകൃഷ്ണാദിരൂപത്തിൽ ജനിക്കുന്നതിനു കാരണമെന്താണ്? ഈ അവതാരങ്ങളെയെല്ലാം അവിശ്വസിക്കുമ്പോൾ അവർ ഈ ഒരു അഭേദ്യയുക്തിപറയുന്നു. മഹിഷാസുരവധത്തിനായിട്ടു ദുൎഗ്ഗാദേവിയുടെ ആവിൎഭാവവും സുംഭനിസുംഭന്മാരുടെ യുദ്ധത്തിൽ ആദ്യാശക്തിയായ കാളിയുടെ ആവിൎഭാവവും അവർ പറയുന്ന യുക്തിസ്ഥാപനമാണെന്നു വിശ്വസിക്കുന്നില്ല. ഈ തൎക്കം പുറപ്പെടുവിക്കുന്നവരുടെ വാക്കിൽ ഒരു പിശകുണ്ട്. എന്തെന്നാൽ, സൎവ്വശക്തിമാനെന്നു പറഞ്ഞിട്ടു ഈശ്വരന്റെ സ്ഥിതികേവലം തന്നേപ്പോലെന്നു വിചാരിക്കുന്നു. നമുക്കു ഏതൊ

ന്നിൽനിന്നു ദുഃഖമുണ്ടാകുമോ അതിൽനിന്നുതന്നെ അദ്ദേഹത്തിനും ദുഃഖമുണ്ടാകുമെന്നുള്ള ധാരണയ്ക്കും വശംവദരായിട്ടു ഇപ്രകാരമുള്ള അഭിപ്രായങ്ങളെ പ്രകടിപ്പിക്കുന്നു. യാതൊരുവൻ ഈ വിശ്വബ്രഹ്മാണ്ഡത്തിന്റെ മദ്ധ്യത്തിൽ ഓതപ്രോതഭാവത്തിൽ സ്ഥിതിചെയ്തുകൊണ്ടു സൃഷ്ടിസ്ഥിതിസംഹാരങ്ങളെ ചെയ്യുന്നു, അദ്ദേഹത്തിന്റെ ദുഃഖം നമ്മുടെ ദുഃഖത്തോടു താരതമ്യപ്പെടുത്തുന്നതു് കേവലം ഭ്രമം മാത്രമാകുന്നു. യാതൊരുവൻ കാലത്തിനും കാലമായിരിക്കുന്നു, നിങ്ങളുടേയും ഞങ്ങളുടേയും ലക്ഷം വത്സരങ്ങൾ യാതൊരുവന്റെ നിമേഷം മാത്രമായിരിക്കുന്നു, അദ്ദേഹം ലീലാർത്ഥം മർത്ത്യധാമത്തിൽ അല്പകാലം മാനവശരീരം ധരിച്ചു സഞ്ചരിച്ചാൽ അദ്ദേഹത്തിനു ദുഃഖമുണ്ടാകുമെന്നു ജല്പിക്കുന്നതു തികച്ചും യുക്തിശൂന്യമാണു്. അപ്പോൾ രാമൻ, കൃഷ്ണൻ, കാളിദുർഗ്ഗാ എന്നീ രൂപങ്ങളിലവതരിക്കാതെ മററുവിധത്തിൽ സാധിക്കാൻ കഴികയില്ലയോ? എന്നൊരു സംഗതി പറയേണ്ടതായി വരുന്നു. ലോകത്തിൽ എന്തുദ്ദേശത്തിൽ എന്തുചെയ്യുന്നു, എന്തുകൊണ്ടു മനുഷ്യനെ മനുഷ്യനാക്കി, വൃക്ഷത്തെ വൃക്ഷമാക്കി, ഈ ചോദ്യങ്ങൾക്കു ആരുത്തരം പറയുന്നു? ഞങ്ങൾ ഇതിനൊരുത്തരവും നൽകാൻ ശക്തരല്ല. എന്നാൽ ഈ രൂപങ്ങളെല്ലാം സ്വീകരിച്ചു മർത്ത്യധാമത്തിൽ എന്തിനായവതരിച്ചു എന്നതിന്റെ കാരണത്തെ എങ്ങിനെ അറിയാം? എന്തുദ്ദേശത്തിൽ ഏതൊന്നു ചെയ്യുന്നു എന്നതു് അദ്ദേഹത്തിനല്ലാതെ ആൎക്കറിയാം? അതുകൊണ്ടു വസ്തുതയും ഈ പ്രതികൂലയുക്തി അത്യന്തം സാരശൂന്യവും തന്മൂലമസ്വീകാൎയ്യവുമാകുന്നു. നമ്മുടെ സ്വന്തം പരിമാണത്തിനു അദ്ദേഹത്തെ അറിവാനുദ്യമിക്കുന്നതു് കേവലം ധൃഷ്ടതതന്നെയാകുന്നു. നമ്മുടെ സീമാബദ്ധമായ ജ്ഞാനം വഴിയായി അദ്ദേഹത്തിന്റെ ഒരു കാൎയ്യവും അറിവാൻ കഴിയുന്നതാണോ? നിങ്ങളും ഞാനും അദ്ദേഹത്തിന്റെ അനന്തലീലയെ എന്തറിയും? അദ്ദേഹം ലോകത്തെ വച്ചുകൊണ്ടു് അനാദികാലം തുടങ്ങി ലീലചെയ്യുന്നു.

മന്വന്തരാണ്യസംഖ്യാനി സൎഗ്ഗഃസംഹാര ഏവ ച
ക്രീഡന്നിവൈതൽകുരുതേ പരമേഷ്ഠീ പുനഃപുനഃ

ശുഭം.

പി. ശേഷാദ്രി അയ്യർ ബി. എ. ബി. എൽ.

# വിജ്ഞാനസൌധം

തെക്കെഇന്ത്യയിൽ പട്ടേശ്വരം എന്ന ഗ്രാമത്തിൽ, പട്ടേശ്വരനെ പ്രതിഷ്ഠിച്ചിട്ടു ഒരു വലിയ അമ്പലമുണ്ടു്. ഈ അമ്പലംവകയായി ദേവനെ എഴുന്നെള്ളിപ്പാൻ ഉണ്ടാക്കിവെച്ച ഒരു തേർ ഉണ്ടു്. അനേകം ചിത്രപ്പണിയുള്ള ഈ തേരിന്മേൽ എണ്ണിയാൽ തീരാത്ത മുത്തുകൾ പതിച്ചിട്ടുണ്ടത്രെ.

ഈജിപ്തിൽനിന്നു് വഴിതെററിയനിമിത്തം മൂന്നു നായാട്ടുകാർ മരുഭൂമിയിൽപെട്ടു വഴികാണാതെ തിരിഞ്ഞു പോന്നു. അവരേയും തിരഞ്ഞു ആകാശവിമാനങ്ങൾ നാലഞ്ചെണ്ണം ഏൎപ്പെട്ടു. രണ്ടുദിവസത്തിന്നുള്ളിൽ വളരെ ശോഷിച്ചുപോയ ഒരുവൻ ദൂരേനിന്നു് തന്റെ കൈലെസ് വീശുന്നതുകണ്ടു. ചെന്നുനോക്കിയപ്പോൾ അവർ ചാകാറായിരുന്നു. അടുത്തുതന്നെ ബാക്കി രണ്ടുപേരേയും ഒരു ഗുഹയുടെ അടുത്തു കണ്ടുകിട്ടി. ഇങ്ങിനെ വിമാനസഹായം ഇല്ലാതെ പോയിരുന്നു എങ്കിൽ ഇവർ ഇരുവരും മരിച്ചുപോകുമായിരുന്നു.

പി. അണ്ടു്. ഓ. കമ്പനിക്കാരുടെ വൈസറോയി ഓഫ് ഇൻഡ്യ എന്ന വലിയ കപ്പൽ ഓടുന്നതു വിദ്യുഛക്തികൊണ്ടാണ്. അതിൽ 415 ഒന്നാംക്ലാസ് ഉറക്കമുറികളും 258 രണ്ടാംക്ലാസ് ഉറക്കമുറികളും ഉണ്ടു്.

കണ്ണിന്റെ ചോടെ കറുപ്പു അടയാളം കാണുന്നത് രക്തത്തിൽ ചുകപ്പുതരികൾ ഇല്ലാത്തതുകൊണ്ടാണ്, വാൎദ്ധക്യംകൊണ്ടല്ല—ഇങ്ങിനെയുള്ളവർ ഉടനേ ഒരു ഡോക്ടരെ കാണുകയാണ് വേണ്ടതു്, ഇരിമ്പ് അധികമുള്ള സാധനങ്ങൾ ഈ കൂട്ടൎക്കു അസ്സലാണ്. നല്ലവണ്ണം ഉറങ്ങുന്നതും ഇറങ്ങി നടക്കുന്നതും, മിതമായി ഭക്ഷിക്കുന്നതും ശുദ്ധവെള്ളം കുടിക്കുന്നതും ഈ മാതിരിക്കാൎക്കു ഗുണകരമാണത്രെ.

നടത്തം എത്രയോ ഗുണകരമായ വ്യായാമമാണ്. ശരീരത്തിന്നു് വളരെ സുഖം ഉണ്ടാക്കുന്ന കാൎയ്യവുമാണ്—ശുദ്ധവായുവും ശ്വസിച്ചു നടക്കുന്നതു് പിത്തനിറം നീക്കി ചുകപ്പ്നിറം ഉണ്ടാകുന്നതാണ്. തടിയന്മാരുടെ വണ്ണം ചുരുങ്ങും എന്നുമാത്രമല്ല, ശ്വാസകോശം ജീവവായു നിറച്ചു ബലവത്താകുന്നു.

ഹൈദരബാദിൽ ഗോദാവരിനദി കടക്കുന്ന തീവണ്ടിപ്പാലം 3520 അടി നീളമുണ്ടു്. ഒരു നാഴിക 5280 അടിയാണ്—തെക്കൻകണ്ണാടകത്തിലെ ഉള്ളാൻപാലവും ഗോദാവരിജില്ലയിലെ, ഗോദാവരി നദിമേലുള്ള പാലവും ഇതിലും നീളമുള്ളതാണെന്നു കേൾക്കുന്നു.

എല്ലാ പദാൎത്ഥങ്ങളുടേയും അടിസ്ഥാനമായി നില്ക്കുന്ന അണു് (ഒരു ഇഞ്ച് സ്ഥലത്തു് കോടാനകോടി ഒതുക്കാവുന്നതാണ്) യഥാൎത്ഥത്തിൽ ആകൃതിയിൽ ഒരു ശിന്നനായ സൂൎയ്യകടാഹമാണത്രെ. എന്നുവെച്ചാൽ സൂൎയ്യനേപോലെ മദ്ധ്യത്തിൽ നില്ക്കുന്ന ഒരു സാധനവും അതിനെ ഗ്രഹങ്ങളെപ്പോലെ ചുററിക്കൊണ്ടിരിക്കുന്ന നാലഞ്ചു സാധനങ്ങളും ഉണ്ടത്രെ. ഈ സാധനങ്ങൾക്കു ഇലക്ട്ററൻ എന്നാണ് പേരുകൊടുത്തിട്ടുള്ളതു്. ഈ കടാഹത്തെ ഭരിക്കുന്നതു് വെറും വിദ്യുച്ഛക്തിയാണ്. വിദ്യുഛക്തിപതനത്തിൻെറ പലതരമായ മേളനവും, രീതിയും മാത്രമാണ് എല്ലാ പദാൎത്ഥങ്ങളും. അപ്പോൾ പദാൎത്ഥവും ചൈതന്യവും ഒന്നുതന്നെയെന്നാണ് സിദ്ധിക്കുന്നതു്.

കടലിൽ കുളിപ്പാൻ പോകുന്നതു് ഒരു രസകരമായ ഒരു വിനോദമാണെങ്കിലും അതിലും പല ആപത്തുകൾ കിടക്കുന്നുണ്ടെന്നു പലരും അറിഞ്ഞിരിക്കയില്ല. ഒന്നാമത് ഭയപ്പെടേണ്ടതു് അടിയിലെ ഒഴുക്കാണു. മൂന്നാലടി ആഴത്തോളം നില്ക്കുന്ന വെള്ളത്തിന്നു യാതൊരു ചലനവുമുണ്ടായിക്കാണുകയില്ലെങ്കിലും അതിൻെറ ചോട്ടിലെത്തു അതിവേഗതയിൽ ഒഴുക്കുന്നതായിരിക്കാനും മതി. അപ്പോഴാണ് കാൽവലിച്ചു ശരീരത്തെ ഒരു ഭാഗം പതിപ്പിച്ചു ശീഘ്രതരമായി കഴത്തിൽക്കൂടെ കൊണ്ടുപോയിക്കളയുന്നതു്. പിന്നേയുള്ള ഉപദ്രവം സ്രാവുകളെക്കൊണ്ടാണ. വിഷവാഹികളായ കടല്പാമ്പുകളേയും വളരെ ഭയപ്പെടേണം. ആഞ്ഞിപ്പോത്തിൻെറ വൎഗ്ഗക്കാരും തൊട്ടുപോയാൽ ചൊറിച്ചലും ബോധക്ഷയവും ഉണ്ടാക്കുന്നവരാണ്. പിന്നെ വിഷവാഹിയായ ഒരു കുത്തുന്ന തിരണ്ടിഉണ്ടു്. ഇതിൻെറ കുത്തൽ പടമുള്ള പാമ്പിൻെറ കടിപോലെതന്നെ ഭയങ്കരമായതാണ്. കുത്തുന്ന തിരണ്ടിക്കൂടാതെ കടലിൽ വിദ്യുഛക്തിയുടെ കൊപ്പുകളുള്ള മറെറാരുതരം തിരണ്ടി ഉണ്ടു്. ഇതിന്നു് വളരെ ദൂരേ നിന്നുതന്നെ ജന്തുക്കളെ മയക്കിക്കളയാംപോലും.

ഇംഗ്ലണ്ടിൽ കഴിഞ്ഞകൊല്ലം അഞ്ചുലക്ഷത്തിലും ജാസ്തി പരദേശികൾ വന്നിട്ടുണ്ടായിരുന്നു. കൊല്ലംതോറും പരദേശികളുടെ തുക ജാസ്തിയാകുന്നുണ്ടത്രെ.

യൂറോപ്പിലെ സ്ത്രീകൾക്കുള്ള എല്ലാതരം ഉടുപ്പുസാമാനങ്ങളും ഇമിറേഷൻ പട്ടുകൊണ്ടാണ് ഉണ്ടാക്കുന്നതു്.

വടക്കെ അമേരിക്കയിലെ ചുകന്ന മനുഷ്യരിൽപെട്ട ഒരു പ്രത്യേകവൎഗ്ഗക്കാർ ഭൎത്താവു മരിച്ച ഉടനെ ഭാൎയ്യയുടെ മുടി കളയുന്നു. ആ മുടി പണ്ടത്തെ അത്ര വളൎന്നാൽ മാത്രമെ അവൎക്കു രണ്ടാമതും വിവാഹം പാടുള്ളൂ. കഷണ്ടിക്കാർ ഈ നിയമത്തിൽ പെടുമോ എന്നറിഞ്ഞില്ല.

പുതുക്കോട്ടയിലെ രാജാവു മരിച്ചപ്പോൾ അദ്ദേഹത്തിൻെറ അവകാശി ആരാണെന്നു് സ്ഥിരപ്പെടുത്തുവാൻ ഇന്ത്യാഗവൎമ്മെണ്ടു് കു

റേ വിഷമിക്കേണ്ടിവന്നു. രാജാവ് കല്യാണം കഴിച്ചതു് ഒരു ആസ്ത്രേലിയാക്കാരത്തി മദാമ്മയെയാണ്. അതിൽ പന്ത്രണ്ടു വയസ്സു തിക ഒരു ആൺകുട്ടിയും ഉണ്ട് കുട്ടി അച്ഛൻെറ ശേഷക്രിയകൾ ഫ്രാൻസിൽ വെച്ചു കഴിച്ചു എങ്കിലും ഹിന്ദു അല്ലാത്തതുകൊണ്ടു നാട്ടുകാൎക്കു തൃപ്തിയായില്ല. കുട്ടിയുടെ അച്ഛൻെറ അനുജൻ രാജസ്ഥാനത്തു വരാൻ അത്യന്തം പരിശ്രമിച്ചു എന്നാൽ ഇംഗ്ലീഷുകാർ തിരഞ്ഞെടുത്തതു് രാജവംശത്തിൽപെട്ടരാജഗോപാലതോന്തിമാൻ എന്ന മൈനരെയാണ്.

ടെക്സിലാപട്ടണം റവൾപിണ്ടിയിൽനിന്നു 20 നാഴിക വടക്കുപടിഞ്ഞാറായിട്ടാണ് കിടക്കുന്നതു്. ഇതിൻെറ അടുക്കെ ഒരു പട്ടണത്തിൻെറ അവശിഷ്ടങ്ങൾ ഭൂമി കുഴിക്കുമ്പോൾ കണ്ടുകിട്ടിയിരിക്കുന്നു. മഹാനായ അലക്സാന്തരുടെ കാലത്തുകൂടി ഇതു് വളരെ അഭിവൃദ്ധി പ്രാപിച്ച ഒരു പട്ടണമായിരുന്നു. അതു് ഭരിപ്പാൻ ഒരു യവനപ്പടയേയും നിൎത്തിയിരുന്നു. കുഴിക്കുമ്പോൾ കണ്ടുകിട്ടിയ ഒരു ധമ്മരാജികസ്തൂപത്തിൽനിന്നു ചെറിയ അസ്ഥിക്ഷേണങ്ങൾ ഇട്ടുവെച്ച ഒരു സ്വൎണ്ണപ്പാത്രം കണ്ടുകിട്ടി—ആ പാത്രത്തിൽ അടക്കംചെയ്തുവെച്ച ഒരു ചുരുളയിൽ എഴുതിയതു് വായിച്ചുനോക്കിയപ്പോൾ അതു് ശ്രീബുദ്ധൻെറ അസ്ഥികളാണെന്നു മനസ്സിലായി. കണ്ണാടി ഓടുകളും കണ്ടുകിട്ടിയിരിക്കുന്നു, ആകാശനീലനിറത്തിൽ ഉള്ള ഓരോ ഓടു് പത്തംഗുലം ചതുരത്തിലും ഒന്നര അംഗുലം ഘനത്തിലുമാണ് കണ്ടതു്. ചൈനക്കാരുടെ പുരാണപ്രകാരം കണ്ണാടി ഉണ്ടാക്കുന്ന സൂത്രം അവർ പഠിച്ചതു് വടക്കെ ഇന്ത്യക്കാരോടാണുപോലും. ഏതായാലും ആ പട്ടണം ബുദ്ധമതക്കാരുടെ പട്ടണമായിരിക്കണം എന്നു നിൎണ്ണയിച്ചിരിക്കുന്നു.

വരുണൻ (Neptune) നമ്മെപ്പോലെയുള്ളവൎക്കു ഒരു വല്ലാത്ത ലോകമായിതോന്നും, ഒരു കുട്ടി ജനിച്ചാൽ ഇവിടുന്നു് നാലുമാസംകൊണ്ടു കമ്പിടും. അവിടുന്നാണെങ്കിൽ കുട്ടിക്കു 55 വയസ്സ് കഴിഞ്ഞാൽ മാത്രമെ കുട്ടി കമ്പിടുകയുണ്ടാകയുള്ളൂ. ഇവിടെയാണെങ്കിൽ മൂന്നു കൊല്ലത്തിന്നുള്ളിൽ ഒരു കുട്ടി നടക്കും—അവിടേയോ 504-കൊല്ലം പൂൎത്തിയായാൽ മാത്രമെ ഒരു കുട്ടി നടക്കാൻ ആരംഭിക്കയുള്ളൂ. മൂവായിരത്തിരുപത്തിനാലു് കൊല്ലം കഴിഞ്ഞാൽ മാത്രമെ ഒരു കുട്ടി മേജറാകയുള്ളൂ. ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള വ്യത്യാസം ഇവിടെ ചുരുങ്ങിയാൽ ഒരു കൊല്ലമാണെങ്കിൽ അവിടെ ചുരുങ്ങിയാൽ 170 കൊല്ലമാണ്. മാസത്തിൽ ഓരോരിക്കൽ തീണ്ടാരിയാകുന്ന സ്ത്രീകൾക്കു അവിടെയായാൽ 14 കൊല്ലത്തിൽ ഒരിക്കൽ മതി. ഇതു് സന്തോഷമാണെങ്കിലും പ്രസവകാലം ഇവിടത്തെ സ്ത്രീകൾക്കു് 280 ദിവസവും അവിടെ എത്തിയാൽ 130-ൽ ചില്ലാനം കൊല്ലവുമാണെന്നതു് ഒരു ആശിക്കത്തക്കകാൎയ്യമല്ല. ഇവിടെയുള്ളവൎക്കു് 60, ഒരു അദ്ധവയസ്സിന്നു് അവിടെയെത്തുന്ന നമ്മളുടെ അദ്ധവയസ്സ് പതിനായിരത്തെണ്ണതാണ്. 5000 കൊല്ലം മുമ്പു

ള്ളവരെപ്പററി ഇപ്പോഴത്തെ മനുഷ്യൎക്കു യാതൊരു അറിവും ഇല്ല. അവിടെ എത്തിയാൽ പതിനായിരം കൊല്ലം മുമ്പുണ്ടായിരുന്നവർ ഇന്നും ജീവനോടെ ഉണ്ടാകുന്നതു് എത്രയോ സാധാരണാവസ്ഥയാണു്.

കെ. സുകുമാരൻ ബി. ഏ.

# അന്ന്യസഹജീവികൾ.

"അയിത്തം"

മഹാത്മജിയുടെ രസകരമായ ഒരനുഭവം.

ആന്ധ്രദേശത്തുണ്ടായ തന്റെ സഞ്ചാരത്തിനുശേഷം മഹാത്മജി 'യംഗിന്ത്യയിൽ' എഴുതിയിരുന്നതിന്റെ സാരമാണിതു്. ഭയങ്കരസൎപ്പമായ അയിത്തത്തെ കഴിയുന്നത്ര അടിച്ചുകൊല്ലുവാൻ ശ്രമം ചെയ്യുന്നുണ്ടെങ്കിലും അതു ആരുമറിയാതെ പിന്നെയും പിന്നെയും തലപൊന്തിക്കാറുണ്ടു്. മഹാത്മജി അദ്ദേഹത്തിനുകിട്ടിയ ഒരു എഴുത്തും ആശ്ചൎയ്യവ്യസനസമ്മിളിതമായ വികാരത്തോടെ പരസ്യപ്പെടുത്തിയിരുന്നു. ആ എഴുത്തു ഇപ്രകാരമത്രെ,

"താനുകിൽവച്ചു് 22-ാംതീയതി കൂടിയ സ്ത്രീസമാജത്തിനുശേഷം നടന്ന ഈ സംഭവം അങ്ങയുടെ ദയവേറിയ സമക്ഷത്തു് അവതരിപ്പിക്കുന്നതിൽ എനിക്കു വളരെ കുണ്ഠിതമുണ്ടു്. വൈകുന്നേരം അഞ്ചുമണിയോടെ മുന്നൂറിൽ കുറയാതേയും നാന്നൂറിൽ കൂടാതേയും ഉള്ള ഒരു സംഘം സ്ത്രീകൾ സമാജത്തിൽ ഹാജരുണ്ടായിരുന്നു. അങ്ങയുടെ അരികിൽ ഇരുന്ന ആ സ്ത്രീ പഞ്ചമവൎഗ്ഗത്തിൽപെട്ടവളെന്നു് ആരോ ആ സംഘത്തിൽ മന്ത്രിച്ചു. സമാജം പിരിഞ്ഞതിന്റെശേഷം ഒരു നിമിഷവും താമസിക്കാതെ എല്ലാ സ്ത്രീകളും തീണ്ടൽകൊണ്ടുണ്ടായ അക്ഷന്തവ്യമായ പാപത്തിൽനിന്നും മോചനം ലഭിക്കുന്നതിനായി പുഴയിൽ എടുത്തുചാടി കുളികഴിച്ചു. മുലകുടിമാറാത്ത കുട്ടികളുടെ ദേഹത്തുപോലും ഈ പാപം മാറുന്നതിനായി തീൎത്ഥജലം കോരിത്തളിക്കുന്നതു് ഞാൻ എന്റെ കണ്ണുകൾകൊണ്ടു കണ്ട ഒരു കാഴ്ചയാണു്. അങ്ങയെ ഞങ്ങൾ ബഹുമാനിക്കയും അതേസമയംതന്നെ വഞ്ചിക്കയുമാണു് ചെയ്യുന്നതു്. ഇതു് ഞങ്ങൾക്കു പണ്ടുപണ്ടേ ഉള്ള പരിശുദ്ധമായ ഒരുമാതിരി വഞ്ചനയാണു്.

"ആളുകൾ അന്ധവിശ്വാസത്തിലും അജ്ഞാനത്തിലും ആണ്ടുകിടക്കയാണു്. ഇതും ഉയൎന്ന ജാതിക്കാരുടെ ഡംഭും കൂടിച്ചേൎന്നു് നമ്മേ നശിപ്പിക്കാറായി. ഇതെല്ലാം ഇപ്പോഴത്തെ ഗവൺമെന്റിനേക്കാൾ ശക്തിയുള്ളതായി തോന്നുന്നു."

മഹാത്മജിയുടെ അടുത്തിരുന്നതു് ശ്രീമതി പ്രഭാവിദേവിയായിരുന്നു എന്നു് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഈ മഹതിയെ പല സ്ഥലത്തുവച്ചു് പലവിധത്തിൽ തെററിദ്ധരിച്ചിട്ടുണ്ടു്. എന്നാൽ താനകിലെ മഹതികളെല്ലാം അവരെ, മഹാത്മജിയുടെ വളർത്തുപുത്രിയായ ആ പഞ്ചമസ്ത്രീയായിട്ടാണു് മനസ്സിലാക്കിയതു്. ഇങ്ങിനെ താനകിലെ വിശാലമനസ്കരുകഌ "ഒരമളിപിണഞ്ഞു" ഇതരസ്ഥലങ്ങളിൽ വച്ചു് മഹാത്മജിയുടെ അഭിപ്രായപ്രകാരം അധഃകൃതവർഗ്ഗക്കാരെ മററുള്ളവർ പൂർണ്ണസമ്മതത്തോടെ അവരുടെ ഇടയിൽ കലർത്തി ഇരുത്തിയതായും പറയുന്നു. ഒരു ഗ്രാമത്തിൽ താൻ സന്ദർശിച്ച സ്കൂളിൽ ഉയൎന്ന ജാതിയിലുള്ള കുട്ടികളും താഴ്ന്ന ജാതിയിലുള്ള കുട്ടികളുംകൂടി ചേൎന്നു സൈ്വരമായി പഠനംനടത്തിവരുന്നതു് മഹാത്മജിയെ ഏററവും സന്തോഷിപ്പിച്ചു. താനകിലെ സ്ത്രീകരു ഇപ്രകാരം ചെയ്യുവെങ്കിലും അയിത്തം ക്രമേണ നശിച്ചുവരികയാണെന്നു അദ്ദേഹം ആശംസിക്കുന്നു.

"ഹിന്ദുമതം" (തുടച്ച)

നാലാമത്തെ ബ്രഹ്മചര്യം—നിത്യബ്രഹ്മചര്യം അഷ്ടവിധമൈഥുനത്യാഗരൂപമായ ബ്രഹ്മചര്യം ചിത്തപ്രസാദത്തെ തരുന്നു. ചിത്തപ്രസാദമുള്ളവൻെറ ബുദ്ധിദുഃഖങ്ങളാലും ക്ലേശങ്ങളാലും ബാധിതമാകാതെ ലക്ഷ്യത്തിൽ നിശ്ചയാസം സ്ഥിരമായി നില്ക്കുന്നു. അതിനു പുറമെ ബ്രഹ്മചര്യംകൊണ്ടു ദേഹബലവും വൎദ്ധിക്കുന്നു. ഭീഷ്മദേവൻ, ഹനുമാൻ, മുതലായ ഊൎദ്ധ്വരേതസ്സുകളെ ആയിരക്കണക്കായി കാണണമെങ്കിൽ അതു ഹിന്ദുധർമ്മത്തിൽ മാത്രമെ സാധിയ്ക്കുകയുള്ളു. ബ്രഹ്മചര്യംകൊണ്ടു് അസാദ്ധ്യമായി ഈ ലോകത്തു് യാതൊന്നുമില്ലെന്നു് മഹാഭാരതം പറയുന്നു. ഇരുപത്തിനാലോ മുപ്പത്തി ആറോ വർഷം നിർബന്ധപൂർവ്വം ഏതാനും ചില സമുദായങ്ങളിലെ അംഗങ്ങളെങ്കിലും ബ്രഹ്മചര്യം അനുഷ്ഠിക്കണമെന്നു ഹിന്ദുധർമ്മം വിധിച്ചുകാണുന്നതിൻെറ രഹസ്യം 'ബ്രഹ്മചര്യംകൂടാതെ ആൎക്കും ആത്മസാക്ഷാൽകാരം ലഭിക്കയില്ലെന്നുള്ളതുകൊണ്ടാണ്.'

ഇങ്ങിനെയുള്ള നാലു മഹാനിയമങ്ങളെ അനുഷ്ഠിച്ചാൽ മനശ്ശുദ്ധിയുണ്ടാകുമെന്നും മനസ്സ് യഥേഷ്ടംഅധീനമായി നില്ക്കുമെന്നും അങ്ങിനെയുള്ള മനസ്സിൻെറ സാന്നിദ്ധ്യം ആത്മാവിന്നു് പരചൈതന്യത്തെ ദർശിക്കുന്നതിനും, പിന്നീടു് താനും ആ ചൈതന്യവും ഒന്നാണെന്നു അനുഭവപ്പെടുത്തുന്നതിനും സഹായമായിത്തീരുന്നുവെന്നും ഈ അനുഭൂതിയാണു് സകല മനുഷ്യൻെറയും ഉത്തമലക്ഷ്യമെന്നും ഈ ലക്ഷ്യത്തെപ്പററി അറിഞ്ഞു ലക്ഷ്യാനുഭൂതിയ്ക്കുവേണ്ടി മനസ്സാക്ഷിയനുസരിച്ചു യഥാശക്തി പ്രയത്നിക്കാത്ത മനുഷ്യൻെറ ജന്മം മൃഗജന്മത്തേക്കാൾ ഒട്ടും ഉൽകൃഷ്ടമല്ലെന്നും ഹിന്ദുധർമ്മം ഉപദേശിക്കുന്നു.

ഹിന്ദുക്കളുടെ ഇടയിൽ പല പരമ്പരക്കാരും പല വിശ്വാസക്കാരും ഉണ്ടായിരിയ്ക്കാം. അവർതമ്മിൽ മിക്ക വിഷയങ്ങളിലും അഭിപ്രായവ്യത്യാസവും ഉണ്ടായിരിയ്ക്കാം. എന്നാൽ ഈ എല്ലാം അഭിപ്രായക്കാരും വേദത്തിൽ വിശ്വസിക്കുന്നവരാണ്. വേദത്തെ ഓരോരുത്തരും ഓരോ തരത്തിൽ കാണുന്നതിലാണ് അഭിപ്രായവ്യത്യാസം. നാസ്തികമതം, അനാസ്തികമതം, നാനേശ്വരവാദം, സേശ്വരവാദം, ജഗദീശ്വരവാദം, ഏകേശ്വരവാദം തുടങ്ങിയ എല്ലാവിധ സിദ്ധാന്തങ്ങൾക്കും വേദം സ്ഥാനം കൊടുക്കുന്നു. എന്നാൽ ഈ നാനാപക്ഷങ്ങൾക്കും അടിയിലായി ചില കാര്യങ്ങളിൽ ഐക്യമുണ്ട്. അവയിൽ ഒന്ന് കാര്യകാരണസംബന്ധത്തിലുള്ള വിശ്വാസമാണ്. "കാരണാഭാവാൽ കാര്യാഭാവഃ" എന്ന തത്വം എല്ലാവർക്കും ഒരുപോലെ സമ്മതമാണ്. ഇതിൽനിന്ന് പ്രത്യക്ഷം, ആഗമം എന്നിവയെപ്പോലെതന്നെ അനുമാനം ഒരു മുഖ്യപ്രമാണമായിത്തീന്നിരിക്കുന്നു. അനുമാനം പ്രമാണമായതോടുകൂടി ശൂന്യത്തിൽനിന്നും ഒന്നും ഉണ്ടാകുന്നില്ലെന്നും സൃഷ്ടി അനാദിയാണെന്നും ആത്മാവ് ശരീരം ഗ്രഹിക്കാൻ തുടങ്ങിയതു് കാലത്തിൻെറ ഉൽപത്തിയോളംതന്നെ പഴയ ഒരു കാര്യമാണെന്നും ഉള്ള സിദ്ധാന്തം ഉണ്ടായി. ഇതും എല്ലാ ഹിന്ദുക്കൾക്കും സമ്മതമായി. ഇനി വേറൊരു സിദ്ധാന്തം സകലജീവരാശിസ്നേഹമാണ്. മനുഷ്യനും മൃഗങ്ങളും ഒരേ ഈശ്വരൻെറ സൃഷ്ടി—അഥവാ ഒരേ ചൈതന്യത്തിൽനിന്നുണ്ടായതു് ആണെന്നും അതിനാൽ അവയുടെ ജീവശക്തിയെല്ലാം ഒന്നുതന്നെയാണെന്നും ചൈതന്യപ്രകാശത്തിൽ മാത്രമാണ് വ്യത്യാസമെന്നും ഹിന്ദുക്കൾ വിശ്വസിയ്ക്കുന്നു. അതിനാൽ മനുഷ്യൻെറ ചുമതല മനുഷ്യരെ എല്ലാം സ്നേഹിക്കുകമാത്രമല്ല, സകല ജീവികളേയും സ്നേഹിക്കുകയാണ് എന്നു ഹിന്ദുധമ്മം ഉപദേശിയ്ക്കുന്നു. ലോകത്തു് ആദ്യമായി ഈശ്വരനെ പിതാവെന്നും പരമപ്രേമസ്വരൂപം എന്നോ ആനന്ദമൂത്തിയെന്നും വിളിച്ചതു ഹിന്ദുക്കളാണ്. 'സർവ്വജീവികളേയും ഈശ്വരനായി അഥവാ ഈശ്വരാംശമായി (ആത്മാവൈപുത്രം)—ഈശ്വരപുത്രനായി സ്വസഹോദരനായി കണ്ടു സ്നേഹിയ്ക്കുന്നതു ലക്ഷ്യപ്രാപ്തിയ്ക്ക് അത്യന്താപേക്ഷിതമാണെന്നും ഹിന്ദുക്കൾ വിശ്വസിയ്ക്കുന്നു. ഒരുവൻ അന്യനെ വെറുക്കുകയാണെങ്കിൽ ആ വെറുക്കുന്നവൻ തന്നെതന്നെയാണു വെറുക്കുന്നതെന്നും എന്തെന്നാൽ താനും ആ അന്യനും ഒരേവസ്തുതന്നെയാണെന്നും ഹിന്ദുധമ്മം പഠിപ്പിക്കുന്നു.

നാനാമതങ്ങളും ഈ പരപ്രേമവും സ്വാത്ഥരാഹിത്യവും (എവിടെ ശരിയായ പ്രേമമുണ്ടോ അവിടെ സ്വാത്ഥതാലേശമുണ്ടാകയില്ല) ആകുന്ന ആ പരമലക്ഷ്യത്തിലേക്കു ചെല്ലുന്നതിന് പലപല ആചാര്യന്മാരും പലപല കാലങ്ങളിൽ കണ്ടുപിടിച്ച വഴികളാണെന്നും, അവരുടെഭാഷ എത്രതന്നെ ഭിന്നമായിരുന്നാലും അവരാൽ പ്രകാശിപ്പിക്കപ്പെട്ട

തത്വങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങൾ പല കൈമറിഞ്ഞു് പലതരം വ്യാഖ്യാനങ്ങൾക്കു അടിമപ്പെട്ടു ഏതെല്ലാംതരത്തിൽ ഇന്നു നമുക്കു കിട്ടിയിരുന്നാലും അവയെല്ലാം ഉപദേശിക്കുന്നതു ഈ ലക്ഷ്യത്തേയും ആ ലക്ഷ്യപ്രാപ്തിക്കുള്ള വഴികളെയാണെന്നും ഓരോരുവനും അവനവന്നു മനസ്സിലാകുന്നിടത്തോളം എടുത്തു പ്രവർത്തിയ്ക്കുവാനല്ലാതെ മതമെന്നും ഈശ്വരനെന്നും ഉള്ള പേരിൽ വഴക്കുണ്ടാക്കുന്നതു്, ലക്ഷ്യത്തിൽനിന്നു അവകർഷിക്കുന്നതിന്നു് കാരണമാകുമെന്നും ഹിന്ദുധർമ്മം ഘോഷിയ്ക്കുന്നു. ലക്ഷ്യംപ്രാപിച്ചവൻ ഒരിയ്ക്കലും ദ്വേഷിയ്ക്കയില്ലെന്നും സ്നേഹപൂർണ്ണനും ദുഃഖാതീതനും സദാചാരദൃഷ്ടാന്തവും സ്വാർത്ഥരാഹിത്യസ്വരൂപനും ആയിരിയ്ക്കുമെന്നും ഈ ഗുണങ്ങളാണു് ലക്ഷ്യപ്രാപ്തന്റെ ലക്ഷണങ്ങളെന്നും ശാസ്ത്രങ്ങൾ പ്രതിപാദിക്കുന്നു.

സഹോദരന്മാരെ, ഹിന്ദുധർമ്മം ഒരു ചെറിയ ഉൾക്കടലോ അല്ല. അനേകം ഉൾക്കടലുകളേയും ചെറുസമുദ്രങ്ങളേയും കടലിടുക്കുകളെയും അടക്കിയിരിക്കുന്ന ഒരു മഹാസമുദ്രമാകുന്നു. അതിൽ ശൈവനും വൈഷ്ണവനും ശാക്തനും ഗാണപത്യനും സാകാരവാദിയും നിരാകാരവാദിയും ബൌദ്ധനും ജൈനനും ക്രിസ്ത്യാനിയും മുഹമ്മദീയനും തമ്മിൽ മുട്ടാതെ കപ്പലോടിയ്ക്കാം. എല്ലാവർക്കും ക്ലേശംകൂടാതെ ലക്ഷ്യത്തിൽ ചെന്നെത്തുകയും ചെയ്യാം. അതു ഒരു വ്യക്തിയുടെ അനുഭവത്തേയോ ചരിത്രത്തേയോ അടിസ്ഥാനമാക്കിയല്ല സ്ഥിതിചെയ്യുന്നതു്. കേവലവിശ്വാസത്തെയല്ല അതു് ഉപദേശിയ്ക്കുന്നതു്. ആയിരക്കോടി മഹർഷിമാരുടെ അനുഭവത്തിൽ അടിസ്ഥാനമുറപ്പിച്ചുകൊണ്ടു കരതലാമലകംപോലെയുള്ള ബ്രഹ്മദർശനം ഈ ലോകത്തുവെച്ചുതന്നെ അനുഭവിക്കാനുള്ള വഴിയെയാണു് അതു് പഠിപ്പിയ്ക്കുന്നതു്. സയിൻസിനോ യുക്തിയ്ക്കോ വിരുദ്ധമായ ഒന്നിനേയും ഗ്രഹിക്കാൻ അതു പറയുന്നില്ല. യുക്തിവാദിയ്ക്കും സയിൻസുകാരനും emotional man (ഹൃദയപ്രധാനിയ്ക്കു) കർമ്മിക്കും അതിൽ സ്ഥലമുണ്ടു്. സകല മതങ്ങളേയും അതു സ്നേഹിക്കുന്നു. എല്ലാ മതക്കാർക്കും അവരവരുടെ മതാചാര്യന്മാർ ഉദ്ദേശിച്ച അർത്ഥത്തിൽ അവരവരുടെ മതത്തെ അനുഷ്ഠിക്കയാണെങ്കിൽ അതതു മതത്തിലിരുന്നുകൊണ്ടുതന്നെ മുക്തി—നിത്യാനന്ദപദം നേടാൻകഴിയുമെന്നു് അതു പഠിപ്പിക്കുന്നു.

ഈ മതത്തിന്റെ ഉൽകൃഷ്ടതത്വങ്ങളെല്ലാം സത്യമാണെന്നും എല്ലാ മതങ്ങളും ഈ മതത്തിന്റെ ശാഖകളാണെന്നും ക്രിസ്ത്യാനിയായും മഹമ്മദീയനായും ബൌദ്ധനായും ജീവിച്ചു സാധനചെയ്തു തത്തല്ലക്ഷ്യം അനുഭവപ്പെട്ടുത്തിയ ഭഗവാൻ ശ്രീരാമകൃഷ്ണദേവനും തച്ഛിഷ്യനും പ്രായോഗികാദ്വൈതവാദിയും ആയ ശ്രീവിവേകാനന്ദസ്വാമികളും ഇക്കാലത്തും, ഭൌതികനാഗരികത്വത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ഇരിക്കുന്ന വെള്ളക്കാർക്കുകൂടിയും വിശ്വാസം വരുമാറു തെളിയിച്ചിരിക്കുന്നു.

ആവരുടെ വിജയപതാക ഇന്നും അമേരിയ്ക്കയിലെ ഏഴുകോട്ടകളിൽ പറക്കുന്നു. ഇപ്രകാരം വിശ്വവിജയത്തിനായി തന്റെ ദീർഘനിദ്രക്കുശേഷം പുറപ്പെട്ടു പല സ്ഥലങ്ങളിലും കോട്ടകളുറപ്പിച്ചും തടവുകാരെ പിടിച്ചും സഞ്ചാരം തുടങ്ങിയിരിക്കുന്ന ആര്യസനാതനധർമ്മത്തിന്റെ വിജയക്കൊടി ഭൂലോകമെങ്ങും ആടിക്കളിച്ച് ക്രിസ്തീയസാമ്രാജ്യത്തിലേയും മഹമ്മദീയമഹാരാജ്യങ്ങളിലേയും മഹാമേധാവികളുടെ Peace congress നുപോലും കൊടുക്കാൻ കഴിയാത്ത ശാന്തിച്ഛായ സർവ്വത്ര നൽകട്ടെ! ഉപനിഷത്തിന്റെ മൂലമന്ത്രമായ 'ശാന്തി' വ്യക്തിപരമായും സമുദായപരമായും രാഷ്ട്രപരമായും സർവ്വതഃപ്രസരിക്കട്ടെ!. മാംസമൂത്രപുരീഷനിർമ്മിതമായ ശരീരത്തിലുള്ള അഭിമാനം നിമിത്തമുണ്ടാകുന്ന ബ്രാഹ്മണാബ്രാഹ്മണ, ധനീദരിദ്ര, ശുക്ലകൃഷ്ണ, പണ്ഡിതപാമരാദി സകല മത്സരങ്ങളും ആത്മാഭിമാനത്തിൽ ശാന്തിയടയട്ടെ.

ഓം ശാന്തി.

സ്വാമി ആഗമാനന്ദ. (പി. കൃഷ്ണൻനമ്പ്യാതിരി എം. എ.)

---

# വിചാരവീചി

## മൂന്നു മഹാസമ്മേളനങ്ങൾ.

തിരുനാവായി, കോട്ടയം, കരുവാററ്, എന്നീ മൂന്നുസ്ഥലങ്ങളിലായി, ഈ മേയ് മാസത്തിൽ നടന്ന മൂന്നു സാമുദായിക മഹാസമ്മേളനങ്ങൾ, കേരളത്തെസംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട, മൂന്നു ചരിത്രസംഭവങ്ങളായി ഗണിക്കേണ്ടതാണ്. ഏതൊരുരാജ്യത്തിന്റേയും പൊതുവായ അഭിവൃദ്ധി, അതിലെ വ്യക്തിസമുദായങ്ങളുടെ വ്യക്തിപരമായ അഭിവൃദ്ധിയേയുംകൂടി ആശ്രയിച്ചാണിരിക്കുന്നതെന്നുള്ള പരമാർത്ഥം വിസ്മരിക്കാവുന്നതല്ല. ആ തത്വത്തെ ആസ്പദമാക്കിയത്രെ അടുത്തകാലങ്ങളിലായി ഭാരതമൊട്ടാകെതന്നെ ഇത്തരത്തിലുള്ള സാമുദായികസമ്മേളനങ്ങളുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത്. എന്നാൽ അവയിൽ പലതും തങ്ങളുടെ വർഗ്ഗോന്നതിയെ മാത്രം മുൻനിറുത്തിയും ചിലപ്പോൾ രാജ്യത്തിന്നെതിരായും പ്രവർത്തിച്ചുകാണുന്നത് ആശാസ്യമായിട്ടുള്ളതല്ല. രാജ്യശ്രേയസ്സിന് ബാധകമായ യാതൊരു വർഗ്ഗീയപ്രാധാന്യത്തെയും പ്രോത്സാഹിപ്പിക്കാൻ പാടുള്ളതല്ല. കരുവാററായിലെ നായർമഹാസമ്മേളനത്തിലെ അദ്ധ്യക്ഷനായ ശ്രീമാൻ സി. ഗോപാലമേനോൻ ഈ സംഗതിയെ പുരസ്കരിച്ച് പുറപ്പെ

ട്ടവിച്ച അഭിപ്രായം എത്രയും ശ്രദ്ധേയമായിട്ടുള്ളതാണു്. ആയതു്, വർഗ്ഗീയപ്രസ്ഥാനങ്ങൾ അത്യാവശ്യകങ്ങളാണെന്നും, എന്നാൽ ഇൻഡ്യയിൽ അധിവസിക്കുന്ന ഏതൊരു സമുദായക്കാരും, ആദ്യമായി തങ്ങൾ ഭാരതീയരാണെന്നും അതിനുശേഷമേ പ്രത്യേകവർഗ്ഗാംഗങ്ങളായിത്തീരുന്നുള്ളു എന്നും ഉള്ള സംഗതി എപ്പോഴും ഓർക്കേണ്ടതാണെന്നായിരുന്നു. ഈ മഹനീയാദർശത്തിനെതിരായി സമുദായപ്രമാണികളിൽ ഒരാളായ ശ്രീമാൻ മള്ളൂർ ഗോവിന്ദപ്പിള്ള സമ്മേളനമദ്ധ്യേ ഒരു പ്രസംഗംമുഖേന ചെയ്ത അഭിപ്രായപ്രകടനം യഥാർത്ഥസമുദായസ്നേഹികളും രാജ്യാഭിമാനികളുമായ യാതൊരാൾക്കും സ്വീകാര്യമായി തോന്നിയിരിക്കയില്ല, നിശ്ചയം. അദ്ദേഹത്തിന്റെ ആ പ്രസംഗത്തിനു് സഭാവാസികളിൽനിന്നും ഹസ്തതാഡനംവഴിയായി ലഭിച്ച അംഗീകാരം സമുദായാഭിപ്രായമായി കരുതാമെങ്കിൽ ആയതു് സമുദായത്തിന്റെ ശുഭഭാവിയെ സൂചിപ്പിക്കുന്ന ഒന്നല്ലാ എന്നു് നിസ്സംശയം പ്രസ്താവിക്കാവുന്നതാണു്. എന്നാൽ ആ ഹസ്തതാഡനം ഒരൊന്നാംതരം അഭിഭാഷകന്റെനിലയിൽ പ്രാസംഗികനുള്ള വാചാലതയ്ക്കും ഫലിതസാമർത്ഥ്യത്തിനും അദ്ദേഹത്തിനു് ശ്രോതാക്കൾ നൽകിയ അനുമോദമൊ അഭിനന്ദനമൊ ആയി മാത്രമെ വിചാരിക്കേണ്ടതുള്ളു എന്നാണു് ഞങ്ങളുടെ അഭിപ്രായം. സമ്മേളനനടപടികളെ ക്രൂലംകഷമായി വിമർശിക്കണമെന്നു് ഞങ്ങൾക്കുദ്ദേശമില്ല. കുറേക്കാലമായി ഇതുമാതിരിയുള്ള നായർസമ്മേളനങ്ങൾ കേരളത്തിൽ ഉണ്ടായിട്ടില്ല. പുതിയ നായർനിയമങ്ങൾമൂലം തിരുവിതാങ്കൂറും കൊച്ചിയും ആ സമുദായത്തെ സംബന്ധിച്ചിടത്തോളം ഏററവും പ്രധാനപ്പെട്ട ഒരു തിരിവുഘട്ടത്തിൽപെട്ടിരിക്കയാണു്. ഈയവസരത്തിൽ സമുദായനേതാക്കന്മാരെല്ലാവരും ഒത്തൊരുമിച്ചു് പുതിയ മാററം പൊതുവായി സമുദായത്തിനു് നേരിട്ടേക്കാവുന്ന വിപത്തുകളിൽനിന്നും അതിനെ രക്ഷിക്കുന്നതിനായി നിസ്വാർത്ഥം പ്രയത്നിക്കേണ്ടതു് അവരുടെ ഒഴിച്ചുകൂടാൻപാടില്ലാത്ത ഒരു ധർമ്മമത്രെ. എന്നാൽ അതോടുകൂടി കേരളത്തിലെ ഒരു വലിയ വിഭാഗം നായന്മാർ അധിവസിക്കുന്ന മലബാർ ഇന്നും അജ്ഞതയിലും അന്ധതയിലും കിടന്നുഴലുന്നതിനെപ്പററി അവിടത്തെ നായർവീരന്മാർ ഒന്നും ശ്രദ്ധിക്കാതിരിക്കുന്നതോർക്കുമ്പോൾ കേരളീയനായർസമുദായാഭിവൃദ്ധിക്കുവേണ്ടി തീവ്രയത്നംചെയ്തുകൊണ്ടിരിക്കുന്ന നായർസർവ്വീസ് സൊസൈററിക്കു് അതുസംബന്ധമായി വലിയൊരു ചുമതല ഉണ്ടെന്നുള്ള സംഗതി ഈയവസരത്തിൽ അവരെ അനുസ്മരിപ്പിക്കാതിരിക്കാൻ തരമില്ല. കരുവാററാസമ്മേളനത്തിൽ മലബാറിൽനിന്നും കുറെ പ്രമാണികൾ സന്നിഹിതരായിരുന്നതായി കാണുന്നു. തിരുവിതാങ്കൂർനായന്മാരുടെയിടയിലുണ്ടായിട്ടുള്ള സാമുദായികമായ ഉണർവ്വു് അവർക്കു് ഒരു മാർഗ്ഗദർശിയായിത്തീരാൻ ഇനിയെങ്കിലും ഇടവരട്ടെ.

എസ്. എൻ. ഡി. പി. യോഗം സംഖ്യാബലംകൊണ്ടും മററു പലേ വിധത്തിലും കേരളത്തിലെ വമ്പിച്ച സമുദായങ്ങളിൽ ഒന്നിന്റെ വകയായുള്ള ഒരു സാമുദായികസ്ഥാപനമാകുന്നു. ഈഴവനെന്നും ചോവനെന്നും തീയനെന്നും വിവിധനാമങ്ങളാൽ അറിയപ്പെടുന്ന ഈ വർഗ്ഗക്കാർക്കു സാമുദായികമായി അടുത്ത കാലങ്ങളിലുണ്ടായിട്ടുള്ള സർവ്വപ്രകാരേണയുള്ള അഭിവൃദ്ധിയും പ്രസ്തുത സ്ഥാപനത്തിന്റെ പേരിലുണ്ടായിട്ടുള്ള സംരംഭങ്ങളുടെ ഫലങ്ങൾ മാത്രമാണെന്നുള്ളത് സുപ്രസിദ്ധമത്രെ. ഇക്കൊല്ലം കോട്ടയത്തുവച്ചുണ്ടായ അതിന്റെ വാർഷികസമ്മേളനത്തെ ചരിത്രപ്രധാനമാക്കിത്തീർത്തിട്ടുള്ളത്, സർവ്വഭാരതീയരുടേയും, വിശേഷിച്ച് ഹിന്ദുസമുദായത്തിന്റെ ആരാധനാമൂർത്തിയും അദ്വിതീയനേതാവുമായ പണ്ഡിതമദനമോഹനമാളവ്യയുടെ സാന്നിദ്ധ്യത്തിൽ നടന്ന ക്ഷേത്രപ്രവേശനമഹായോഗമത്രെ. ഇതോടുകൂടി അവർണ്ണഹിന്ദുസമുദായത്തിന്റെ ക്ഷേത്രപ്രവേശനാവകാശം, കേരളത്തെസംബന്ധിച്ചിടത്തോളം ഒരു പ്രധാനപ്രശ്നമായിത്തീർന്നിട്ടുണ്ടെന്നു ഞങ്ങൾ വിചാരിക്കുന്നു. അതിനെപ്പററി അസന്നിഗ്ദ്ധമായ ഭാഷയിൽ മാളവ്യജി പുറപ്പെടുവിച്ചിട്ടുള്ള അഭിപ്രായം ഏതൽപ്രസ്ഥാനത്തിന് വലിയ ശക്തിയും ജീവനും ഉണ്ടാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതു് നിരാക്ഷേപമായ സംഗതിയാണ്. എന്നാൽ ആ വന്ദ്യനേതാവിന്റെ പ്രസംഗത്തെ സഭാവാസികളായ വളരെ സമുദായപ്രമാണികളും അവരുടെ അനുയായികളായ ഒട്ടനേകം ശ്രോതാക്കളും സ്വീകരിച്ച രീതിയെപ്പററി ആലോചിക്കുമ്പോൾ ആയയത് ഏതൊരു സമുദായസ്നേഹിക്കും മർമ്മഭേദകമാണെന്നു പറയാതിരിക്കാൻ തരമില്ല. ഇന്നത്തെ ഹിന്ദുസമുദായത്തിന്റെ, പ്രത്യേകിച്ച് കേരളഹിന്ദുസമുദായത്തിന്റെ ഭാവിയിലെ ഐശ്വര്യവും അഭിവൃദ്ധിയും അതിലെ അധഃകൃതവിഭാഗത്തിന്റെ ഉയർച്ചയിലാണ് സ്ഥിതിചെയ്യുന്നതെന്നുള്ളതിന് സംശയമില്ല. എന്നാൽ ആ അധഃകൃതോദ്ധാരണം നിർവ്വഹിക്കേണ്ടത്, സവർണ്ണരുടേയും അവർണ്ണരുടേയും ഏകോപിച്ചുള്ള പരിശ്രമഫലമായിരിക്കണമെന്ന വസ്തുതയും ഒരിക്കലും വിസ്മരിക്കാൻ പാടുള്ളതല്ല. സമീപകാലങ്ങളിലായി ഈഴവനേതാക്കന്മാരുടേയും വിവിദ്യാസമ്പന്നരായ മററു സമുദായാംഗങ്ങളുടേയും പ്രവൃത്തിയും പ്രസംഗങ്ങളും ഈ ഇരുകൂട്ടരുടേയും സൌഹാർദ്ദതയെ ഭഞ്ജിക്കുന്നതിന് പര്യാപ്തമായി തീർന്നിട്ടുണ്ടെന്ന് പറയാതെ നിർവ്വാഹമില്ല. അധഃകൃതോദ്ധാരണത്തിന് ഏററവും ആധാരമായി നിൽക്കേണ്ടത് അധഃകൃതരുടെ സ്വാശ്രയശക്തിതന്നെ. എന്നാൽ അതിന് സഹോദരസമുദായങ്ങളുടെ സഹായസഹകരണങ്ങളും അത്യന്താപേക്ഷിതമത്രെ. ഈ പരമാർത്ഥം ഈഴവനേതാക്കന്മാർ മനസ്സിലാക്കാതിരിക്കുന്നത് കഷ്ടാൽകഷ്ടതരമെന്നേ പറവാനുള്ളൂ.

തിരുനാവായിലെ ഹിന്ദുമഹാസമ്മേളനം കേരളചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായത്തെ കുറിക്കുന്ന ഒരു സംഭവമത്രെ. ദുഷിച്ച ജാതി ഏർപ്പാടുമൂലം ഹിന്ദുസമുദായത്തിന് നേരിട്ടിട്ടുള്ള മഹാവിപത്തുകൾ അവയുടെ ഏററവും ഭയങ്കരരൂപത്തിൽ കേരളത്തെപ്പോലെ ഇൻഡ്യയിൽ മറെറങ്ങും കാണാൻ സാധിക്കുകയില്ല. അവയെ ഇല്ലാസ്സ ചെയ്ത് സമുദായത്തെ ഐശ്വര്യപന്ഥാവിൽകൂടി ചരിപ്പിക്കണമെങ്കിൽ വിപുലവും വിസ്തൃതവുമായ സമുദായസംഘടന അത്യാവശ്യമാണ്. ആ സംഘടനയെ ആസ്പദമാക്കിയാണ് കേരളഹിന്ദുമഹാസഭ സ്ഥാപിച്ചിട്ടുള്ളതെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഈ സ്ഥാപനത്തെപ്പററി മററു ചില സമുദായക്കാർ പ്രദർശിപ്പിച്ചുകാണുന്ന ഭീതി അടിസ്ഥാനരഹിതവും ആക്ഷേപാർഹവുമാകുന്നു. മഹാസഭയുടെ കാര്യപരിപാടിയിൽ ക്ഷേത്രപ്രവേശനം തുടങ്ങി അധഃകൃതോദ്ധാരണാർത്ഥം അംഗീകരിക്കപ്പെട്ടിട്ടുള്ള പ്രമേയങ്ങൾ കഴിയുന്നതും വേഗത്തിൽ ഫലപ്രദമായിതീരുന്നതിനും തൻമൂലം സ്ഥാപനം മേല്ക്കുമേൽ അഭിവൃദ്ധിയെ പ്രാപിക്കുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു.

---

ഇതോടുകൂടി അരുണോദയത്തിൻെറ 2-ാംവാല്യം തികഞ്ഞു. അടുത്ത വാല്യംമുതൽ മാസിക കുറേകൂടി പരിഷ്കരിക്കേണ്ടതിലേക്ക് ആലോചനകൾ ചെയ്തു വരികയാണ്. മാന്യവരിക്കാരുടെ സഹായസഹകരണങ്ങൾ ഞങ്ങൾക്കുണ്ടാകുമെങ്കിൽ അടുത്ത ലക്കം മാസിക (പുതുവത്സരപ്രതി) മുഴുവൻപരിഷ്കാരങ്ങളോടുംകൂടി പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

അ. പ്ര.

# വിഷയാനുക്രമണിക.

1. അരുണോദയം (പദ്യം) 1.
(കട്ടമത്തുകുന്നിയൂര് കുഞ്ഞികൃഷ്ണകുറുപ്പ്)
2. പുരാതനാര്യന്മാരും കടലുകടന്നുള്ള കച്ചവടവും (ഗദ്യം) 2.
(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. എ. എസ്സ്)
3. ചില പഴഞ്ചൊൽകഥകൾ (ഗദ്യം) 16, 70, 117, 185, 338, 380
541.
(വി. ടി. ശങ്കുണ്ണിമേനോൻ.)
4. പുഷ്പഗീതം (പദ്യം) 20.
(വിദ്വാൻ, ജി. ശങ്കരക്കുറുപ്പ്)
5. ജ്ഞാനം (ഗദ്യം) 21.
(അമ്പാടി നാരായണിപുതുവാൾസ്യാർ)
6. ഇതെന്തൊരു "ലോകം" (ഗദ്യം) 29.
(കൊട്ടുങ്കാററ്)
7. എൻെറ സ്തോത്രം (പദ്യം) 33.
(കല്ലന്മാർതൊടി രാമുണ്ണിമേനോൻ)
8. കഴിഞ്ഞകഥ (ഗദ്യം) 34, 68, 132, 248, 414, 553.
(ദേവീദാസൻ.)
9. വിചാരവീചി 37, 81, 134, 214, 274, 341, 393, 454, 504, 565, 621.
10. വിമൎശവീഥി 82, 147, 232, 280, 399, 509, 567.
11. വിജ്ഞാനസൌധം 40, 86, 136, 220, 287, 345, 402, 456,
511, 568, 614.
12. ശ്രീകൃഷ്ണവിലാസകഥാസാരം (പദ്യം) 46, 114, 180, 238, 306.
13 ദ്രോണവധത്തിൽ ശ്രീകൃഷ്ണയുധിഷ്ഠിരന്മാരുടെ വഞ്ചന (അസത്യവാദം) പ്രക്ഷിപ്തമാണ് (ഗദ്യം) 49, 106, 165.
(പി. ശേഷാദ്രി അയ്യർ ബി. ഏ. ബി എൽ.)
14. കേരളീയരുടെ താൽക്കാലികസ്ഥിതി (ഗദ്യം) 55.
കീഴേടത്ത് വാസുദേവൻ (വിദ്യാൎത്ഥി)
15. ഗംഗാദേവി (ഗദ്യം) 62.
(എം. സുന്ദരേശമേനോൻ ബി. ഏ.)
16. പട്ടിണിക്കൂട്ടുകൾ (പദ്യം) 66.
(വെണ്ണിക്കുളം വിദ്വാൻ സി. എൻ. ഗോപാലക്കുറുപ്പ്.)
17. ആചാരങ്ങൾ (ഗദ്യം) 77.
(വി. കെ. യം.)
18. രാജയോഗിനി (പദ്യം) 100, 154, 258, 323.
വി. ഉണ്ണികൃഷ്ണൻ നായർ ബി. ഏ.

19. ജീവിതതത്വനിരൂപണം (ഗദ്യം) 103.
(എം. സുന്ദരേശമേനോൻ ബി. ഏ.)
20. ഒരുകൂട്ടം ഗ്രന്ഥങ്ങൾ (ഗദ്യം) 120.
(മൂതുകുളം ഗോപാലപിള്ള)
21. ഹിരണ്യകശിപുവിൻെറ പുത്രവാത്സല്യം (ഗദ്യം) 126.
(വി. കെ. യം.)
22. ഓണമംഗളം (പദ്യം) 130.
(സി. എ. മേനോൻ ബി. ഏ.)
23. ശാസ്താവ് (ഗദ്യം) 150.
(വട്ടോളി കോമ്മമേനോൻ.)
24. നിഷ്കാമകമ്മം (ഗദ്യം) 161.
(എം. സുന്ദരേശമേനോൻ ബി. ഏ.)
25. പേർപരത്തിയ പത്രാധിപർ (ഗദ്യം) 171.
(രാമപുരം കുമാരപിള്ള)
26. ജസ്റ്റിയുടെ കോട്ട് (ഗദ്യം) 1 8. 201.
(കെ. സുകുമാരൻ, ബി. ഏ.)
27. വഞ്ചിതയായ സരള (പദ്യം) 195.
(കെ. ജി. പി.)
28. അത്ഥാലങ്കാരനിരൂപണം (ഗദ്യം) 242, 366, 436, 475, 546, 596.
(പി. കൃഷ്ണൻനായർ, വ്യാകരണസാഹിത്യശിരോമണി.)
29. ഹരിഃശ്രീഗണപതയെ നമഃ (ഗദ്യം) 253.
(കന്നത്ത്. ജനാർദ്ദനമേനോൻ)
30. ലീലാവിമർശം (ഗദ്യം) 262, 338.
ഡി. പത്മനാഭനുണ്ണി ബി. ഏ.
31. നരൻെറ ശക്തി നാരി (പദ്യം) 274.
പള്ളത്ത് രാമൻ.
32. ശ്രീരാമകൃഷ്ണശക്തിഷോഡശി (പദ്യം) 298.
കട്ടമത്ത് കന്നിയ്യൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്.
33. മലയാളഭാഷയിലെ ലിപിപരിഷ്കാരം (ഗദ്യം) 300.
കെ. വി. യം.
34. ഹിന്ദുക്കളുടെ ഉപാസനാരഹസ്യം (ഗദ്യം) 308, 385, 494, 608.
പി. ശേഷാദ്രി അയ്യർ ബി. ഏ. ബി. എൽ.
35. മഞ്ജുള (ഗദ്യം) 317.
കെ. വി. ശങ്കരൻ നായർ, എം. ഏ.
36. സംഗീതം ചക്രം തമ്പുരാൻ (ഗദ്യം) 354.
പി. സി. മാനവിക്രമൻ രാജാ, ബി. ഏ. എൽ. ടി.
37. പുഷ്പഗീതം (പദ്യം) 363.
വി. ഉണ്ണികൃഷ്ണൻ നായർ ബി. ഏ.
38. നചികേതസ്സ് (ഗദ്യം) 375, 483.
കട്ടമത്ത് കന്നിയ്യൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്.

39. ഒരു സ്മരണ (പദ്യം) 382.

ജി. ശങ്കരക്കുറുപ്പ്.

40. അക്രൂരന്റെ അമ്പാടിയിലേക്കുള്ള യാത്ര (പദ്യം) 410.

41. മതവും ശാസ്ത്രവും (ഗദ്യം) 416.

വി പി. രാമൻ മേനോൻ.

42. പുലിയൻകുന്നിലെ വേട്ട (ഗദ്യം) 4[illegible], 471, 561.

ശ്രീമതി, കടത്തനാട്ട് കെ. മാധവി അമ്മ.

43. കൈരളീപ്രാർത്ഥന (പദ്യം) 434, 497.

കുട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ്.

44. മലയാളികളുടെ രണ്ടാംകത്ത് (ഗദ്യം) 448, 499.

എം. കെ. ഗോപാലപിള്ള.

45. ഒരു നിരീക്ഷണം (പദ്യം) 465.

ഓടാട്ടിൽ കേശവമേനോൻ.

46. എന്റെ കവിതാനിർമ്മാണം (ഗദ്യം) 521.

കെ. വി. യം.

47. വടക്കൻപാട്ടുകൾ (ഗദ്യം) 528.

ചേലനാട്ട് അച്യുതമേനോൻ ബി. ഏ.

48. മോഹം (പദ്യം) 553.

49. ഇന്നത്തെ പ്രേമഗീതികൾ (ഗദ്യം) 577.

കെ. ബി. അയ്യർ റസ്സൻ.

50. ഒരു ഉദ്ബോധനം (പദ്യം) 585.

നമ്പ്യാരുവീട്ടിൽ നാരായണമേനോൻ.

51. അവളെങ്ങോപോയി (ഗദ്യം) 589.

കന്നത്തു ജനാർദ്ദനമേനോൻ.

52. ഒരു ചണ്ഡാളൻ (പദ്യം) 599.

ഇടപ്പള്ളി ശ്രാമ്പിക്കൽ പത്മനാഭമേനോൻ.

53. ലീലാവിമർശം (ഗദ്യം) 642.

വി കുഞ്ഞിക്കണ്ണൻ.


UNIVE... 5 SEP 1934